33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 1, 2025 Vol. XXXIII No. 36

3 തുരങ്കപാത നിർമാണത്തിന് തുടക്കം
4 രാഹുൽ ഗാന്ധി നയിച്ച മാർച്ച് പോലീസ് തടഞ്ഞു
9 കേരളാ ക്ലബിന്റെ ഓണാഘോഷം
10 സീറോമലബാർ സഭയ്ക്ക് നാല് പുതിയ അതിരൂപതകൾ
15 അയ്യായിരം പേർക്ക് ഓണസദ്യ ഒരുക്കുന്നു

# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ ഗ്ലാഡിയേറ്റേഴ്സ് കാനഡായ്ക്ക് അട്ടിമറി വിജയം



**ജോസ് കണിയാലി**

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബ് സംഘടിപ്പിച്ച അന്താരാഷ്ട്ര വടംവലി മത്സരത്തിൽ ഗ്ലാഡിയേറ്റേഴ്സ് കാനഡയ്ക്ക് അട്ടിമറി ജയം. കോട്ടയം ബ്രദേഴ്സ് കാനഡാ രണ്ടാം സ്ഥാനവും തൊടുകൻസ് യു.കെ. മൂന്നാം സ്ഥാനവും (ജോമോൻ തൊടുകയിൽ സ്പോൺസർ) അരീക്കര അച്ചായൻസ് ചിക്കാഗോ നാലാം സ്ഥാനവും കരസ്ഥമാക്കി. വനിതകളുടെ വടംവലി മത്സരത്തിൽ ആഹാ ഡാർലിംഗ്സ് ജേതാക്കളായി.

ആവേശകരമായ മത്സരങ്ങൾക്ക് ആയിരക്കണക്കിന് കാണികൾ ആവേശം പകർന്നു. ഒന്നാം സമ്മാനം നേടിയ ഗ്ലാഡിയേറ്റേഴ്സ് കാനഡായുടെ സ്പോൺസർ കുളങ്ങര ഫാമിലിയാണ്.

(ശേഷം 28-ാം പേജിൽ)



## ഓണാശംസകൾ

**ഓർമകളുടെ ഒരായിരം വർണ കാഴ്ചകളുമായി ഒരു പൊന്നോണം കൂടി വരവായി. ലോകമെമ്പാടുമുള്ള മലയാളികൾ ജാതി മത ഭേദമന്യേ ആഘോഷിക്കുന്ന ഉത്സവമാണല്ലോ ഓണം. നന്മകളും സന്തോഷവും നിറഞ്ഞ ഈ വിളവെടുപ്പുത്സവത്തിൽ കേരളാ എക്സ്പ്രസ്സിന്റെ എല്ലാ മാന്യവായനക്കാർക്കും സമ്പദ്സമൃദ്ധവും ഐശ്വര്യപൂർണവുമായ തിരുവോണാശംസകൾ നേരുന്നു.**

# ഭീകരതയെ ഒറ്റക്കെട്ടായി നേരിടണം: മോദി

ടിയാൻജിൻ: 25-ാമത് ഷാങ്ഹായ് ഉച്ചകോടിയിൽ സൗഹൃദം പങ്കിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനീസ് പ്രസിഡണ്ട് ഷി ജിൻപിങ്ങും റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുട്ടിനും. പാക് ഭീകരർ പഹൽഗാമിൽ നടത്തിയ ആക്രമണത്തെ പരാമർശിച്ച് ഭീകരതയ്ക്കെതിരെ ഷാങ്ഹായ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസംഗിച്ചു.

ഇന്ത്യ ഭീകരവാദത്തിനെതിരെ ഉറച്ച നിലപാടെടുക്കണം. ഭീകരവാദം മാനവരാശിക്ക് ഭീഷണിയാണെന്നും ഭീകരസംഘടനകളെ ഒറ്റക്കെട്ടായി നേരിടാൻ ലോകരാജ്യങ്ങൾ ഒന്നിക്കണമെന്നും മോദി പറഞ്ഞു. മോദിയും പുട്ടിനും ഒരുമിച്ചാണ് വേദിയിലെത്തിയത്.



പാക്ക് പ്രധാനമന്ത്രി ഷഹബാസ് ഷരീഫിനെ പ്രധാനമന്ത്രി നരേന്ദ്രമോദിയും പുട്ടിനും അവഗണിച്ചു.

റഷ്യയിൽനിന്ന് എണ്ണ ഇറക്കുമതി ചെയ്യുന്നു എന്ന് ആരോപിച്ചാണ് അമേരിക്ക ഇന്ത്യക്ക് 50 ശതമാനം തീരുവ ചുമത്തിയത്. ഇതിനുശേഷം നടക്കുന്ന ആദ്യ കൂടിക്കാഴ്ചയാണിത്. യുക്രെയ്ൻ-റഷ്യ യുദ്ധത്തിന് പിന്നിൽ ഇന്ത്യയാണെന്നാണ് അമേരിക്കയുടെ ആരോപണം. ഇന്ത്യ-ചൈന-റഷ്യ ബന്ധം ശക്തിപ്പെടുന്നത് നിലവിലെ ആഗോള സാഹചര്യത്തിൽ നിർണായകമാണ്.

ഉയർന്ന തീരുവ ചുമത്തി ഇന്ത്യക്കുനേരെ

(ശേഷം 34-ാം പേജിൽ)


# അഫ്ഗാനിസ്ഥാനിൽ വൻ ഭൂചലനം; നൂറിലേറെ മരണം

കാബൂൾ: തെക്കു കിഴക്കൻ അഫ്ഗാനിസ്ഥാനിൽ 6.0 തീവ്രത രേഖപ്പെടുത്തിയ വൻ ഭൂചലനം. 250-ൽ അധികം പേർ മരിച്ചുവെന്നാണ് താലിബാനെ ഉദ്ധരിച്ചുവന്ന റിപ്പോർട്ടുകൾ. നൂറിലേറെപ്പേർ മരിച്ചുവെന്ന് രാജ്യാന്തര വാർത്താ ഏജൻസികളും റിപ്പോർട്ടു ചെയ്യുന്നുണ്ട്. കുനാർ പ്രവിശ്യയിലെ നൂർ ഗാൽ, സാവ്കി, വാട്പുർ, മനോഗി, ചപദാര ജില്ലകളിലാണ് മരണം ഉണ്ടായിരിക്കുന്നതെന്ന് അഫ്ഗാനിസ്ഥാന്റെ ഇൻഫർമേഷൻ മന്ത്രാലയം തുർക്കിയുടെ വാർത്താ ഏജൻസിയായ അനഡോലുവിനോട് അറിയിച്ചു. ഭൂമിക്കടിയിൽ 10 കിലോമീറ്റർ ആഴത്തിലാണ് ഭൂകമ്പം ഉണ്ടായിരിക്കുന്നതെന്ന് ജർമൻ റിസർച്ച് ഫോർ ജിയോസയൻസസ് (ജിഎഫ്സെഡ്) അറിയിച്ചു. ബസാവുലിന്റെ വടക്ക് 36 കി.മീ. മാറിയാണ് പ്രഭവകേന്ദ്രം. ഞായറാഴ്ച പ്രാദേശിക സമയം രാത്രി 11.47-നായിരുന്നു (ഇന്ത്യൻ സമയം തിങ്കളാഴ്ച പുലർച്ചെ 12.47-ന്) ഭൂകമ്പം ഉണ്ടായത്. തലസ്ഥാനമായ കാബൂൾ മുതൽ 370 കിലോമീറ്റർ അകലത്തിലുള്ള പാക്കിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദ് വരെ സെക്കൻഡുകളോളം കുലുങ്ങി.

അതിഭീകര ഭൂകമ്പങ്ങൾക്ക് സാദ്ധ്യതയേറിയ മേഖലയാണ് അഫ്ഗാനിസ്ഥാൻ. പ്രത്യേകിച്ച്, ഇന്ത്യൻ-യുറേഷ്യൻ ടെക്ടോണിക് പ്ലേറ്റുകൾ കൂടിച്ചേരുന്ന ഹിന്ദുക്കുഷ് പാർവതമേഖലകളിൽ.

Visit Our Website: www.keralaexpress.com







# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

# വയനാട് തുരങ്കപാത നിർമാണത്തിന് തുടക്കം

തിരുവമ്പാടി: പതിറ്റാണ്ടുകളായി വയനാട്ടിലേക്കുള്ള യാത്രാദുരിതത്തിന് പരിഹാരമായി ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമാണത്തിന് തുടക്കമിട്ടു. ഇന്ത്യയിലെ ഏറ്റവും ദൈർഘ്യമേറിയ മൂന്നാമത്തെ തുരങ്കപാതയുടെ നിർമാണം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

ചുരത്തിനുമുകളിൽ വഴിമുട്ടിയ ജനതയാവാൻ വിധിക്കപ്പെട്ട വയനാട്ടുകാരും കോഴിക്കോടിന്റെ മലയോരമേഖലയിൽനിന്നുള്ള നൂറുകണക്കിന് പേരും ആ ചരിത്രത്തിന് സാക്ഷിയായി. നാലുവർഷംകൊണ്ട് പൂർത്തീകരിക്കുകയെന്ന കടമ്പ കടന്നാൽ 2029-ൽ സ്വർഗംകുന്ന് കടന്ന്, ഗതാഗതക്കുരുക്കിൽ കാത്തുകെട്ടിക്കിടക്കാതെ വയനാട്ടിലെത്താം. കേരളത്തിന്റെ വ്യാപാര, വാണിജ്യ, ടൂറിസം മേഖലകൾക്ക് പുതിയ കുതിപ്പേകുന്ന പദ്ധതി താമരശ്ശേരി ചുരം വഴിയുള്ള ഗതാഗത പ്രശ്നങ്ങൾക്കു ശാശ്വത പരിഹാരമായിരിക്കും. നിർമാണം പൂർത്തിയാകുമ്പോൾ കേരളത്തിലെ ഏറ്റവും നീളം കൂടിയ തുരങ്കപാതയാകും. ഇന്ത്യയിലെ തന്നെ ഏറ്റവും ദൈർഘ്യമുള്ള മൂന്നാമത്തെ തുരങ്കപാതയും. പൂർണമായും സംസ്ഥാന സർക്കാർ ഫണ്ട് ചെയ്യുന്ന പദ്ധതിക്കായി കിഫ്ബി മുഖാന്തരം 2,143 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണു നൽകിയിട്ടുള്ളത്.

വയനാട്ടുകാരുടെ ദീർഘകാലമായുള്ള സ്വപ്നത്തിന്റെ സാഫല്യമാണിതെന്നും മലബാറിന്റെ വ്യാപാര വാണിജ്യ ടൂറിസം മേഖലയ്ക്ക് പുതിയ കുതിപ്പാകുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മന്ത്രി പി.എ. മുഹമ്മദ് റിയാസ് അദ്ധ്യക്ഷനായി. മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, എ.കെ. ശശീന്ദ്രൻ, ഒ.ആർ. കേളു, എംഎൽഎമാരായ ലിന്റോ ജോസഫ്, ടി. സിദ്ദിഖ്, പി.ടി.എ. റഹിം, താമരശ്ശേരി രൂപതാബിഷപ്പ് റെമിജിയോസ് ഇഞ്ചാനിയിൽ എന്നിവരും സംസാരിച്ചു.




ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.

# വിദ്യാർത്ഥികളുടെ മാനസികാരോഗ്യ സംരക്ഷണത്തിന് പദ്ധതി

കൊച്ചി: വിദ്യാർത്ഥികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളും ലഹരി ഉപയോഗവും ഫലപ്രദമായി നേരിടാനുള്ള പുതിയ കർമ പദ്ധതിയുമായി പൊതുവിദ്യാഭ്യാസ വകുപ്പ്. കുട്ടികളെ കൂടുതൽ അറിയാവുന്നത് അദ്ധ്യാപകർക്ക് തന്നെ ആയതിനാൽ അദ്ധ്യാപകരെ പ്രാഥമിക കൗൺസിലർമാരാക്കി മാറ്റുന്നതിനുള്ള സമഗ്ര കർമ പദ്ധതിക്കാണ് വിദ്യാഭ്യാസ വകുപ്പ് രൂപം നൽകിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി അദ്ധ്യാപകർക്ക് മൂന്ന് തലങ്ങളിലായി പരിശീലനം നൽകും. ആദ്യഘട്ടത്തിൽ വിവിധ വകുപ്പുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 200 പേർക്കാണ് പരിശീലനം നൽകുന്നത്. ഇതിൽ ആദ്യ ബാച്ചിലെ 100 പേരുടെ പരിശീലനം പൂർത്തിയായി. വനിതാ ശിശുവികസന വകുപ്പിലെ സ്കൂൾ കൗൺസിലർമാർ, സൗഹൃദ കോ-ഓർഡിനേറ്റർമാർ, കരിയർ ഗൈഡൻസ് കോ-ഓർഡിനേറ്റർമാർ, ഹൈസ്കൂൾ അദ്ധ്യാപകർ, ഡയറ്റ് കൗൺസിലർമാർ എന്നിവരാണ് സംഘത്തിലുള്ളത്. സംസ്ഥാനതല പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ മൂന്ന് ദിവസത്തെ പരിശീലനം നടക്കും. ഈ ഘട്ടത്തിൽ ഏകദേശം 4239 അദ്ധ്യാപകർക്ക് പരിശീലനം നൽകും. ജില്ലാതലത്തിൽ പരിശീലനം ലഭിച്ച മാസ്റ്റർ ട്രെയിനർമാർ തുടർന്ന് സ്കൂൾ തലത്തിൽ പരിശീലനം നൽകും. ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗങ്ങളിലെ എല്ലാ അദ്ധ്യാപകർക്കും മൂന്നു ശനിയാഴ്ചകളിലായി ഈ പരിശീലനം നൽകും. ഏകദേശം 8000 അദ്ധ്യാപകർക്ക് ഈ ഘട്ടത്തിൽ പരിശീലനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ശിൽപ്പശാലകളിൽ കൗൺസിലിംഗിന്റെ സൈദ്ധാന്തിക വശങ്ങളും അദ്ധ്യാപകരുടെ മാനസിക സമ്മർദം എങ്ങനെ നിയന്ത്രിക്കാമെന്നതിനെക്കുറിച്ചുള്ള പ്രായോഗിക പരിശീലനവും രണ്ടു ഘട്ടമായി നടക്കും.

# പാക് പൗരത്വം റദ്ദാക്കാതെ ഇന്ത്യൻ പൗരത്വം അനുവദിക്കാനാകില്ല: ഹൈക്കോടതി

കൊച്ചി: പാകിസ്താൻ പൗരത്വമുള്ള കേരളത്തിൽ ജനിച്ച പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കു പൗരത്വം നൽകാനാവില്ലെന്നു ഹൈക്കോടതി. പാകിസ്താന്റെ പാസ്പോർട്ട് റദ്ദാക്കിയാൽ മാത്രം പൗരത്വം അനുവദിക്കാനാവില്ല. പൗരത്വം റദ്ദാക്കിയ രേഖകൾ ഹാജരാക്കിയാൽ മാത്രമേ അപേക്ഷ പരിഗണിക്കാനാവൂയെന്നും കോടതി വ്യക്തമാക്കി.

കണ്ണൂരിൽ ജനിച്ച പാകിസ്താൻ പൗരത്വമുള്ള രണ്ടു പ്രായപൂർത്തിയാകാത്തവർക്കു പാക് പൗരത്വം റദ്ദാക്കാതെ ഇന്ത്യൻ പൗരത്വം അനുവദിച്ച സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ കേന്ദ്ര സർക്കാരാണു ഹൈക്കോടതിയെ സമീപിച്ചത്. സുമൈറ മറൂഫ്, മറിയം മറൂഫ് എന്നിവർക്കാണു സിംഗിൾ ബെഞ്ച് പൗരത്വം അനുവദിച്ചത്. ഇവരുടെ പിതാവ് മുഹമ്മദ് മറൂഫ് കണ്ണൂരിലെ കോട്ടയം മലബാറിലാണ് ജനിച്ചത്. ഒൻപതാം വയസിൽ അനാഥനായ മറൂഫിനെ പാകിസ്താനിലുള്ള അമ്മൂമ്മ ദത്തെടുക്കുകയായിരുന്നു. 1977-ൽ ഇയാൾ അമ്മൂമ്മയ്ക്കൊപ്പം പാകിസ്താനിലേക്ക് പോയി. തുടർന്ന് പാകിസ്താൻ പാസ്പോർട്ട് ഉൾപ്പെടെ അനുവദിച്ചു കിട്ടി. മറൂഫ് ഇപ്പോൾ യുണൈറ്റഡ് അറബ് എമിറേറ്റ്സിൽ ജോലി ചെയ്യുകയാണ്. 2008-ൽ ഇന്ത്യയിൽ താമസിക്കാൻ മറൂഫിന്റെ കുടുംബത്തിന് ഇന്ത്യൻ സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് ഇവർ ഇവിടേക്ക് താമസം മാറുകയായിരുന്നു. ഒരു പ്രത്യേക കാലപരിധിയിലേക്കുമാത്രമായിരുന്നു ഈ അനുമതി. പിന്നീട് കാലാകാലങ്ങളിൽ ഇത് നീട്ടിക്കൊണ്ടുപോകുകയായിരുന്നു എന്നാണ് കോടതി ഉത്തരവിൽ പറയുന്നത്.

പാകിസ്താൻ പൗരത്വ നിയമത്തിലെ സെക്ഷൻ 14 എ പ്രകാരം പ്രായപൂർത്തിയാകാത്തവർക്ക് പൗരത്വം ഉപേക്ഷിക്കാൻ അനുവാദമില്ല. അതിനാൽ ഇന്ത്യൻ പൗരത്വം നൽകുന്നതിൽ എതിർപ്പില്ലെന്ന് വ്യക്തിമാക്കിക്കൊണ്ടുള്ള പാകിസ്താൻ ഹൈക്കമ്മീഷനിൽനിന്നുള്ള സർട്ടിഫിക്കറ്റുകളും പാസ്പോർട്ടുകളും ഇവർ സമർപ്പിച്ചിരുന്നു.

എന്നാൽ, ജസ്റ്റിസ് ശുശ്രുത് അരവിന്ദ് ധർമാധികാരി, ജസ്റ്റിസ് ശ്യാംകുമാർ വി.എം. എന്നിവർ അടങ്ങിയ ഡിവിഷൻ ബെഞ്ച് പാസ്പോർട്ട് സമർപ്പിച്ചത് കൊണ്ടു മാത്രം കാര്യമില്ലെന്ന് വ്യക്തമാക്കി. പാക് പൗരത്വം റദ്ദാക്കാതെ ഇന്ത്യൻ പൗരത്വം അനുവദിച്ചാൽ അത് ഇരട്ട പൗരത്വത്തിനു കാരണമാകുമെന്നാണു കോടതിയുടെ നിരീക്ഷണം. കേന്ദ്രത്തിന്റെ റിട്ട് ഹർജി പരിഗണിച്ച കോടതി, നിയമപ്രകാരമുള്ള എല്ലാ ആവശ്യകതകളും ഇവർ നിറവേറ്റിയാൽ പൗരത്വം നൽകുന്നതിൽ തങ്ങളുടെ തീരുമാനം തടസമാകില്ലെന്നും വ്യക്തമാക്കി.

# ഇന്ത്യയിലെ അദ്ധ്യാപകർ ഒരു കോടി കവിഞ്ഞു

ന്യൂഡൽഹി: ഇന്ത്യൻ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത് ഒരു കോടി അദ്ധ്യാപകർ. ഇന്ത്യയിലെ ആകെ അദ്ധ്യാപകരുടെ എണ്ണം ഇതാദ്യമായി ഒരു കോടി കവിഞ്ഞു. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിലുള്ള പോരായ്മകളെ മറികടക്കുന്നതിൽ പ്രധാന ചുവടുവെപ്പാണിതെന്നു കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു.

മുൻ വർഷത്തെക്കാൾ 6.7 ശതമാനം പുതിയ അദ്ധ്യാപകരാണ് 2024-25 അദ്ധ്യയനവർഷത്തിൽ ക്ലാസ്മുറികളിലെത്തിയത്. കുട്ടികളെ വ്യക്തിപരമായി ശ്രദ്ധിക്കാനും അതുവഴി അക്കാദമിക നിലവാരം കൂട്ടാനും ഇതു സഹായിക്കുമെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. 30 വിദ്യാർത്ഥികൾക്ക് ഒരു ടീച്ചർ വേണമെന്നാണു ദേശീയ വിദ്യാഭ്യാസ നയം നിർദേശിക്കുന്നത്.

# നെഹ്റു ട്രോഫി: വീയപുരം ചുണ്ടൻ ജലരാജാവ്

ആലപ്പുഴ: ഓളപ്പരപ്പിനെ തീപിടിപ്പിച്ച പോരാട്ടത്തിൽ പുന്നമടയിൽ വീയപുരം ചുണ്ടൻ ജലരാജാവായി. വില്ലേജ് ബോട്ട് ക്ലബ് കൈനകരി തുഴഞ്ഞ വീയപുരം നാല് മിനിറ്റ് 21 സെക്കൻഡ് 084 മൈക്രോ സെക്കൻഡിനാണ് നെഹ്റു ട്രോഫിയിൽ മുത്തമിട്ടത്. കഴിഞ്ഞ തവണ കപ്പിനും ചുണ്ടിനുമിടയിൽ മൈക്രോ സെക്കൻഡുകൾക്ക് നഷ്ടപ്പെട്ട ട്രോഫിയാണ് വീരു എന്ന് ആരാധകർ സ്നേഹത്തോടെ വിളിക്കുന്ന വീയപുരം ചുണ്ടൻ തുഴഞ്ഞു ജയിച്ചത്.

രണ്ടാമതെത്തിയ പുന്നമട ബോട്ട് ക്ലബ്ബിന്റെ നടുഭാഗം ചുണ്ടനിലെ തുഴക്കാരെ സംബന്ധിച്ച് മറ്റു ബോട്ട് ക്ലബുകൾ പരാതി നൽകിയതിനാൽ രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. അനുവദനീയമായതിൽ അധികം ഇതരസംസ്ഥാനക്കാർ നടുഭാഗം ചുണ്ടനിൽ തുഴഞ്ഞു എന്നതാണ് ക്ലബിനെതിരായ പരാതി. ഇതു പരിശോധിച്ച ശേഷമാകും രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങൾ പ്രഖ്യാപിക്കുക. നിലവിൽ, പുന്നമട ബ്ലോട്ട് ക്ലബിന്റെ നടുഭാഗം ചുണ്ടൻ (4:21:782), പള്ളാത്തുരുത്തി ബോട്ട് ക്ലബിന്റെ മേൽപ്പാടം ചുണ്ടൻ (4:21:933), നിരണം ബോട്ട് ക്ലബിന്റെ നിരണം ചുണ്ടൻ (4:22:035) എന്നിങ്ങനെയാണ് മറ്റു സ്ഥാനങ്ങൾ.




നെഹ്റു ട്രോഫി ജലമേള ഫൈനലിൽ ഒന്നാമതെത്തിയ, വില്ലേജ് ബോട്ട് ക്ലബ് കൈനകരി തുഴഞ്ഞ വീയപുരം ചുണ്ടൻ.

# രാഹുൽ ഗാന്ധി നയിച്ച 'ഗാന്ധി സേ അംബേദ്കർ' മാർച്ച് ബിഹാർ പോലീസ് തടഞ്ഞു

പട്ന: രാഹുൽ ഗാന്ധി നയിച്ച കോൺഗ്രസിന്റെ 'ഗാന്ധി സേ അംബേദ്കർ' മാർച്ച് പോലീസ് തടഞ്ഞു. പട്ന ഡാക് ബംഗ്ലാവ് ക്രോസിങ്ങിൽ വെച്ചാണ് പോലീസ് മാർച്ച് തടഞ്ഞ



ത്. നിയന്ത്രിത മേഖലയാണെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രതിപക്ഷ സഖ്യത്തിന്റെ മാർച്ച് തടഞ്ഞത്. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ബിഹാർ പ്രതിപക്ഷ നേതാവ് തേജസ്വി യാദവ്, കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ, തൃണമൂൽ നേതാവ് യൂസഫ് പഠാൻ തുടങ്ങിയ നേതാക്കൾ അണിനിരന്ന മഹാറാലിയാണ് പോലീസ് തടഞ്ഞത്.

ഓഗസ്റ്റ് 17-ന് ബിഹാറിലൂടെ ആരംഭിച്ച 'വോട്ട് അധികാർ യാത്ര'യുടെ സമാപനത്തിന്റെ ഭാഗമായാണ് 'ഗാന്ധി സേ അംബേദ്കർ' മാർച്ച് പട്ന നഗരത്തിൽ സംഘടിപ്പിച്ചത്. ആർജെഡി ഉൾപ്പെടെ പ്രതിപക്ഷ സഖ്യ കക്ഷികൾ മാർച്ചിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് രംഗത്തെത്തിയിരുന്നു. പട്ന നഗരത്തിൽ എത്തിയ മാർച്ച് തടഞ്ഞ പോലീസ്, ഇന്ത്യാ സഖ്യ നേതാക്കൾക്ക് പൊതുജനങ്ങളെ അഭിസംബോധന ചെയ്യാൻ അനുവാദം നൽകി. എന്നാൽ ക്രോസിങ്ങിനപ്പുറം മാർച്ച് അനുവദിക്കാൻ കഴിയില്ലെന്ന് പട്ന പോലീസ് അറിയിക്കുകയായിരുന്നു.

ബിഹാറിലെ 25 ജില്ലകളിലായി 110 നിയമസഭാ മണ്ഡലങ്ങളിലൂടെയാണ് 'വോട്ട് അധികാർ യാത്ര' കടന്നുപോയത്. സംസ്ഥാനത്തെ വോട്ടർ പട്ടിക പരിഷ്കരണത്തിലൂടെ വോട്ടവകാശത്തിനു നേരെയുള്ള ആക്രമണമാണ് നടക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു രാഹുൽ ഗാന്ധി നേതൃത്വം നൽകിയ യാത്ര.

## റിസർവ് ബാങ്ക് 19 നഗരങ്ങളിൽ സർവേ നടത്തുന്നു

പരവൂർ: ഇന്ത്യയിലെ വിലക്കയറ്റത്തെയും പണപ്പെരുപ്പത്തെയും കുറിച്ചുള്ള ഉപഭോക്തൃ കാഴ്ചപ്പാടുകൾ ശേഖരിക്കുന്നതിനു റിസർവ് ബാങ്ക് 19 നഗരങ്ങളിൽ സർവേ നടത്തുന്നു. നഗരങ്ങളിലെ തെരഞ്ഞെടുത്ത വീടുകളിൽ നിന്നാണ് ബാങ്ക് പ്രതികരണങ്ങൾ തേടുന്നത്. കേരളത്തിൽ തിരുവനന്തപുരത്താണ് സർവേ നടത്തുക. അഹമ്മദാബാദ്, ബംഗളൂരു, ഭോപാൽ, ഭുവനേശ്വർ, ചണ്ഡിഗഡ്, ചെന്നൈ, ഡൽഹി, ഗുവഹാത്തി, ഹൈദരാബാദ്, ജയ്പൂർ, ജമ്മു, കൊൽക്കത്ത, ലക്നൗ, മുംബൈ, നാഗ്പൂർ, പാട്ന, റായ്പൂർ, റാഞ്ചി എന്നിവയാണ് സർവേ നടക്കുന്ന മറ്റ് നഗരങ്ങൾ. കുടുംബങ്ങളിലെ പണപ്പെരുപ്പ പ്രതീക്ഷകൾ അളക്കുന്നതിനുള്ള സർവേ നടത്തുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മുംബൈ ആസ്ഥാനമായ സ്വകാര്യ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇവരുടെ പ്രതിനിധികൾ തെരഞ്ഞെടുത്ത ഉപഭോക്താക്കളെ നേരിട്ടു സമീപിച്ച് അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തും. ഇതിനായി പ്രത്യേക ചോദ്യാവലി ബാങ്ക് തയാറാക്കിയിട്ടുണ്ട്.

## ആനയുടെ കുത്തേറ്റ് പാപ്പാനു ദാരുണാന്ത്യം

ആലപ്പുഴ: ആനയുടെ കുത്തേറ്റ് പാപ്പാനു ദാരുണാന്ത്യം. തെങ്ങമം സ്വദേശി മുരളീധരൻ നായർ (53) ആണ് മരിച്ചത്. ഗുരുതര പരിക്കേറ്റ രണ്ടാം പാപ്പാനായ പെരുനാട് പൊറ്റിൻകര പള്ളിക്കൽ നഗർ സുനിൽ കുമാർ (മണികണ്ഠൻ-40) തിരുവല്ല സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. ഹരിപ്പാട് സുബ്രഹ്മണ്യ ക്ഷേത്രത്തിലെ ആന സ്കന്ദനാണ് പാപ്പൻമാരെ കുത്തിയത്.

മദപ്പാടിലായിരുന്ന സ്കന്ദനെ 31-നാണ് ഒന്നാം പാപ്പാൻ പ്രദീപും രണ്ടാം പാപ്പാൻ സുനിൽ കുമാറും ചേർന്ന് അഴിച്ചത്.

രാവിലെ സുബ്രഹ്മണ്യ ക്ഷേത്രത്തിലെത്തിച്ചശേഷം സമീപത്തുള്ള ഇല്ലത്തു തീറ്റ എടുക്കാൻ കൊണ്ടുപോയി. അവിടെ പുരയിടത്തിൽ വച്ച് ആന പുറത്തിരുന്ന രണ്ടാം പാപ്പാൻ സുനിൽകുമാറിനെ കുലുക്കി താഴെയിട്ടു കുത്തുകയായിരുന്നു.

വയറുഭാഗത്ത് കുത്തേറ്റ സുനിൽ കുമാറിനെ, ആനയെ പിന്തിരിപ്പിച്ചതിനു ശേഷമാണ് ആശുപത്രിയിലേക്കു മാറ്റിയത്. തുടർന്ന് ഇല്ലത്തെ പുരയിടത്തിൽ ശാന്തനായി നിന്ന ആനയെ വിവിധ ക്ഷേത്രങ്ങളിൽ നിന്ന് എത്തിയ പാപ്പാൻമാരുടെ സംഘവും എലിഫെന്റ് സ്ക്വാഡും ചേർന്ന് തളച്ചു.

എലിഫന്റ് സ്ക്വാഡ് ആനയെ മയക്കുവെടി വച്ചു. അഞ്ചു വർഷം മുൻപ് ജയമോൻ എന്ന രണ്ടാം പാപ്പാൻ സ്കന്ദന്റെ കുത്തേറ്റു മരിച്ചിരുന്നു.

## ക്രൈംബ്രാഞ്ച് രാഹുലിന്റെ മൊഴിയെടുത്തു



തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ സ്ത്രീകളെ പിന്തുടർന്നു ശല്യപ്പെടുത്തിയെന്ന കേസിൽ ക്രൈംബ്രാഞ്ച് പരാതിക്കാരുടെ മൊഴി രേഖപ്പെടുത്തി. പരാതിക്കാരിൽ ഒരാളായ അഡ്വ. ഷിന്റോ സെബാസ്റ്റ്യന്റെ മൊഴിയാണ് രേഖപ്പെടുത്തിയത്. ആറ് പരാതികളാണ് ഡിജിപിയുടെ പ്രത്യേക അന്വേഷണ സംഘത്തെ ഏല്പിച്ചിരിക്കുന്നത്. ഒരു സ്ത്രീയെ നിർബന്ധിച്ച് ഗർഭച്ഛിദ്രം നടത്തിയതുമായി ബന്ധപ്പെട്ടു പുറത്തുവന്ന ശബ്ദസന്ദേശങ്ങളുടെയും വാർത്തകളുടെയും അടിസ്ഥാനത്തിലാണ് ഷിന്റോ പരാതി നല്കിയിട്ടുള്ളത്.

ക്രൈംബ്രാഞ്ച് റേഞ്ച് ഡിവൈഎസ്പി സി. ബിനുകുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരാതികൾ അന്വേഷിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് പരാതിക്കാരുടെ മൊഴിയെടുക്കുന്നത്. പരാതിക്കാരായ യുവതികളുടെയും മൊഴി രേഖപ്പെടുത്തും. ആരും പോലീസിൽ നേരിട്ടു പരാതി നല്കിയിട്ടില്ല. അന്വേഷണസംഘം സമൂഹമാധ്യമങ്ങളിലൂടെ പുറത്തുവന്ന ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കും.

വിശദമായ അന്വേഷണത്തിനൊടുവിൽ മാത്രമേ രാഹുലിനെ ചോദ്യം ചെയ്യുന്നതു സംബന്ധിച്ചുള്ള തീരുമാനത്തിലേക്ക് എത്തുകയുള്ളു. പിന്തുടർന്ന് ശല്യപ്പെടുത്തൽ, ഭീഷണിപ്പെടുത്തൽ, അശ്ലീലസന്ദേശമയയ്ക്കൽ എന്നിവയ്ക്കാണ് നിലവിൽ ഡിജിപിയുടെ നിർദേശപ്രകാരം കേസെടുത്തിരിക്കുന്നത്.

## ഡോ. ഹാരിസ് ഉന്നയിച്ച പ്രശ്നങ്ങളോട് യോജിച്ച് വകുപ്പു മേധാവികൾ

തിരുവനന്തപുരം: സർക്കാരിന്റെ ഉപകരണം വാങ്ങൽ സംവിധാനം ശരിയല്ലെന്നും പലപ്പോഴും ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സമയത്തിനു ലഭിക്കുന്നില്ലെന്നും തിരുവനന്തപുരം മെഡിക്കൽ കോളജിലെ നാല് വകുപ്പു മേധാവികളുടെ മൊഴി. യൂറോളജി വിഭാഗം മേധാവി ഡോ. സി.എച്ച്. ഹാരിസിന്റെ വെളിപ്പെടുത്തലിനെ തുടർന്ന് അന്വേഷണം നടത്തിയ നാലംഗ സമിതിയോടായിരുന്നു ഡോക്ടർമാരുടെ വെളിപ്പെടുത്തൽ. വിവരാവകാശ നിയമപ്രകാരം പോലും പുറത്തു വിടാതിരുന്ന റിപ്പോർട്ടാണ് ഒടുവിൽ അപ്പീലിനെത്തുടർന്ന് ആരോഗ്യവകുപ്പ് പുറത്തുവിട്ടത്. റിപ്പോർട്ടിലെ വിവരങ്ങൾ ഭാഗികമായി പുറത്തു വന്നിരുന്നു.

നെഫ്രോളജി, ന്യൂറോളജി, ഗ്യാസ്ട്രോ, ന്യൂറോസർജറി വകുപ്പു മേധാവികളാണ് ഡോ. സി.എച്ച്. ഹാരിസ് ഉന്നയിച്ച പ്രശ്നത്തോട് യോജിച്ചത്. ഉപകരണങ്ങൾ തകരാറിലാകുന്നതു കാരണം ഇടയ്ക്കിടെ ശസ്ത്രക്രിയകൾ മാറ്റിവെക്കേണ്ടി വരാറുണ്ടെന്ന് ഇവർ പറഞ്ഞു.

യൂറോളജി വിഭാഗം രണ്ടാം യൂണിറ്റിലെ ഡോക്ടറും ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിലെ കാലതാമസം ചൂണ്ടിക്കാട്ടി. എന്നാൽ, ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന ലിത്തോക്ലാസ്റ്റ് പ്രോബ് കേടായാൽ പകരം മറ്റൊരു ഉപകരണം താൻ കണ്ടുവെച്ചിട്ടുണ്ടെന്നും അതിനാൽ ശസ്ത്രക്രിയകൾ മുടങ്ങിയിട്ടില്ലെന്നും അദ്ദേഹം മൊഴി നല്കി. ഈ ഉപകരണം ഉപയോഗിക്കാമായിരുന്നില്ലേ എന്ന് അന്വേഷണ സമിതി ആരാഞ്ഞപ്പോൾ അത് മറ്റൊരു യൂണിറ്റിലായതിനാൽ അതേക്കുറിച്ച് അറിവുണ്ടായിരുന്നില്ലെന്നു ഡോ. ഹാരിസ് മറുപടി നല്കി.

ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന ലിത്തോക്ലാസ്റ്റ് പ്രോബ് ആവശ്യപ്പെട്ട് 2024 ഡിസംബർ 19-നാണ് ഡോ. ഹാരിസ് കത്ത് നല്കിയത്. എന്നാൽ, 2025 ജൂൺ 23-നു മാത്രമാണ് കളക്ടറിൽ നിന്നും ഭരണാനുമതി ലഭിച്ചത്. അടിയന്തരമായി ആവശ്യമുള്ള ഉപകരണം വാങ്ങാൻ 6 മാസമെടുത്തു. ഒരു ലക്ഷം രൂപ വരെയുള്ള ഉപകരണങ്ങൾ വാങ്ങാനാണ് എച്ച്ഡിഎസ് സൂപ്രണ്ടിന് അനുമതി. ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ സൂപ്രണ്ടിന്റെ സാമ്പത്തികാധികാരം കൂട്ടണം. കളക്ടറുടെ ഓഫീസിലെ ഫയൽനീക്കം നിരീക്ഷിക്കണം.

ആലപ്പുഴ മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. ബി. പത്മകുമാർ, കൊല്ലം മെഡിക്കൽ കോളജ് ഫൊറൻസിക് വിഭാഗം മേധാവി ഡോ. രഞ്ജു രവീന്ദ്രൻ, കോട്ടയം മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാർ, ആലപ്പുഴ മെഡിക്കൽ കോളജ് നെഫ്രോളജി വിഭാഗം മേധാവി ഡോ. എസ്. ഗോമതി എന്നിവരടങ്ങുന്ന സമിതിയാണ് ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയത്. പലവട്ടം ഉന്നയിച്ചിട്ടും പ്രശ്നപരിഹാരം ഉണ്ടാകാത്തതിനാലാണ് മാധ്യമങ്ങൾക്കു മുന്നിൽ വന്നതെന്ന് ഡോ. ഹാരിസ് വിശദീകരിച്ചെങ്കിലും ഇത് പെരുമാറ്റച്ചട്ട ലംഘനമെന്ന് റിപ്പോർട്ടിലുണ്ട്. യൂറോളജി വിഭാഗത്തിൽ നിന്ന് മോസിലോസ്കോപ്പ് എന്ന ഉപകരണം കാണാതായതിനെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തണമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 36
September 01, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

അലസന്മാരുടെ പ്രവൃത്തിദിവസം 'നാളെ' ആയിരിക്കും.

**വാൾട്ടയർ**

ഭവനത്തിന്റെ മുൻവാതിൽ വലുതും പിൻവാതിൽ ചെറുതും ആയിരിക്കണം.

**ഹെർബർട്ട് സ്പെൻസർ**


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056
Scanned with CamScanner


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www.greennestlehomes.com
greennestle01@gmail.com


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB ACCREDITED BUSINESS
Better Business Bureau

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# മലയോരജനതയുടെ സ്വപ്നസാക്ഷാത്കാരത്തിന് കടമ്പകളേറെ

മലയാരമേഖലയിലെ ഭൂമിപ്രശ്നങ്ങൾ വലിയൊരളവു പരിഹരിക്കാൻകഴിയുന്ന തീരുമാനമാണ് കഴിഞ്ഞ ദിവസം കേരള മന്ത്രിസഭായോഗം കൈക്കൊണ്ടത്. 2023-ൽ നിയമസഭ പാസാക്കിയ ഭൂപതിവ് ഭേദഗതിനിയമത്തിലെ ചട്ടങ്ങൾക്ക് അംഗീകാരം നൽകുകയാണു ചെയ്തത്. രണ്ടു ചട്ടങ്ങളാണ് പ്രധാനമായും കൊണ്ടുവന്നത്. ഒന്ന്, പതിച്ചുകിട്ടിയ ഭൂമിയിൽ ഇതുവരെയുണ്ടായിട്ടുള്ള വകമാറ്റിയുള്ള വിനിയോഗം ക്രമീകരിക്കാനുള്ളതാണ്. രണ്ടാമത്തേത്, കൃഷിക്കും വീടുനിർമാണത്തിനും മറ്റുമായി പതിച്ചുനൽകിയ ഭൂമി ജീവനോപാധി ലക്ഷ്യമാക്കിയുള്ള മറ്റു വിനിയോഗത്തിന് അനുവദിക്കുന്നതിനുള്ളതാണ്. മലയോരജനതയുടെ ദീർഘകാല ആവശ്യത്തിനാണ് പരിഹാരമാകുന്നത്. പതിച്ചുനൽകിയ ഭൂമിയിൽ കൃഷിക്കും വീടിനുംപുറമേ, സർക്കാർ അനുമതിയോടെയുള്ള വാണിജ്യനിർമിതികൾക്കും അംഗീകാരം ലഭിക്കും.

1960-ലെ ഭൂപതിവ് നിയമമാണ് 2023 സെപ്റ്റംബർ 14-ന് നിയമസഭ ഏകകണ്ഠമായി ഭേദഗതിചെയ്തത്. കേരളസംസ്ഥാന രൂപവത്കരണത്തിനുമുൻപ് തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിൽ ഭൂമി പതിച്ചുകൊടുക്കുന്നത് 1950-ലെ തിരുകൊച്ചി ഭൂമി പതിച്ചുകൊടുക്കൽ നിയമപ്രകാരമായിരുന്നു. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറിൽ അത്തരത്തിൽ നിയതമായ വ്യവസ്ഥകളുണ്ടായിരുന്നില്ല. ഇങ്ങനെയുള്ള പൊരുത്തക്കേടുകളും അസന്ദിഗ്ധതകളും പരിഹരിക്കുന്നതിനുവേണ്ടിയാണ് 1960-ൽ കേരളനിയമസഭ ഭൂമി പതിച്ചുകൊടുക്കൽനിയമം ആവിഷ്കരിച്ചത്. ഇതിനെ പിന്തുടർന്ന് 1964-ൽ കേരള ഭൂപതിവ് ചട്ടങ്ങളും കൊണ്ടുവന്നു. ഇവയനുസരിച്ച്, കാർഷികാവശ്യങ്ങൾക്കും വീടുനിർമാണത്തിനും മാത്രമാണ് പ്രധാനമായും ഭൂമി പതിച്ചുനൽകിയത്. എന്നാൽ, പിന്നീടുള്ള വർഷങ്ങളിൽ പട്ടയഭൂമികളിൽ ആശുപത്രികളും വിദ്യാലയങ്ങളും ആരാധനാലയങ്ങളും സഹകരണസ്ഥാപനങ്ങളും വാണിജ്യസ്ഥാപനങ്ങളുമൊക്കെ ഉണ്ടായി. പതിച്ചുകിട്ടിയ ഭൂമിയിൽ നടത്തിയ ഇത്തരം നിർമാണപ്രവർത്തനങ്ങൾ സർക്കാരുകൾ വിലക്കിയിരുന്നില്ല. അവയ്ക്ക് കെട്ടിട പെർമിറ്റുകളും മറ്റ് അനുമതികളും നൽകുകയുംചെയ്തു.

എന്നാൽ, പട്ടയഭൂമി സ്വതന്ത്രമായി വിനിയോഗിക്കാനുള്ള അവകാശം അതിന്റെ ഉടമകൾക്കു കിട്ടണമെങ്കിൽ ഇനിയും കടമ്പകളുണ്ട്. പുതിയ ചട്ടങ്ങൾ നിലവിൽ വന്നത് ഒട്ടേറെ നിയമപ്രശ്നങ്ങൾക്ക് പരിഹാരമാകുന്നുണ്ടെങ്കിലും പതിവുഭൂമിയിൽ ഇനിയും നിർമാണ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ പുതിയ ചട്ടങ്ങൾ വേറെയും വേണ്ടിവരും. രണ്ടു ചട്ടങ്ങളാണ് സർക്കാർ കൊണ്ടുവരുന്നത്. ഒന്നാമത്തേത് പതിവുഭൂമിയിൽ ഇതുവരെ ഉണ്ടായിട്ടുള്ള വകമാറ്റിയുള്ള വിനിയോഗം ക്രമീകരിക്കുന്നതിനുള്ളതാണ്. കൃഷിക്കും ഗൃഹനിർമാണത്തിനും മറ്റുമായി പതിച്ചുനൽകിയ ഭൂമി പ്രധാനമായും ജീവനോപാധി ലക്ഷ്യമാക്കിയുള്ള മറ്റ് വിനിയോഗത്തിന് അനുവദിക്കുന്നതിനുള്ള ചട്ടങ്ങളാണ് രണ്ടാമത്തേത്. ഇതിൽ ഒന്നാമത്തെ ചട്ടത്തിനാണു മന്ത്രിസഭ അംഗീകാരം നൽകിയിരിക്കുന്നത്. രണ്ടാമത്തെ ചട്ടം തുടർച്ചയായി പരിഗണിക്കുമെന്നാണ് മുഖ്യമന്ത്രി അറിയിച്ചത്.

കർഷകരുടെ പ്രധാന ആവശ്യം കൃഷിക്കും ഭവനനിർമാണത്തിനും മാത്രം എന്ന പട്ടയവ്യവസ്ഥകൾ ഒഴിവാക്കണമെന്നും പരിഗണനയിലിരിക്കുന്ന അപേക്ഷകളിൽ പട്ടയം നൽകുമ്പോൾ ഉപാധിരഹിതമായി നൽകണമെന്നുമാണ്. ഇതിന് ഇപ്പോഴത്തെ ചട്ടങ്ങൾ മാത്രം മതിയാകില്ല. പട്ടയവ്യവസ്ഥകൾ പാലിച്ച് ഇതുവരെ നിർമാണപ്രവർത്തനം നടത്താതിരുന്നവർ ഇനി നിർമാണം നടത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ വൻ തുക ഫീസ് അടയ്ക്കണമെന്ന നിർദേശവും കർഷകവിരുദ്ധമാണ്. പട്ടയഭൂമിയിൽ ഭാവിയിൽ നിർമാണം നടത്തേണ്ടവർ ഉദ്യോഗസ്ഥരുടെ ഔദാര്യത്തിനുവേണ്ടി കാത്തുനിൽക്കേണ്ട അവസ്ഥ ഉണ്ടാകരുത്. ചെറുകിട കർഷകർക്കു പട്ടയഭൂമി മറ്റാവശ്യത്തിന് ഉപയോഗിക്കാൻ കഴിയുകയും വേണം.


ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ സമയബന്ധിതമായി തയാറാകണം. എത്രയും പെട്ടെന്ന് അത്തരം നടപടികളിലേക്ക് പോയാലേ മുഖ്യമന്ത്രി പ്രകടിപ്പിച്ച ശുഭാപ്തിവിശ്വാസം ഫലപ്രാപ്തിയിലെത്തൂ. ക്രമവത്കരണം സംബന്ധിച്ച നിബന്ധനകൾക്കും കൃത്യത ഉണ്ടാകേണ്ടതുണ്ട്. കെട്ടിടം ക്രമവത്കരിക്കാനുള്ള അധികാരിയെയും ഭൂമി തരംമാറ്റാനുള്ള അധികാരിയെയും നിശ്ചയിക്കണം. കെട്ടിടം നിർമിക്കുന്നതിനുള്ള അധികാരം നൽകുന്നത് നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനിയറിംഗ് വിഭാഗമാണ്. ഭൂമി തരംമാറ്റേണ്ടത് റവന്യൂ വകുപ്പും. നിലവിൽ നിർമിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും റവന്യൂ വകുപ്പും ഫീസും നികുതിയും കൈപ്പറ്റിയിട്ടുള്ളതാണ്. അത്തരം നിർമിതികൾക്കാണ് ഇനിയും ക്രമവത്കരണ അപേക്ഷയും പ്രത്യേക ഫീസും നൽകേണ്ടിവരുന്നതെന്ന വസ്തുതയും കണക്കിലെടുക്കണം.

ഒരുതവണ കെട്ടിടനികുതി ഇനത്തിൽ തുക ഈടാക്കിയശേഷം വീണ്ടും ഫീസ് ഈടാക്കാനുള്ള നീക്കം സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഇടുക്കിയിലെയും മലയോരപ്രദേശത്തെയും ജനങ്ങളെ പിഴിയുന്നതാണെന്നും ആരോപണമുണ്ട്. പ്രതിപക്ഷ കക്ഷികളും ഈ വിഷയം നേരിട്ടു ബാധിക്കുന്നവരും ചൂണ്ടിക്കാണിക്കുന്ന അപാകതകൾ രാഷ്ട്രീയം മാറ്റിവെച്ച് പരിഗണിക്കാൻ സർക്കാർ തയാറായില്ലെങ്കിൽ മലയോരത്തെ ജനങ്ങളുടെ സന്തോഷം ക്ഷണികമായി മാറും.

# ഇന്ത്യയിൽ വൻ നിക്ഷേപത്തിന് ജപ്പാൻ; തീരുമാനം മോദി– ഇഷിബ ചർച്ചയിൽ

ന്യൂഡൽഹി: അടുത്ത 10 വർഷത്തിനിടെ ജപ്പാൻ ഇന്ത്യയിൽ 6800 കോടി ഡോളറിന്റെ (ഏകദേശം 5.99 ലക്ഷം കോടി രൂപ) നിക്ഷേപം നടത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജപ്പാൻ പ്രധാനമന്ത്രി ഷിഗേറു ഇഷിബയും തമ്മിൽ നടന്ന ചർച്ചയിലാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം. പുതിയ ദിശയിലേക്കു കൊണ്ടുപോകാനുള്ള തീരുമാനം സുരക്ഷാ രംഗത്തെ സഹകരണം വെളിപ്പെടുത്താൻ സംയുക്ത പ്രസ്താവനയും നടത്തി. സാമ്പത്തിക സുരക്ഷയുമായി ബന്ധപ്പെട്ട പുതിയ സംവിധാനം രൂപീകരിക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാക്കൾ തമ്മിലുള്ള കൂടിക്കാഴ്ചയ്ക്കുള്ള സംവിധാനവും രൂപീകരിക്കും.

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ജപ്പാനിലെത്തിയ നരേന്ദ്ര മോദി ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിലും പങ്കെടുത്തു.



ജപ്പാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി, ജപ്പാൻ പ്രധാനമന്ത്രി ഷിഗേറു ഇഷിബയ്ക്കൊപ്പം.

യുഎസ് പ്രഖ്യാപിച്ച ഇരട്ടിത്തീരുവ സൃഷ്ടിച്ച പ്രതിസന്ധികൾക്കിടെയാണു ജപ്പാനുമായി കൂടുതൽ സഹകരിക്കാനുള്ള ഇന്ത്യയുടെ തീരുമാനം. ഇരു രാജ്യങ്ങളും 13 ധാരണാപത്രങ്ങളും ഒപ്പിട്ടു.

ചന്ദ്രയാൻ-5 ദൗത്യത്തിൽ ഇന്ത്യയും ജപ്പാനും സഹകരിക്കും. ഇരു രാജ്യത്തെയും സ്പേസ് ഏജൻസികൾ സംയുക്ത പര്യവേഷണം നടത്തും. ജപ്പാന്റെ ലോഞ്ച് വെഹിക്കിൾ ഐഎസ്ആർഒ നിർമിത ലൂണാർ ലാൻഡറുമായി സഞ്ചരിക്കും.

നൈപുണ്യ വിദഗ്ധരായ 50,000 പേർക്ക് ജപ്പാനിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അവസരം നൽകും. ഇതേ കാലയളവിൽ അഞ്ച് ലക്ഷം പേരെ ഇരു രാജ്യങ്ങളും പരസ്പരം കൈമാറും.

വിദ്യാഭ്യാസം, സാംസ്കാരിക, സാങ്കേതിക മേഖലയിൽ ഇതു നേട്ടമാകും. ഐടി ഉൾപ്പെടെ മേഖലയിൽ ജപ്പാൻ നേരിടുന്ന മാനവശേഷി പ്രതിസന്ധി പരിഹരിക്കാൻ ഇന്ത്യ പിന്തുണ നൽകും.

അപൂർവ മൂലകങ്ങളുടെ വിതരണ ശൃംഖല ശക്തിപ്പെടുത്തും. പ്രതിരോധ മേഖലയിലെ സഹകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി സൈന്യങ്ങളുടെ സംയുക്ത അഭ്യാസപ്രകടനം. ഇന്തോ-പസഫിക് മേഖലയിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ സജീവമാക്കാൻ സംയുക്ത പദ്ധതി. ഇന്ത്യ-ജപ്പാൻ ഫണ്ടിനു കീഴിൽ കൂടുതൽ പദ്ധതികൾ. ഗിഫ്റ്റ് സിറ്റിയിൽ ഉൾപ്പെടെ ജാപ്പനീസ് സംരംഭങ്ങൾ എത്തിക്കാൻ തീരുമാനം.

പ്രാദേശിക കറൻസിയിൽ ഇടപാടുകൾ ശക്തമാക്കും. പേയ്മെന്റ് സംവിധാനങ്ങളിലും കൈകോർക്കും. ഇന്ത്യയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങളെ ശക്തിപ്പെടുത്താൻ ജപ്പാൻ സഹകരണം. കാർഷിക വ്യവസായ മേഖലയിൽ കൂടുതൽ പിന്തുണ ലഭ്യമാക്കും.

# ഭൂട്ടാൻ പട്ടാളം ഉപേക്ഷിച്ച വണ്ടികൾ ഹിമാചൽ നമ്പറിൽ വിൽപനയ്ക്ക്

കൊച്ചി: ഭൂട്ടാൻ പട്ടാളം ഉപേക്ഷിച്ച 150 വാഹനങ്ങൾ നിയമവിരുദ്ധമായി ഇന്ത്യയിലേക്കു കടത്തി ഹിമാചൽപ്രദേശിൽ രജിസ്റ്റർ ചെയ്തു നാലിരട്ടി വിലയ്ക്കു വിറ്റഴിച്ചു. രഹസ്യാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസും (ഡിആർഐ) കസ്റ്റംസും അന്വേഷണം തുടങ്ങി.

കേരളത്തിലും 20 എസ്‌യുവികൾ വിറ്റതായി അന്വേഷണ ഉദ്യോഗസ്ഥർക്കു വിവരം ലഭിച്ചു. ഇവയുടെ നമ്പറുകൾ വീണ്ടും മാറ്റിയിരിക്കാനുള്ള സാധ്യതയും പരിശോധിക്കുന്നു.

കേരളത്തിൽ 25 ലക്ഷം രൂപയ്ക്കു കാർ വാങ്ങിയ വ്യക്തിയെ അന്വേഷണ സംഘം കണ്ടെത്തി. ഭൂട്ടാൻ പട്ടാളം ഉപേക്ഷിച്ച കാറാണെന്ന് അറിയില്ലായിരുന്നുവെന്നാണ് പ്രാഥമിക തെളിവെടുപ്പിൽ ലഭിച്ച വിവരം. സംസ്ഥാന മോട്ടോർവാഹന വകുപ്പും അന്വേഷണം തുടങ്ങി.

ഇറക്കുമതി തീരുവ അടയ്ക്കാതെ കടത്തിക്കൊണ്ടുവരുന്ന വാഹനങ്ങൾ ഭൂട്ടാൻ രജിസ്ട്രേഷൻ നമ്പറിൽ ഇന്ത്യയിൽ സർവീസ് നടത്താൻ പാടില്ല. ഈ സാഹചര്യത്തിലാണ് ഇന്ത്യൻ വാഹനമാണെന്നു തെറ്റിദ്ധരിപ്പിക്കാൻ ഹിമാചൽപ്രദേശിൽ രജിസ്റ്റർ ചെയ്യുന്നത്. കൂടുതലും ഷിംല റൂറലിലാണ് (എച്ച്പി 52).


ഒരു ലക്ഷം രൂപയ്ക്കു വാങ്ങിയ ഒരു കാർ 10 ലക്ഷത്തിനും മൂന്ന് ലക്ഷത്തിനു വാങ്ങിയ എസ് യുവി 30 ലക്ഷത്തിനും വിറ്റിട്ടുണ്ട്. ഇത്തരം വാഹനങ്ങൾ ഭൂട്ടാനിൽനിന്നു കടത്തിക്കൊണ്ടുവരാനും ഹിമാചലിൽ വീണ്ടും രജിസ്റ്റർ ചെയ്യാനും ഉദ്യോഗസ്ഥരും ഏജന്റുമാരുമടങ്ങുന്ന റാക്കറ്റ് പ്രവർത്തിക്കുന്നുണ്ട്.


# രാഹുൽ മാങ്കൂട്ടത്തിലിനെതിരെ പരാതി: അന്വേഷണത്തിന് പ്രത്യേക സംഘം

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎക്കെതിരെ ഉയർന്ന ലൈംഗികാരോപണ പരാതികൾ അന്വേഷിക്കാൻ സർക്കാർ പ്രത്യേകാന്വേഷണ സംഘത്തിനു (എസ്ഐടി) രൂപം നൽകി. നേരത്തേ നിശ്ചയിച്ചിരുന്ന റേഞ്ച് ഡിവൈഎസ്പി സി. ബിനുകുമാറിനു പകരം ക്രൈംബ്രാഞ്ച് യൂണിറ്റ് 1 ഡിവൈഎസ്പി എൽ. ഷാജി സംഘത്തെ നയിക്കും. ഇൻസ്പെക്ടർമാരായ എസ്. സാജൻ, വി. സാഗർ, ബിനോജ് എന്നിവരും സംഘത്തിലുണ്ട്. വനിതാ ഉദ്യോഗസ്ഥർ, സൈബർ മേഖലയിൽ പരിചയമുള്ളവർ എന്നിവരുമുണ്ട്.



പ്രത്യേകാന്വേഷണ സംഘം രൂപീകരിച്ചതിനാൽ ഡിവൈഎസ്പി ബിനുകുമാറിനു പകരം പുതിയ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചുവെന്നാണ് ആഭ്യന്തരവകുപ്പിന്റെ വിശദീകരണം. വ്യക്തികളും സംഘടനകളും പോലീസിനും ആഭ്യന്തരവകുപ്പിനും നൽകിയ 13 പരാതികൾ അന്വേഷണ സംഘത്തിനു കൈമാറും. ഇരകളാരും പരാതി നൽകിയിട്ടില്ല. പുറത്തുവന്ന ഓഡിയോ ക്ലിപ്പുകൾ പരിശോധിച്ചശേഷം ഇവരെ കണ്ടെത്തി മൊഴിയെടുക്കും. രാഹുലിന്റെ ഫോൺ കോൾ വിവരങ്ങളും പരിശോധിക്കും. ഇരകളിൽ ആരുടെയെങ്കിലും മൊഴി ലഭിക്കാതെ രാഹുലിനെ വിളിച്ചുവരുത്താൻ അന്വേഷണ സംഘം തയാറാകില്ല.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


Enhance your ministry competencies...
enrol for DMin
ipctsk
IPC THEOLOGICAL SEMINARY KOTTAYAM
Integrating theology and practice
Specializations in
Pentecostal Studies
Leadership & Church Administration
Duration: 4-5 years
Eligibility: MDiv/BD with B+ grade and five years ministry experience
APPLICATION DEADLINE
31 AUGUST 2025
COURSE COMMENCEMENT
JANUARY 2026
OCDS
T.G. Oommen Centre for Doctoral Studies
Doctoral Department of IPC Theological Seminary Kottayam
ocds.ipctsk@gmail.com +91 9188952098 https//ipcseminary/ocds.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ജിഎസ്ടി പരിഷ്കരണം: കേരളത്തിനു തിരിച്ചടി

ന്യൂഡൽഹി: ചരക്കുസേവന നികുതിനിരക്കുകൾ കുറയ്ക്കുന്ന പരിഷ്കരണത്തിനായി ധനമന്ത്രിമാരുടെ ജിഎസ്ടി കൗൺസിൽ അടുത്ത മാസം മൂന്ന്, നാല് തീയതികളിൽ യോഗം ചേരാനിരിക്കെ കടബാധ്യത കൂടുതലും പരിമിത വരുമാനവുമുള്ള കേരളം, പഞ്ചാബ്, ബിഹാർ, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലാകുമെന്ന് വിദഗ്ധർ. ജിഎസ്ടി നഷ്ടപരിഹാര സെസ് ഒക്ടോബറിൽ അവസാനിപ്പിക്കാനിരിക്കെയാണു പുതിയ വെല്ലുവിളി.

നികുതിവരുമാനത്തിൽ വലിയ ഇടിവുണ്ടാകുന്ന ദുർബലസംസ്ഥാനങ്ങളെ കേന്ദ്രം സഹായിച്ചില്ലെങ്കിൽ സാമ്പത്തിക പ്രതിസന്ധി അതീവ ഗുരുതരമാകുമെന്നാണ് സൂചന. കേരളത്തിനുണ്ടാകുന്ന വരുമാനനഷ്ടം പരിഹരിക്കാൻ പ്രധാനമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിന്റെ വരുമാനം പ്രതിവർഷം 8,000 മുതൽ 10,000 കോടി രൂപ വരെ കുറയുമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. ഒക്ടോബറിൽ ദീപാവലി സമ്മാനമായി ജിഎസ്ടി ഇളവുകളുടെ പരിഷ്കരണം നടപ്പാക്കുമെന്നാണ് സ്വാതന്ത്ര്യദിന സന്ദേശത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചത്.

ഇന്ത്യയിൽ ഏറ്റവുമധികം ജിഎസ്ടി വരുമാനമുള്ള മഹാരാഷ്ട്ര, കർണാടക, ഗുജറാത്ത്, തമിഴ്നാട്, ഹരിയാന സംസ്ഥാനങ്ങളിൽ വലിയ വരുമാന ഇടിവുണ്ടാകുമെങ്കിലും കേരളം പോലുള്ള സംസ്ഥാനങ്ങളിലേതുപോലെ കടുത്ത പ്രതിസന്ധിയുണ്ടാകില്ല. കർണാടക, തമിഴ്നാട് തുടങ്ങിയ ഉപഭോഗചാലക സംസ്ഥാനങ്ങൾക്ക് നേട്ടമുണ്ടാകാനും സാധ്യതയുണ്ട്.

ജിഎസ്ടി നിരക്ക് കുറയുന്നതോടെ ഉത്പന്നങ്ങൾക്കു വില കുറയുകയും അതുവഴി ഉപഭോഗവും നികുതി വരുമാനവും വർധിക്കുകയും ചെയ്യുമെന്നാണു പ്രതീക്ഷ. സാമ്പത്തികവളർച്ചയ്ക്ക് ഇത് ഉത്തേജനമാകും. ജിഡിപി വളർച്ച ഉയരുന്നതിന്റെ മെച്ചം ഇന്ത്യയാകെയുണ്ടാകും. യുപി, ബിഹാർ തുടങ്ങിയ വലിയ സംസ്ഥാനങ്ങൾക്ക് ഇതിന്റെ നേട്ടമുണ്ടായേക്കും. എന്നാൽ മൊത്തം നികുതിവരുമാനത്തിന്റെ 30-40 ശതമാനം ജിഎസ്ടിയിൽനിന്നുള്ള കേരളം, പഞ്ചാബ്, ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ പിരിമുറുക്കം കൂടും.

കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും സംയോജിതനഷ്ടം പ്രതിവർഷം 70,000 കോടി മുതൽ 1.8 ലക്ഷം കോടി രൂപ വരെയാകാമെന്നാണ് എസ്ബിഐ കണക്കാക്കുന്നത്.

മൊത്തവരുമാനം നാലു ലക്ഷം കോടി കുറയുമെന്ന് കേരള ധനമന്ത്രി അവകാശപ്പെടുന്നു. അതേസമയം, വളരെ ഉയർന്ന നിരക്കുള്ള ജിഎസ്ടി സ്ലാബുകളിലെ പരിഷ്കരണം പൊതുജനങ്ങൾക്ക് വിലക്കുറവിന്റെ നേട്ടമാകും.

# ചികിത്സയിൽ 'മിക്സ്' വേണ്ട: ഐഎംഎ


ന്യൂഡൽഹി: അലോപ്പതി, ആയുർവേദ ചികിത്സാ ശാഖകൾ സമന്വയിപ്പിച്ച് സങ്കരവൈദ്യം സൃഷ്ടിക്കാനുള്ള നീക്കം അനുവദിക്കില്ലെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ) വ്യക്തമാക്കി. പുതുച്ചേരി ജവാഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ചിൽ (ജിപ്മെർ) ബിഎഎംഎസും എംബിബിഎസും ഇടകലർത്തിയുള്ള ആദ്യ ഇന്റഗ്രേറ്റീവ് കോഴ്സ് അവതരിപ്പിക്കാനുള്ള കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നീക്കത്തിനെതിരെയാണ് ഐഎംഎ രംഗത്തെത്തിയത്.

ആയുർവേദം, യോഗ, യൂനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ പരമ്പരാഗത ചികിത്സാരീതികളുമായി ആധുനിക വൈദ്യശാസ്ത്രം കൂട്ടിക്കലർത്തുന്നതിനെ എതിർക്കും. ഓരോ സംവിധാനവും വ്യത്യസ്തമായി തുടരണം. ഈ സംയോജനത്തെ 'മിക്സോപ്പതി'യെന്ന് വിശേഷിപ്പിച്ച ഐഎംഎ, കേന്ദ്ര നീക്കം വിദ്യാർത്ഥികളുടെ ഭാവിയും പൊതുജനാരോഗ്യവും നശിപ്പിക്കുമെന്നും അറിയിച്ചു. ജിപ്മെറിൽ പുതിയ സംയോജിത മെഡിക്കൽ കോഴ്സ് തുടങ്ങുമെന്ന് കഴിഞ്ഞ മേയിലാണു കേന്ദ്രം പ്രഖ്യാപിച്ചത്.

# ഡോ. ബിജുവിന്റെ 'പപ്പ ബുക്ക' ഓസ്കർ മത്സരവിഭാഗത്തിൽ

തിരുവനന്തപുരം: 3 തവണ ദേശീയ ചലച്ചിത്ര പുരസ്കാരം നേടിയ സംവിധായകൻ ഡോ. ബിജുവിന്റെ 'പപ്പ ബുക്ക' എന്ന ചിത്രം പാപുവ ന്യൂഗിനിയുടെ ഔദ്യോഗിക എൻട്രിയായി ഓസ്കറിൽ മത്സരിക്കും. 2026-ലെ മികച്ച രാജ്യാന്തര സിനിമയ്ക്കുള്ള മത്സര വിഭാഗത്തിലാണ് ചിത്രം ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രാദേശികഭാഷയായ ടോക്പിസിന് ഒപ്പം ഹിന്ദി, ബംഗാളി, ഇംഗ്ലീഷ് ഭാഷകളും ഉപയോഗിച്ചിട്ടുള്ള ചിത്രം പൂർണമായും പാപുവ ന്യൂഗിനിയിലാണ് ചിത്രീകരിച്ചിരിക്കുന്നത്.




ഇന്ത്യൻ സംവിധായകന്റെ ചിത്രം ഔദ്യോഗികമായി മറ്റൊരു രാജ്യത്തെ പ്രതിനിധീകരിച്ച് ഓസ്കറിൽ മത്സര വിഭാഗത്തിലെത്തുന്നത് ആദ്യമായാണ്.

ഓസ്ട്രേലിയയ്ക്കു വടക്കും ഇന്തൊനീഷ്യയ്ക്കു കിഴക്കുമുള്ള ദ്വീപസമൂഹമാണ് പാപുവ ന്യൂഗിനി.

# ബിഹാറിൽ ഒഴിവാക്കപ്പെട്ട 65 ലക്ഷം പേർ ദരിദ്രരെന്ന് രാഹുൽ ഗാന്ധി

സീതാമർഹി: ബിഹാറിൽ വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ട 65 ലക്ഷം പേർ ദരിദ്രരും സാമൂഹ്യമായി പിന്നാക്കക്കാരുമാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.

വോട്ടർ അധികാർ യാത്രയുടെ ഭാഗമായി സീതാമർഹിയിൽ നടന്ന റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

'ബിഹാർ ജനതയുടെ വോട്ടവകാശം കവരാൻ ബിജെപിയെയും തെരഞ്ഞെടുപ്പു കമ്മീഷനെയും അനുവദിക്കില്ല. വോട്ട് കൊള്ള നടത്തുന്ന ബിജെപിയെയും തെരഞ്ഞെടുപ്പു കമ്മീഷനെയും തുറന്നുകാട്ടും.

മഹാരാഷ്ട്രയിലും ഹരിയാനയിലും കർണാടകയിലും വോട്ട്കൊള്ള നടത്തിയവർ ബിഹാറിലും അത് ആവർത്തിക്കാൻ ശ്രമിക്കുകയാണ്. അതിന് അവരെ അനുവദിക്കില്ല. വോട്ട് കൊള്ള സംബന്ധിച്ച് വരും മാസങ്ങളിൽ കൂടുതൽ തെളിവ് പുറത്തുവിടും"- രാഹുൽ പറഞ്ഞു.

റാലിക്കു മുമ്പായി പ്രസിദ്ധമായ ജാനകി ക്ഷേത്രത്തിൽ രാഹുൽ സന്ദർശനം നടത്തി. ഹിമാചൽപ്രദേശ് മുഖ്യമന്ത്രി സുഖ്വിന്ദർ സിംഗ് സുഖു മോത്തിഹാരിയിൽവെച്ച് വോട്ടർ അധികാർ യാത്രയിൽ പങ്കെടുത്തു.

ബിഹാറിലെ കരട് വോട്ടർപട്ടികയിലെ പേര് ചേർക്കൽ, ഒഴിവാക്കൽ ഉൾപ്പെടെ ആവശ്യങ്ങളുമായി 1.95 ലക്ഷത്തോളം അപേക്ഷകൾ ലഭിച്ചുവെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ. കാൽ ലക്ഷത്തോളം അപേക്ഷകളിൽ ഇതിനകം തീരുമാനമെടുത്തു.

അംഗീകൃത രാഷ്ട്രീയ പാർട്ടികളെയെടുത്താൽ സിപിഐ (എംഎൽ) ലിബറേഷൻ മാത്രം 79 അപേക്ഷകൾ നൽകി. ആർജെഡി മൂന്ന് അപേക്ഷകളും. തിരുത്തലിന് അപേക്ഷിക്കാൻ മൂന്നുദിവസംകൂടി മാത്രം അവശേഷിക്കവേ കോൺഗ്രസും ബിജെപിയും ഉൾപ്പെടെ ദേശീയ പാർട്ടികൾ ഒറ്റ അപേക്ഷ പോലും സമർപ്പിച്ചിട്ടില്ല.

വിവിധ കാരണങ്ങളാൽ കരട് വോട്ടർപട്ടികയിൽനിന്ന് 60 ലക്ഷത്തോളം പേരുകൾ ഒഴിവാക്കിയിരുന്നു. ഇതുമായി താരതമ്യപ്പെടുത്തിയാൽ തിരുത്തലുകൾക്ക് സമീപിച്ചവരുടെ എണ്ണം കുറവാണ്. പിന്നീട് വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുമെന്നും തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു.

# വനിതകൾക്ക് ഇരട്ടിജോലി

ന്യൂഡൽഹി: ഏഴുവർഷത്തിനിടെ ഇന്ത്യയിൽ വനിതകളുടെ തൊഴിൽനിരക്ക് ഇരട്ടിയായി വർധിച്ചെന്നു തൊഴിൽ മന്ത്രാലയം. 2017-18 ലെ 22 ശതമാനത്തിൽ നിന്ന് 2023-24 ൽ 40.3 ശതമാനമായാണ് ഉയർന്നത്. തൊഴിലില്ലായിമ നിരക്ക് 5.6 ശതമാനത്തിൽനിന്ന് 3.2 ശതമാനമായി കുറഞ്ഞതായും മന്ത്രാലയം വ്യക്തമാക്കി. ഗ്രാമീണ പ്രദേശങ്ങളിൽ വനിതകളുടെ തൊഴിൽ 96 ശതമാനം വർധന രേഖപ്പെടുത്തിയപ്പോൾ നഗരമേഖലകളിൽ 43 ശതമാനം വർധനയാണുണ്ടായത്. ഇപിഎഫ്ഒ പേറോൾ ഡേറ്റ പ്രകാരം, 7 വർഷത്തിനിടെ 1.56 കോടി വനിതകൾ തൊഴിൽമേഖലയിൽ ചേർന്നു. ഓഗസ്റ്റ് വരെ e-Shram-ൽ 16.69 കോടി വനിതാ അസംഘടിത തൊഴിലാളികൾ റജിസ്റ്റർചെയ്തിട്ടുണ്ട്. വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾ 2017-18-ലെ 51.9 ശതമാനത്തിൽനിന്ന് 2023-24-ൽ 67.4 ശതമാനമായി വർധിച്ചു.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers


24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE

George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
☎ 8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# കേരളാ ക്ലബിന്റെ ഓണാഘോഷം പ്രൗഢഗംഭീരമായി നടത്തപ്പെട്ടു




ചിക്കാഗോ: കേരളാ ക്ലബിന്റെ ഓണാഘോഷം ഓഗസ്റ്റ് 30-ാം തീയതി ശനിയാഴ്ച ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കമ്യൂണിറ്റി സെന്ററിൽ വെച്ച് പ്രൗഢഗംഭീരമായി നടത്തപ്പെട്ടു. കടുത്തുരുത്തി എംഎൽഎ അഡ്വ. മോൻസ് ജോസഫ് മുഖ്യാതിഥിയായിരുന്നു. മഹാരാജ കേറ്ററിങ് സർവീസിന്റെ വിഭവസമൃദ്ധമായ ഓണസദ്യയോടെ പരിപാടികൾ ആരംഭിച്ചു. ഫുഡ് കോ-ഓർഡിനേറ്റർ തോമസ് പനയ്ക്കൽ, രാജൻ തലവടി, ബെൻ കുര്യൻ, മത്യാസ് പുല്ലാപ്പള്ളി എന്നിവർ സദ്യയ്ക്ക് നേതൃത്വം നല്കി. കേരള ക്ലബിലെ വനിതകൾ ഒരുക്കിയ പൂക്കളം വളരെ നയനമനോഹരമായിരുന്നു.

സോളി കുര്യൻ പൊതുസമ്മേളനത്തിൽ എംസിയായി പ്രവർത്തിച്ചു. ദിലീപ് മുരിങ്ങോത്തിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച പൊതുസമ്മേളത്തിൽ സെക്രട്ടറി ജോയി ഇണ്ടിക്കുഴി സ്വാഗതമാശംസിച്ചു. ഡോ. സാൽബി ചേന്നോത്ത്, ബെന്നി വാച്ചാച്ചിറ എന്നിവർ ഓണസന്ദേശം നല്കി.

തുടർന്ന് ജാനറ്റ് പയസ്, റെജി മുളങ്കുന്നം എന്നിവരുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു. ഹാസ്യമനോഹരമായി പുരുഷന്മാർ അവതരിപ്പിച്ച തിരുവാതിര ഈ പരിപാടിയുടെ മാറ്റുകൂട്ടി. ജാനെറ്റ് പയസ്, റെജി മുളങ്കുന്നം, പ്രീതി അച്ചേട്ട്, ബീന കണ്ണൂക്കാടൻ എന്നിവരാണ് വ്യത്യസ്തമായ ഈ തിരുവാതിര കോറിയോഗ്രാഫ് ചെയ്ത് പരിശീലനം നല്കിയത്. കേരള ക്ലബിന്റെ അനുഗൃഹീത ഗായകരുടെ ഗാനമേളയും പരിപാടിക്ക് കൊഴുപ്പേകി. ആഘോഷപരിപാടികൾ ടെസ്സ ചുങ്കത്ത് ക്യാമറക്കണ്ണുകളിലൂടെ പകർത്തുകയുണ്ടായി. ട്രഷറർ പ്രവീൺ തോമസ് കൃതജ്ഞത പ്രകാശിപ്പിച്ചു.

# പ്രളയം: ഉത്തരാഖണ്ഡും ഒഡീഷയും പ്രതിസന്ധിയിൽ

ഡെറാഡൂൺ: മേഘവിസ്ഫോടനത്തെ തുടർന്നുള്ള കനത്ത മഴയും പ്രളയവും ഉത്തരാഖണ്ഡ് ഉൾപ്പെടെ സംസ്ഥാനങ്ങളിലെ ജനജീവിതം പ്രതിസന്ധിയിലാക്കി. മണ്ണിടിച്ചിലിൽ നാൽപതോളം വീടുകൾ തകർന്നു. ചമോലി, രുദ്രപ്രയാഗ്, തെഹ്‌രി, ബാഗേശ്വർ ജില്ലകളിലാണു കൂടുതൽ നാശനഷ്ടം.



ഉത്തരാഖണ്ഡിലെ രുദ്രപ്രയാഗിൽ മേഘവിസ്ഫോടനം സംഭവിച്ച മേഖലയിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

ഒഡീഷ, പഞ്ചാബ്, അസം, മണിപ്പൂർ, ഹിമാചൽ, ബിഹാർ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലും പെരുമഴയും പ്രളയവും തുടരുകയാണ്. ഒഡീഷയിലെ കോറാപുത്ത് ജില്ലയിൽ പാലം മുങ്ങി ബൈക്ക് യാത്രക്കാരായ മൂന്ന് പേർ ഒഴുകിപ്പോയെങ്കിലും നാട്ടുകാർ രക്ഷപ്പെടുത്തി. ഇവിടെ നൂറോളം ഗ്രാമങ്ങൾ വെള്ളത്തിൽ മുങ്ങി. ബാലസോർ, ഭദ്രക്, ജജ്പുർ ജില്ലകളിലെ നദികളിൽ ജലനിരപ്പ് തുടർച്ചയായ അഞ്ചാം ദിനവും അപകടരേഖയ്ക്കു മുകളിലാണ്.


ഉത്തരാഖണ്ഡിൽ രുദ്രപ്രയാഗ് ജില്ലയിലെ ബസുകേദാർ മേഖലയിൽ അഞ്ചിലേറെ ഗ്രാമങ്ങൾ വെള്ളത്തിൽ മുങ്ങി. താലിജമാൻ ഗ്രാമത്തിൽ ഒറ്റപ്പെട്ട നാൽപതോളം കുടുംബങ്ങളെ രക്ഷപ്പെടുത്താൻ ഊർജിത ശ്രമം തുടരുന്നു. റോഡ് തകർന്നതിനാൽ ഇവിടേക്ക് എത്താൻ കഴിയുന്നില്ലെന്ന് രക്ഷാപ്രവർത്തകർ പറഞ്ഞു.

തെഹ്‌രി ജില്ലയിലെ ബുദ്ധകേദാർ മേഖലയിൽ വീടുകളും ക്ഷേത്രങ്ങളും തകർന്നു. ഉരുളക്കിഴങ്ങ് പാടങ്ങൾ മണ്ണുമൂടി. അളകനന്ദ, മന്ദാകിനി നദികൾ നിറഞ്ഞൊഴുകുകയാണ്. ബദരീനാഥിലേക്കുള്ള ദേശീയപാതയിൽ കല്ലും മണ്ണും വീണ് പലയിടത്തും ഗതാഗതം മുടങ്ങി. രുദ്രപ്രയാഗിൽ സിരോബ്ഗഥിലും ബദരീനാഥ് പാത അടച്ചു. കേദാർനാഥ് ദേശീയപാതയിൽ നാലിടത്ത് ഗതാഗതം തടസ്സപ്പെട്ടു. ബാഗേശ്വർ, ചമോലി, ഡെറാഡൂൺ, രുദ്രപ്രയാഗ് എന്നീ ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

ഗംഗ, വരുണ നദികളിൽ ജലനിരപ്പ് ഉയർന്നതിനാൽ വാരാണസിയിൽ ജനജീവിതം സ്തംഭിച്ചു. ഗംഗയിൽ ജലനിരപ്പ് 71 മീറ്ററായി. പ്രധാന തീർത്ഥാടന ഘട്ടുകളെല്ലാം വെള്ളത്തിലായി. മണികർണികഘട്ടിലും ഹരിശ്ചന്ദ്രഘട്ടിലും കെട്ടിടങ്ങളുടെ മുകളിലാണ് ശവദാഹം നടത്തുന്നത്. ഗംഗ ആരതിയും പ്രതീകാത്മകമായി കെട്ടിടങ്ങളുടെ ടെറസ്സിലാണ് നടത്തുന്നത്.

# വിപുൽ പഞ്ചോളിയും അലോക് ആരാധെയും സുപ്രീംകോടതി ജഡ്ജിമാർ

ന്യൂഡൽഹി: പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസ് വിപുൽ മനുഭായ് പഞ്ചോളിയെയും ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസ് അലോക് ആരാധെയെയും സുപ്രീംകോടതി ജഡ്ജിമാരായി നിയമിച്ചു. ചീഫ് ജസ്റ്റിസ് ബി. ആർ. ഗവായ് അദ്ധ്യക്ഷനായഅഞ്ചംഗ



ജസ്റ്റിസ് വിപുൽ മനുഭായ് പഞ്ചോളി

കൊളീജിയത്തിന്റെ ഓഗസ്റ്റ് 25-ലെ ശിപാർശ കേന്ദ്രം അംഗീകരിച്ചതോടെയാണ് രാഷ്ട്രപതി നിയമനം നടത്തിയത്. ഗുജറാത്തിൽ നരേന്ദ്രമോദി സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് ഗവ. പ്ലീഡറായിരുന്ന ജസ്റ്റിസ് പഞ്ചോളിയുടെ നിയമനത്തെ കൊളീജിയത്തിലെ ജസ്റ്റിസ് ബി.വി. നാഗരത്ന എതിർത്തതായാണ് റിപ്പോർട്ട്.

2031 ഒക്ടോബറിൽ ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി വിരമിക്കുന്നതോടെ ജസ്റ്റിസ് പഞ്ചോളിക്ക് സുപ്രീംകോടതി ചീഫ് ജസ്റ്റിസാവാൻ അവസരമുണ്ട്. 2033 മേയ് 27 വരെ ചീഫ് ജസ്റ്റിസ് സ്ഥാനത്ത് തുടരാനാകും. ജസ്റ്റിസ് പഞ്ചോളിയെത്തുന്നതോടെ ഗുജറാത്തിൽ നിന്നുള്ള സുപ്രീം കോടതി ജഡ്ജി



ജസ്റ്റിസ് അലോക് ആരാധെ

മാരുടെ എണ്ണം മൂന്നാകും. ജസ്റ്റിസുമാരായ ജെ.ബി. പർദിവാലയും എൻ. വി. അൻജാരിയയുമാണ് മറ്റു രണ്ടു പേർ.

1968-ൽ അഹമ്മദാബാദിൽ ജനിച്ച ജസ്റ്റിസ് പഞ്ചോളി 1991-ലാണ് അഭിഭാഷകവൃത്തി തുടങ്ങിയത്. 1964-ൽ ജനിച്ച ആരാധെ 2009 ഡിസംബറിലാണ് മധ്യപ്രദേശ് ഹൈക്കോടതിയിൽ അഡീഷണൽ ജഡ്ജിയായത്.

# സാറാമ്മ അലക്സാണ്ടർ അന്തരിച്ചു



**ഡാളസ്:** ചെങ്ങന്നൂർ പടവുപുരയ്ക്കൽ പരേതനായ പി.സി. അലക്സാണ്ടറിന്റെ ഭാര്യ സാറാമ്മ അലക്സാണ്ടർ (90) അന്തരിച്ചു. ചെങ്ങന്നൂർ തിട്ടമേൽ മാർത്തോമ്മാസഭാ അംഗമായ പരേത തുമ്പമൺ മാമ്പിലാലിൽ വർക്കി സാറിന്റെയും ഓമല്ലൂർ ഉഴുവത്ത് മറിയാമ്മയുടെയും മകളാണ്. മക്കൾ: ചെറിയാൻ അലക്സാണ്ടർ (ബോബി), വർഗീസ് അലക്സാണ്ടർ (ജോജി) (ഇരുവരും ഡാളസ്), ഡോ. തോമസ് അലക്സാണ്ടർ (റെജി) (അയർലൻഡ്). മരുമക്കൾ: ലൈല അലക്സാണ്ടർ, സൂസൻ അലക്സാണ്ടർ, ഡോ. സാലി തോമസ്.

# വ്യോമസേനയുടെ ഭാഗമാകാൻ രണ്ട് തേജസ് മാർക്ക് 1 എ യുദ്ധവിമാനങ്ങൾ

ന്യൂഡൽഹി: സൈന്യത്തെ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി രണ്ട് തേജസ് മാർക്ക് 1 എ യുദ്ധവിമാനങ്ങൾ പൊതുമേഖലാസ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് (എച്ച്എഎൽ) സെപ്റ്റംബർ രണ്ടിന് വ്യോമസേനയ്ക്കു കൈമാറുമെന്ന് പ്രതിരോധ സെക്രട്ടറി ആർ.കെ. സിംഗ് അറിയിച്ചു.

2021 ഫെബ്രുവരിയിലാണ് 83 തേജസ് മാർക്ക് 1 എ ജെറ്റുകൾ നിർമിക്കുന്നതിന് 48,000 കോടി രൂപയുടെ കരാറിൽ എച്ച്എഎല്ലുമായി പ്രതിരോധമന്ത്രാലയം ഒപ്പിട്ടത്. എന്നാൽ കൈമാറ്റം വൈകിയതിനെത്തുടർന്ന് വിമർശനമുയർന്നിരുന്നു. പിന്നാലെയാണു രണ്ട് യുദ്ധവിമാനങ്ങൾ വ്യോമസേനയ്ക്കു കൈമാറുമെന്ന് പ്രതിരോധമന്ത്രാലയം അറിയിച്ചിരിക്കുന്നത്.

വിമാനത്തിന്റെ എഞ്ചിനുകൾ നൽകാൻ അമേരിക്കൻ പ്രതിരോധ കമ്പനിയായ ജിഇ എയ്റോസ്പേസ് കാലതാമസം വരുത്തിയതിനാലാണു നിശ്ചയിച്ച സമയപരിധിക്കുള്ളിൽ വിമാനങ്ങൾ കൈമാറാൻ സാധിക്കാതെപോയതെന്നാണ് എച്ച്എഎൽ നൽകുന്ന വിശദീകരണം. ഇതുകൂടാതെ 97 തേജസ് യുദ്ധവിമാനങ്ങളുടെ ഒരു ബാച്ച് കൂടി വാങ്ങുന്നതിന് പ്രതിരോധമന്ത്രാലയം എച്ച്എഎല്ലുമായി 67,000 കോടി രൂപയുടെ പുതിയ കരാറും ഒപ്പുവെക്കുന്നുണ്ട്.

ഇപ്പോഴുള്ള കരാറിലെ രണ്ട് തേജസ് വിമാനങ്ങൾ കൈമാറിയതിനുശേഷം മാത്രമേ പുതിയ കരാറിൽ ഒപ്പുവെക്കുകയുള്ളൂവെന്ന് പ്രതിരോധ സെക്രട്ടറി വ്യക്തമാക്കി. പുതിയ കരാറിന്റെ കാലാവധി നാലോ അഞ്ചോ വർഷമായിരിക്കും.

# സീറോമലബാർ സഭയ്ക്ക് നാല് പുതിയ അതിരൂപതകൾ

കൊച്ചി: സീറോമലബാർ സഭയ്ക്ക് കേരളത്തിനുപുറത്ത് ആദ്യമായി നാല് അതിരൂപതകൾ. ഫരീദാബാദ്, ഉജ്ജയിൻ, കല്യാൺ, ഷംഷാബാദ് രൂപതകളെയാണ് അതിരൂപതകളായി ഉയർത്തിയത്. യഥാക്രമം മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ എന്നിവരെ ഈ അതിരൂപതകളിൽ ആർച്ച്ബിഷപ്പുമാരായി നിയമിച്ചു. ഇതോടെ കേരളത്തിലെ അഞ്ചെണ്ണമുൾപ്പെടെ സീറോമലബാർ സഭയിലെ അതിരൂപതകളുടെ എണ്ണം ഒമ്പതായി.

മാർ ലോറൻസ് മുക്കുഴി ആരോഗ്യ കാരണങ്ങളാൽ രാജിവെച്ച ഒഴിവിൽ ബൽത്തങ്ങാടി രൂപതാ ബിഷപ്പായി മോൺ. ജെയിംസ് പട്ടേരിലിനെ നിയമിച്ചു. അദിലാബാദ് രൂപതാദ്ധ്യക്ഷനായിരുന്ന മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ ഷംഷാബാദ് രൂപതാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട ഒഴിവിൽ അദിലാബാദ് ബിഷപ്പായി മോൺ. ജോസഫ് തച്ചാപറമ്പത്തിനെയും നിയമിച്ചു. കേരളത്തിനുപുറത്തുള്ള 12 രൂപതകളുടെ അതിർത്തി പുനർനിർണയിച്ചിട്ടുണ്ട്. തമിഴ്നാട്ടിലെ ഹൊസൂർ രൂപത തൃശൂർ അതിരൂപതയുടെ സാമന്ത രൂപതയാക്കി.

പുതിയ അതിരൂപത, നിയമനം, അതിർത്തി പുനർനിർണയ പ്രഖ്യാപനം മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ നിർവഹിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന സഭയുടെ സിനഡ് സമ്മേളനത്തിലെ ഇതു സംബന്ധിച്ച തീരുമാനങ്ങൾക്ക് വത്തിക്കാന്റെ അംഗീകാരം ലഭിച്ചതോടെയാണ് ഓഗസ്റ്റ് 28-ന് വൈകുന്നേരം 3.30-ന് സഭാ ആസ്ഥാനത്തു പ്രഖ്യാപനം നടത്തിയത്. ഇറ്റാലിയൻ സമയം ഉച്ചയ്ക്ക് 12-ന് വത്തിക്കാനിലും പ്രഖ്യാപനം നടന്നു. പുതിയ മെത്രാന്മാരെ മേജർ ആർച്ച്ബിഷപ് സ്ഥാനചിഹ്നങ്ങൾ അണിയിച്ചു. പുതിയ ആർച്ച്ബിഷപ്പുമാർക്ക് അദ്ദേഹം നിയമനപത്രങ്ങൾ കൈമാറി. ക്ലരീഷ്യൻ സന്യാസസമൂഹാംഗമായ മോൺ. പട്ടേരിൽ ജർമനിയിലെ വ്യൂർസ്ബുർഗ് പ്രൊവിൻഷ്യൽ പ്രൊക്യുറേറ്ററായി സേവനം ചെയ്യുന്നതിനിടെയാണ് മെത്രാനായി നിയമിക്കപ്പെട്ടത്. ഇന്ത്യയിലെ ആദ്യത്തെ ക്ലരീഷ്യൻ മെത്രാനാണ് ഇദ്ദേഹം.

സിഎംഐ സന്യാസസമൂഹാംഗമായ മോൺ. തച്ചാപറമ്പത്തിന് ഛാന്ദാ മാർതോമ്മ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സേവനമനുഷ്ഠിക്കുന്നതിനിടെയാണു മെത്രാൻനിയോഗമെത്തുന്നത്.

2017 ഒക്ടോബർ ഒമ്പതിന് ഷംഷാബാദ് രൂപത സ്ഥാപിക്കപ്പെട്ടതോടെയാണു സീറോമലബാർ സഭയ്ക്കു ഭാരതം മുഴുവൻ അജപാലനാവകാശം ലഭിച്ചത്. ഇപ്പോൾ ഷംഷാബാദിനു പുറമെ, അദിലാബാദ്, ബിജ്നോർ, ഛാന്ദ, ഗോരക്പുർ, കല്യാൺ, ജഗ്ദൽപുർ, രാജ്കോട്ട്, സാഗർ, സത്ന, ഉജ്ജയിൻ, ഫരീദാബാദ് രൂപതകളുടെ അതിർത്തികളാണു പുനർനിർണയിച്ചത്.



സീറോമലബാർ സഭയിൽ പുതുതായി നിയമിതരായ നിയുക്ത ബിഷപ് മോൺ. ജോസഫ് തച്ചാപറമ്പത്ത്, ഉജ്ജയിൻ ആർച്ച് ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ, ഫരീദാബാദ് ആർച്ച് ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, കല്യാൺ ആർച്ച് ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ബൽത്തങ്ങാടി നിയുക്ത ബിഷപ് മോൺ. ജെയിംസ് പട്ടേരിൽ, ഷംഷാബാദ് ആർച്ച് ബിഷപ് മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ എന്നിവർ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലിനൊപ്പം.

## കരിമണലിൽനിന്ന് കാന്തം: 1900 കോടിയുടെ കേന്ദ്ര പദ്ധതി

തിരുവനന്തപുരം: വ്യവസായമേഖലയിലും സാങ്കേതികവിദ്യയിലും വിപ്ലവകരമായ മാറ്റത്തിന് വഴിയൊരുക്കിയ നിയോഡൈമിയം കാന്തം പൂർണമായും ഇന്ത്യയിൽ നിർമിക്കാൻ കേന്ദ്രഘന വ്യവസായ മന്ത്രാലയം. 2027-ഓടെ ഇന്ത്യയിൽ പലയിടത്തായി നിർമാണ പ്ലാന്റുകൾ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്പോൾ നിയോഡൈമിയം കാന്തം കൂടുതലും ചൈനയിൽനിന്ന് ഇറക്കുമതി ചെയ്യുകയാണ്. കാന്തനിർമിതിക്കാവശ്യമായ നിയോഡൈമിയം എന്ന അപൂർവലോഹത്തിന്റെ ഉത്പാദനമാണ് പ്രധാന ദൗത്യം. ഇതിനായി കരിമണലിൽ (മോണോസൈറ്റ്) അടങ്ങിയിട്ടുള്ള നിയോഡൈമിയം ഓക്സൈഡിനെ (പൊടി രൂപത്തിൽ) ഖനനം ചെയ്തെടുക്കാനാണ് നീക്കം. കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരപ്രദേശം കേന്ദ്രീകരിച്ചായിരിക്കും ഖനനം. ഒഡീഷ തീരവും പരിഗണനയിലുണ്ട്. 1900 കോടി രൂപയാണ് പദ്ധതിക്കായി കേന്ദ്രസർക്കാർ ചെലവഴിക്കുന്നത്. ആണവോർജമന്ത്രാലയത്തിനു കീഴിലുള്ള അറ്റോമിക് മിനറൽസ് ഡിപ്പാർട്ട്മെന്റിനാണ് (എഎംഡി) ഖനനാവകാശം. ഖനനത്തിലൂടെ ലഭിക്കുന്ന നിയോഡൈമിയം ഓക്സൈഡിനെ രാസപ്രക്രിയയിലൂടെ ലോഹമാക്കി മാറ്റും.

## സർക്കാരിന്റെ വികസന സദസ്സ് തദ്ദേശസ്ഥാപനങ്ങളുടെ ചെലവിൽ

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിനു മുന്നോടിയായി സർക്കാർ മുൻകയ്യെടുത്തു നടത്തുന്ന പ്രചാരണ പരിപാടിയായ 'വികസന സദസ്സു'കളുടെ നടത്തിപ്പ് ഭാരം അതതു തദ്ദേശസ്ഥാപനങ്ങളുടെ ചുമലിൽ വെച്ചു.

ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി നടത്തിയ 'നവകേരള സദസ്സി'നു സമാനമാണ് പുതിയ രാഷ്ട്രീയ പ്രചാരണ പരിപാടിയായ 'വികസന സദസ്സ്'. നികുതിയായും ലൈസൻസ്-പെർമിറ്റ് ഫീസായും ജനങ്ങളിൽനിന്നും വ്യാപാരസ്ഥാപനങ്ങളിൽനിന്നും പിരിക്കുന്ന തനതു ഫണ്ടാണ് ഇതിനു ചെലവിടേണ്ടത്.

സെപ്റ്റംബർ 20 മുതൽ ഒക്ടോബർ 20 വരെയായാണ് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ തലങ്ങളിൽ സദസ്സുകൾ സംഘടിപ്പിക്കേണ്ടത്. സർക്കാരിന്റെ നേട്ടങ്ങളും സദസ്സുകളിൽ പ്രചരിപ്പിക്കണം. ഇതിനു പിന്നാലെ നവംബറിലാകും തദ്ദേശ തെരഞ്ഞെടുപ്പ്.

ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 2 ലക്ഷം രൂപ, നഗരസഭകൾക്ക് നാല് ലക്ഷം, കോർപറേഷനുകൾക്ക് ആറ് ലക്ഷം എന്നിങ്ങനെ ചെലവിടാനാണ് അനുമതി. തനത്/പ്ലാൻ ഫണ്ടിൽ നിന്നു പണം ചെലവഴിക്കണമെന്നാണ് തദ്ദേശ വകുപ്പ് സ്പെഷൽ സെക്രട്ടറിയുടെ ഉത്തരവ്. ആവശ്യമെങ്കിൽ സ്പോൺസർഷിപ് തേടാം.

ഭൂരിഭാഗം തദ്ദേശ സ്ഥാപനങ്ങളും തനതു ഫണ്ടിന്റെ അപര്യാപ്തത നേരിടുമ്പോഴാണ് രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള പരിപാടിക്കു പണം കണ്ടെത്തേണ്ടി വരുന്നത്.

പരിപാടിയുടെ ഭാഗമാകുന്നത് സംബന്ധിച്ച് യുഡിഎഫ് തീരുമാനമെടുത്തിട്ടില്ല. നവകേരള സദസ്സ് യുഡിഎഫ് ബഹിഷ്കരിച്ചിരുന്നു.

## രണ്ട് യുദ്ധക്കപ്പലുകൾ കമ്മീഷൻ ചെയ്തു

വിശാഖപട്ടണം: നാവികസേനയ്ക്ക് കരുത്തേകി രണ്ട് സ്റ്റെൽത്ത് യുദ്ധക്കപ്പലുകൾ കമ്മീഷൻചെയ്തു. 75 ശതമാനവും തദ്ദേശീയമായി നിർമിച്ച ഐഎൻഎസ് ഹിമഗിരി, ഉദയഗിരി സ്റ്റെൽത്ത് കപ്പലുകളാണ് വിശാഖപട്ടണത്തുനടന്ന ചടങ്ങിൽ കമ്മീഷൻചെയ്തത്. കിഴക്കൻ കടൽത്തീരംവഴിയുള്ള ശത്രുക്കളുടെ ഭീഷണി ഒഴിവാക്കാൻ ഈ മേഖലയിലാകും കപ്പലുകൾ നങ്കൂരമിടുക. കമ്മീഷൻ ചടങ്ങിൽ പ്രതിരോധമന്ത്രി രാജ്നാഥ് സിങ് അദ്ധ്യക്ഷത വഹിച്ചു.

പ്രോജക്ട് 17 ആൽഫ (പി17എ) ക്ലാസ് സ്റ്റെൽത്ത് ഫ്രിഗേറ്റുകളിൽനിന്നുള്ള രണ്ടാമത്തെ കപ്പലാണ് ഉദയഗിരി. മുംബൈയിലെ മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡാണ് (എംഡിഎൽ) നിർമിച്ചത്. ഏകദേശം 6700 ടൺ ഭാരമുള്ള പി17എ ക്ലാസ് ഫ്രിഗേറ്റുകൾ, നേരത്തേയുണ്ടായിരുന്ന ശിവാലിക് ക്ലാസിനെക്കാൾ വലുപ്പമേറിയതാണ്. നാവികസേനയുടെ യുദ്ധക്കപ്പൽ ഡിസൈൻ ബ്യൂറോ രൂപകല്പന ചെയ്ത 100-ാമത്തെ കപ്പലാണ് ഉദയഗിരി. കൊൽക്കത്തയിലെ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആൻഡ് എഞ്ചിനിയേഴ്സ് (ജിആർഎസ്ഇ) നിർമിക്കുന്ന പി17എ കപ്പലുകളിൽ ആദ്യത്തേതാണ് ഹിമഗിരി. ഇതിൽ എംഎച്ച് 60 റോമിയോ, എഎൽഎച്ച് ധ്രുവ് എംകെ3, സീകിങ് ഹെലികോപ്റ്ററുകൾക്കുള്ള ഫ്ളൈറ്റ് ഡെക്ക് ഹാങ്ങറുണ്ട്. രണ്ട് പ്രമുഖ കപ്പൽശാലകളിൽനിന്നുള്ള രണ്ട് പ്രധാന യുദ്ധക്കപ്പലുകൾ ഒരേസമയം കമ്മീഷൻ ചെയ്യുന്നത് ആദ്യമാണ്.






# ഇ വിറ്റാര ഉൽപാദനം തുടങ്ങി; ആദ്യ യൂണിറ്റ് ഫ്ളാഗ് ഓഫ് ചെയ്ത് പ്രധാനമന്ത്രി

അഹമ്മദാബാദ്: ഗുജറാത്തിലെ ഹൻസൽപുർ പ്ലാന്റിൽ മാരുതി സുസുക്കിയുടെ ആദ്യ ഇലക്ട്രിക് വാഹനമായ ഇ വിറ്റാര എസ്‌യുവി പ്രധാനമന്ത്രി നരേന്ദ്രമോദി ഫ്ളാഗ് ഓഫ് ചെയ്തു. ഇതിനൊപ്പം ലിഥിയം അയോൺ ബാറ്ററി നിർമാണ പ്ലാന്റും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ഏതാനും വർഷം മുൻപുവരെ ഇത്തരം ബാറ്ററികൾ ഇന്ത്യ ഇറക്കുമതി ചെയ്യുകയായിരുന്നു.



ഗുജറാത്തിലെ ഹൻസൽപുർ പ്ലാന്റിൽ മാരുതി സുസുക്കിയുടെ ആദ്യ ഇലക്ട്രിക് വാഹനം ഇ വിറ്റാര എസ് യുവി പ്രധാനമന്ത്രി നരേന്ദ്രമോദി, സുസുക്കി മോട്ടോർ കോർപറേഷൻ പ്രസിഡണ്ട് തോഷിഹിറോ സുസുക്കി എന്നിവർ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

പൂർണമായി ഇന്ത്യയിൽ നിർമിക്കുന്ന ഇ വിറ്റാര നൂറിലേറെ രാജ്യങ്ങളിലേക്കു കയറ്റുമതി ചെയ്യുമെന്ന് കമ്പനി അറിയിച്ചു. ആദ്യം യൂറോപ്പിൽ അവതരിപ്പിച്ച ഇ വിറ്റാര കഴിഞ്ഞ ജനുവരിയിൽ ഡൽഹിയിൽ നടന്ന ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോയിലും അവതരിപ്പിച്ചിരുന്നു.

ഇലക്ട്രിക് വാഹനങ്ങൾക്കായി മാരുതി സുസുക്കി വികസിപ്പിച്ച ഹാർട്ടെക്സ്-ഇ എന്ന പ്ലാറ്റ്ഫോമിലാണ് വാഹനം ഒരുക്കുന്നത്. 49 കിലോവാട്ട്, 61 കിലോവാട്ട് എന്നിങ്ങനെ രണ്ട് ബാറ്ററി ഓപ്ഷനുകളുണ്ട്. ഒറ്റത്തവണ ചാർജിങ്ങിൽ 500 കിലോമീറ്ററാണ് റേഞ്ച്. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ, ജപ്പാൻ അംബാസഡർ കെയ്ചി ഒനോ, സുസുക്കി മോട്ടോർ കോർപറേഷൻ പ്രസിഡണ്ട് തോഷിഹിറോ സുസുക്കി തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ചടങ്ങ്.

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഇന്ത്യയിൽ 70,000 കോടി നിക്ഷേപിക്കുമെന്ന് തോഷിഹിറോ സുസുക്കി പ്രഖ്യാപിച്ചു. ഗുജറാത്തിലെ പ്ലാന്റ് ലോകത്തിലെ ഏറ്റവും വലിയ ഓട്ടമൊബീൽ നിർമാണ കേന്ദ്രമാക്കി മാറ്റുകയാണു ലക്ഷ്യം. 20 ലക്ഷം രൂപയായിരിക്കും ഇ വിറ്റാരയുടെ പ്രാരംഭ വിലയെന്നാണു പ്രതീക്ഷിക്കുന്നത്.

## മോദിയുടെ ജനപ്രീതിയിൽ ഇടിവ്

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജനപ്രീതിയിൽ ഇടിവെന്ന് സർവേ. ഇന്ത്യ ടുഡേ- സി വോട്ടർ മൂഡ് ഓഫ് ദ നേഷൻ സർവേയാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഫെബ്രുവരിയിൽ ഇതേ ഏജൻസിയുടെ സർവേയിൽ മോദിയുടെ പ്രകടനം മികച്ചതെന്ന് അഭിപ്രായപ്പെട്ടത് 62 ശതമാനം പേരായിരുന്നു. പുതിയ സർവേയിൽ ഇത് 58 ശതമാനമായി കുറഞ്ഞു. ആറു മാസത്തിനിടെ നാലു ശതമാനം. എൻഡിഎ സർക്കാരിന്റെ പ്രകടനത്തിലും ഇടിവുണ്ടായി. സർക്കാരിന്റെ പ്രവർത്തനം മികച്ചതെന്ന് ഫെബ്രുവരിയിൽ 62.1 ശതമാനം പേർ അഭിപ്രായപ്പെട്ടപ്പോൾ ഓഗസ്റ്റിൽ അത് 52.4 ആയി കുറഞ്ഞു. അതായത്, സർക്കാരിന്റെ ജനപ്രീതി ആറു മാസത്തിനിടെ പത്തു ശതമാനം ഇടിഞ്ഞു.

പ്രധാനമന്ത്രി മോദിയുടെ മൂന്നാം ടേമിലെ ഇതുവരെയുള്ള പ്രകടനം മികച്ചത് എന്ന് 34.2 ശതമാനം പേർ അഭിപ്രായപ്പെട്ടു. ഫെബ്രുവരിയിൽ 36.1 ശതമാനം പേരായിരുന്നു സമാന അഭിപ്രായം പ്രകടിപ്പിച്ചത്.

മോദിയുടെ പ്രകടനം നല്ലത് എന്നാണ് 23.8 ശതമാനം പേരും ശരാശരിയെന്ന് 12.7 ശതമാനം പേരും വിലയിരുത്തുമ്പോൾ പ്രകടനം മോശമാണെന്നാണു 12.6 ശതമാനം പേരുടെ അഭിപ്രായം. മോദിയുടെ പ്രകടനം വളരെ മോശമാണെന്ന് 13.8 ശതമാനം പേർ പറയുന്നു. ജൂലൈ ഒന്നിനും ഓഗസ്റ്റ് 14 -നും ഇടയിലാണ് സർവേ നടത്തിയത്.

## അമീബിക് മസ്തിഷ്കജ്വരം: രണ്ടു മരണം

കോഴിക്കോട്: അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കേരളത്തിൽ 24 മണിക്കൂറിനിടെ രണ്ടു മരണം. മൂന്ന് മാസം പ്രായമുള്ള കുഞ്ഞും മധ്യവയസ്കയുമാണ് മരിച്ചത്. ഓഗസ്റ്റ് 31-നാണ് രണ്ടു മരണവും ഉണ്ടായത്. മൂന്നു മാസം പ്രായമുള്ള കുഞ്ഞ് കഴിഞ്ഞ ഒരു മാസമായി കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്നു. 31-ന് പതിനൊന്നു മണിയോടെയാണ് മരണം സംഭവിച്ചത്. വീട്ടിലെ കിണർ വെള്ളമാണ് രോഗകാരണമായ ജലസ്രോതസ് എന്നാണ് വിവരം.

മലപ്പുറം കണ്ണമംഗലം കാപ്പിൽ ആറാം വാർഡിലെ കണ്ണേത്ത് മുഹമ്മദ് ബഷീറിന്റെ ഭാര്യ റംല (52) ആണ് മരിച്ച മധ്യവയസ്ക. ജൂലൈ എട്ടിന് രോഗലക്ഷണങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് ചികിത്സ ആരംഭിച്ചിരുന്നു.

ഗുരുതരമായതോടെ നാലിന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അഞ്ചിന് തീവ്രപരിചരണ വിഭാഗത്തിൽ അടിയന്തര ചികിത്സ നൽകി.

26-ന് പനിയും ഛർദിയും ഉണ്ടായതോടെ ആരോഗ്യനില വീണ്ടും വഷളായി. 31-ന് പുലർച്ചെയാണ് മരിച്ചത്. കബറടക്കം നടത്തി.

മക്കൾ: മുഹമ്മദ് റാഷിദ്, മുഹമ്മദ് യാസർ, റൈഹാനത്ത്. മരുമക്കൾ: അനീസുന്നിസ, ജസീല, മുഹമ്മദ് അനീസ്.

## ശസ്ത്രക്രിയ പിഴവ്: ഡോക്ടർക്കെതിരെ കേസെടുത്തു

തിരുവനന്തപുരം: തൈറോയ്ഡ് ഗ്രന്ഥി നീക്കംചെയ്യുന്നതിനുള്ള ശസ്ത്രക്രിയയ്ക്കിടെ ഗൈഡ് വയർ നെഞ്ചിൽ കുടുങ്ങിയ സംഭവത്തിൽ ജനറൽ ആശുപത്രിയിലെ ഡോ. രാജീവ് കുമാറിനെതിരെ പോലീസ് കേസെടുത്തു. കാട്ടാക്കട കിള്ളി തൊളിക്കോട്ടുകോണം റസിയ മൻസിലിൽ എസ്. സുമയ്യയുടെ (26) ശരീരത്തിൽ കുടുങ്ങിയ വയർ തിരിച്ചെടുക്കാനുള്ള ചികിത്സ നടത്തുമെന്നും അതിനു കഴിഞ്ഞില്ലെങ്കിൽ നഷ്ടപരിഹാരം നൽകുമെന്നും ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു.



എസ്. സുമയ്യ

സുമയ്യയുടെ മൊഴിയിൽ മ്യൂസിയം പോലീസാണ് കേസെടുത്തത്. മറ്റുള്ളവരുടെ ജീവനോ വ്യക്തിപരമായ സുരക്ഷയോ അപകടത്തിലാക്കുന്ന പ്രവൃത്തി, ഗുരുതരമായ പരുക്കേൽപിക്കൽ എന്നീ കുറ്റങ്ങൾക്കുള്ള വകുപ്പുകളാണു ചുമത്തിയത്. സുമയ്യയും ബന്ധുക്കളും ആരോഗ്യ ഡയറക്ടർ ഡോ. കെ.ജെ. റീനയെ കാണാൻ ഓഗസ്റ്റ് 29 -ന് ഡയറക്ടറേറ്റിൽ എത്തിയിരുന്നു. ഈയിടെ ഡയറക്ടർ ഇറക്കിയ പത്രക്കുറിപ്പിൽ വസ്തുതാവിരുദ്ധമായ കാര്യങ്ങളാണെന്നു പറയുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ പരാതിയിൽ എന്തു നടപടി എടുത്തുവെന്നു ചോദിക്കുന്നതിനുമായിരുന്നു ഇത്. ഡോ. റീന ഇല്ലാതിരുന്നതിനാൽ അഡീ. ഡയറക്ടർ ഡോ. ഷിനു എത്തിയാണ് തുടർചികിത്സ സംബന്ധിച്ച ഉറപ്പു നൽകിയത്. നാല് ദിവസത്തിനകം കൃത്യമായ മറുപടി നൽകും.

## മിഡാസ് ഗ്രൂപ്പ് ഉടമ ജോർജ് വർഗീസ് അന്തരിച്ചു



കോട്ടയം: വ്യവസായിയും പ്ലാന്ററും മിഡാസ് ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ഉടമയുമായ കോട്ടയം പനംപുന്നയിൽ ജോർജ് വർഗീസ് (85) അന്തരിച്ചു.

മിഡാസ് മൈലേജ് എന്ന പേരിൽ ഇന്ത്യയിലൊട്ടാകെയും വിദേശത്തും എയർ ട്രേഡിംഗ് മെറ്റീരിയൽ നിർമിച്ചു വിപണനം നടത്തുന്ന വ്യവസായങ്ങളുടെ സ്ഥാപകനാണ്. കേരളത്തിനകത്തും ഇതര സംസ്ഥാനങ്ങളിലുമായി വിവിധ വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

പ്രമുഖ പ്ലാന്ററായിരുന്ന പരേതനായ ബേക്കർ ഫെൻ വർഗീസാണു പിതാവ്. സാമൂഹിക പ്രവർത്തകയും പാചക ഗ്രന്ഥങ്ങളുടെ രചയിതാവുമായിരുന്ന പരേതയായ മിസിസ് ബി.എഫ്. വർഗീസാണ് മാതാവ്. പരേതയായ മറിയം വർഗീസാണ് ഭാര്യ. മക്കൾ: സാറാ വർഗീസ്, പരേതയായ അന്ന വർഗീസ്, വർക്കി വർഗീസ്, പൗലോസ് വർഗീസ്. മരുമക്കൾ: ഡോ. മാത്യു ജോർജ് കുരുടാമണ്ണിൽ (യുഎസ്), തരുൺ ചന്ദ (ഡൽഹി), ദിവ്യ വർഗീസ് പുല്ലുംപ്ലായിൽ, മാലിനി മാത്യു തയ്യിൽ കണ്ടത്തിൽ.



# ഭൂപതിവ് ചട്ടങ്ങൾക്ക് അംഗീകാരം

തിരുവനന്തപുരം: നിയമസഭ പാസാക്കിയ ഭൂപതിവ് നിയമഭേദഗതിയുടെ ചട്ടങ്ങൾ മന്ത്രിസഭായോഗം അംഗീകരിച്ചു. ഇനി നിയമസഭ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം നേടണം. മലയോര ജനത നേരിടുന്ന ഭൂപ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ ഇതു സഹായകമാകുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭേദഗതി നിയമം പ്രാബല്യത്തിൽവന്ന 2024 ജൂൺ ഏഴു വരെ ഇത്തരം ഭൂമിയിലെ വകമാറ്റിയുള്ള വിനിയോഗങ്ങൾ ക്രമീകരിക്കുന്നതിനും പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ വ്യവസ്ഥകളോടെ അനുമതി നൽകുന്നതിനും ഈ ഭേദഗതി സഹായകമാകും.

രണ്ടു ചട്ടങ്ങളാണ് സർക്കാർ കൊണ്ടുവരുന്നത്. പതിച്ചുകിട്ടിയ ഭൂമിയിൽ ഇതുവരെ ഉണ്ടായിട്ടുള്ള വകമാറ്റിയുള്ള വിനിയോഗം ക്രമീകരിക്കുന്നതിനുള്ള ചട്ടങ്ങളും കൃഷിക്കും ഗൃഹനിർമാണത്തിനും മറ്റുമായി പതിച്ചു നൽകിയ ഭൂമി പ്രധാനമായും ജീവനോപാധി ലക്ഷ്യമാക്കിയുള്ള മറ്റു വിനിയോഗത്തിനു അനുവദിക്കുന്നതിനുള്ള ചട്ടങ്ങളും. ജീവനോപാധിക്കായി പട്ടയഭൂമി വിനിയോഗിക്കുന്നതിന് അനുമതിക്കായുള്ള രണ്ടാമത്തെ ചട്ടങ്ങൾ ഇതിനു തുടർച്ചയായി പരിഗണിക്കും.

കേരളത്തിൽ പട്ടയം വഴി സർക്കാർ ഭൂമി ലഭിച്ച ഏതൊരാൾക്കും അവരുടെ ജീവനോപാധിക്കായുള്ള സ്വതന്ത്ര വിനിയോഗത്തിന് തടസം സൃഷ്ടിക്കരുതെന്നതാണ് സർക്കാരിന്റെ നിലപാടെന്നു മുഖ്യമന്ത്രി വ്യക്തമാക്കി.

2023 സെപ്റ്റംബർ 14-നാണ് ഭൂപതിവ് നിയമഭേദഗതി നിയമസഭ പാസാക്കിയത്. 2024 ഏപ്രിൽ 27-ന് ഗവർണർ ബിൽ അംഗീകരിച്ചു. പുതിയ നിയമഭേദഗതി അനുസരിച്ച് 'പതിവുകാരൻ' (ഉടമസ്ഥൻ) എന്നത് ഭൂമി പതിച്ചുകിട്ടിയ വ്യക്തിയും അനന്തരാവകാശിയും പിന്തുടർച്ചാവകാശിയും ഭൂപതിവ് വ്യവസ്ഥകൾ ലംഘിച്ച ശേഷമുള്ള കൈമാറി ലഭിച്ച ഉടമസ്ഥനും ഉൾപ്പെടുന്നു. ഇക്കാരണത്താൽ നിലവിലുള്ള ഉടമസ്ഥന് തന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുള്ള രേഖകൾ മാത്രം സമർപ്പിച്ചാൽ മതിയാകും. അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ഓൺലൈൻ പോർട്ടൽ ഏർപ്പെടുത്തും. അപേക്ഷ സമർപ്പിക്കാനും അതിലെ തുടർനടപടികൾ നിരീക്ഷിക്കാനും നടപടി സ്വീകരിക്കും. വകമാറ്റിയുള്ള വിനിയോഗം ക്രമീകരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ ഒരു വർഷം വരെ സമയമനുവദിക്കും. ആവശ്യമെങ്കിൽ കാലാവധി നീട്ടി നൽകുകയും ചെയ്യും. ഇക്കാരണത്താൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് സാവകാശവും ലഭിക്കും. പതിച്ചു കിട്ടിയ ഭൂമിയിലെ പട്ടയവ്യവസ്ഥ ലംഘിച്ച് എത്ര അളവ് ഭൂമി മറ്റൊരാവശ്യത്തിന് വിനിയോഗിച്ചിട്ടുണ്ടോ, ആ ഭൂമിയിലെ വകമാറ്റിയുള്ള വിനിയോഗം മാത്രമാണ് ക്രമീകരിക്കുക. ബാക്കിയുള്ള ഭൂമി നേരത്തേയുള്ള പട്ടയവ്യവസ്ഥയ്ക്ക് വിധേയമായിരിക്കും. ഇവിടെ മറ്റാവശ്യങ്ങൾ നിർവഹിക്കുന്നതിന് പ്രത്യേക അനുമതി നേടേണ്ടതാണ്. അതായത്, ക്രമവിരുദ്ധമായ പ്രവർത്തനങ്ങളൊന്നും തന്നെ പിന്നീട് അനുവദിക്കില്ല.

## ബെംഗ്ളൂരു മലയാളികളുടെ ഓണപ്പാട്ടിന് അന്താരാഷ്ട്ര അംഗീകാരം

ബെംഗ്ളൂരു: ഓണവും നാടും പ്രകൃതിയും കേരളത്തനിമയും കോർത്തിണങ്ങുന്ന തക തെയ് തെയ് തക തെയ് ..... എന്ന വായ്ത്താരി റോക്ക് സംഗീതത്തിന്റെ ചടുലതാളത്തിൽ അവതരിപ്പിച്ചപ്പോൾ അന്താരാഷ്ട്ര അംഗീകാരം. ബെഗ്ളൂരു ഐടി മലയാളികളുടെ '11 ദ ബാൻഡ് 'പുറത്തിറക്കിയ തക തെയ് എന്ന ഓണപ്പാട്ടിന് ഏഷ്യൻ റോക്ക് വിഭാഗത്തിൽ ഈ വർഷത്തെ ഇന്റർ കോണ്ടിനെന്റൽ മ്യൂസിക് പുരസ്കാരം ലഭിച്ചു.

പ്രശസ്ത പിന്നണി ഗായിക മൃദുലാ വാരിയരുടെ ജ്യേഷ്ഠനും ഗായകനുമായ ജയ്ദീപ് വാരിയരാണ് '11 ദ ബാൻഡിന്റെ' അമരക്കാരനും പ്രധാന ഗായകനും. വി. കെ. റോഷന്റേതാണ് ഗാനരചന. വിമൽ (കീബോർഡ്), ബിപിൻ (മ്യൂസിക് ആൻഡ് ബാസ്), പി.എസ്. പ്രീത് (പ്രോഗ്രാമിങ്), പി. എസ്. പ്രശാന്ത്(ഡ്രംസ്), ഷാജി ചുണ്ടൻ (റിഥം ഗിറ്റാർ), ശാലിനി പ്രമോദ്( പ്രൊഡക്ഷൻ) എന്നിവരും അണിയറയിലുണ്ട്. 11 ദ ബാൻഡിന്റെ ആദ്യഗാനമാണ് തക തെയ്. പിന്നീടിറങ്ങിയ 'തിറ' എന്ന ഗാനവും ശ്രദ്ധ നേടി.

## ഡോ. ജാൻസി ജെയിംസിന്റെ രണ്ട് പുസ്തകങ്ങൾ പ്രകാശനം ചെയ്തു

തിരുവനന്തപുരം: മുൻ വൈസ് ചാൻസലർ പ്രഫ. ഡോ. ജാൻസി ജെയിംസിന്റെ ഇംഗ്ലീഷിലുള്ള രണ്ട് പുസ്തകങ്ങൾ പ്രകാശനം ചെയ്തു. ഫെമിനിസ്റ്റ് സാഹിത്യത്തെക്കുറിച്ചുള്ള പഠനങ്ങളുടെ സമാഹാരമായ 'എമ്പവറിങ് സബ് വേർഷൻസ്' മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ, തിരുവനന്തപുരം എം.ജി. കോളജിന്റെ മുൻ പ്രിൻസിപ്പൽ ഡോ. ഹേമ നായർക്കു നല്കി പ്രകാശനം ചെയ്തു.

സമൂഹം, ഭാഷ, സാഹിത്യം എന്നീ മേഖലകളിലുള്ള പഠനങ്ങളുടെ സമാഹാരമായ 'എക്സ്പോസിഷൻസ്' മുൻ അംബാസഡർ ടി.പി. ശ്രീനിവാസൻ, പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് വകുപ്പ് മുൻമേധാവി ഡോ. മുരളി ശിവരാമകൃഷ്ണനു നല്കി പ്രകാശനം ചെയ്തു.

പ്രിയദർശിനി പബ്ലിക്കേഷൻസ് വൈസ് ചെയർമാൻ അഡ്വ. പഴകുളം മധു അദ്ധ്യക്ഷത വഹിച്ചു. ഡോ. ജാൻസി ജെയിംസ് പുസ്തകങ്ങൾ പരിചയപ്പെടുത്തി. വല്ലാത്ത് ബുക്സ് എംഡി ഡോ. കല്യാണി വല്ലാത്ത് സ്വാഗതവും ഡോ. സുദീപ് എൻ. കൃതജ്ഞതയും പറഞ്ഞു.

പുസ്തകപ്രകാശനം ആഘോഷിച്ചുകൊണ്ടുള്ള ഒരു ഗാനാർച്ചന തിരുവനന്തപുരം ഓർഫയൂസ് ക്ലബ് അംഗങ്ങൾ നടത്തി. എംപവറിങ് സബ് വേർഷൻസ് വല്ലാത്ത് ബുക്സും എക്സ്പോസിഷൻസ് പ്രിയദർശിനി പബ്ലിക്കേഷൻസുമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. രണ്ട് പുസ്തകങ്ങളും ആമസോൺ വഴി വാങ്ങാവുന്നതാണ്.



പുസ്തകപ്രകാശനത്തിനുശേഷം വിശിഷ്ടാതിഥികൾ പുസ്തകങ്ങളുമായി.

## റവ. ഫിലിപ്പ് വർഗീസ് അന്തരിച്ചു




ഡിട്രോയിറ്റ്: മാർത്തോമ സഭയിലെ സീനിയർ പട്ടക്കാരനും കൺവൻഷൻ പ്രസംഗകനും ആയിരുന്ന ഫിലിപ്പ് വർഗീസ് അച്ചൻ (87) ഡിട്രോയിറ്റിൽ അന്തരിച്ചു. വെൺമണി വാതല്ലൂർ കുടുംബത്തിൽ വെട്ടത്തേത് പരേതരായ വി.ഇ. ഫിലിപ്പിന്റെയും ഗ്രേസി ഫിലിപ്പിന്റെയും മൂന്നാമത്തെ മകനായ അച്ചൻ വെൺമണി മാർത്തോമാ ഹൈസ്കൂളിലും പന്തളം എൻ.എസ്.എസ് കോളജിലും പഠനം പൂർത്തിയാക്കിയ ശേഷം കൊമ്പാടി മാർത്തോമാ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നേടിയ തിരുവചന പഠനവും കോട്ടയം മാർത്തോമാ സെമിനാരിയിൽ നിന്നും തിയോളജി ബോധനവും നേടി. 1963 മെയ് 7-ന് ഡീക്കൻ പദവിയും ജൂൺ 26-ന് കശീശ പട്ടവും സ്വീകരിച്ച് സഭയുടെ ശുശ്രൂഷാ സമൂഹത്തിലേക്ക് പ്രവേശിച്ചു.

ധാരാളം പേരെ ക്രിസ്തുവിന്റെ മാർഗ്ഗത്തിലേക്ക് നയിക്കുവാൻ അച്ചന്റെ പ്രസംഗങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. കാട്ടാക്കട, നെടുവാളൂർ, ആനിക്കാട്, കരവാളൂർ, നിരണം, കുറിയന്നൂർ, മുളക്കുഴ, കീക്കൊഴൂർ, പെരുമ്പാവൂർ, നാക്കട എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചശേഷം 1991-ൽ അമേരിക്കയിൽ എത്തി. ഡിട്രോയിറ്റ്, അറ്റ്ലാന്റ, ചിക്കാഗോ, ഫ്ളോറിഡ, ഇന്ത്യനാപോളീസ്, ഡാളസ്, കാനഡ എന്നീ സ്ഥലങ്ങളിലുള്ള ഇടവകകളിലും സേവനം ചെയ്യുന്നതിന് അച്ചന് സാധിച്ചു.

ഡിട്രോയിറ്റിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന അച്ചന്റെ സഹധർമ്മിണി കൈലാസ് തുരുത്തിയിൽ പരേതരായ ജേക്കബ് ജോണിന്റെയും പെണ്ണമ്മ ജോണിന്റെയും മകൾ ഡോ. എൽസി വർഗീസാണ്. മക്കൾ: ഫിലിപ്പ് വർഗീസ് (ജിജി), ജോൺ വർഗീസ് (ജോജി), ഗ്രേസ് തോമസ് (ശാന്തി). മരുമക്കൾ: മിനി വർഗീസ്, സുനിത വർഗീസ്, ബിനോ തോമസ്. കൊച്ചുമക്കൾ: ഹാനാ തോമസ്, നെയ്തൻ വർഗീസ്, ആൻഡ്രു വർഗീസ്, റബേക്ക വർഗീസ്, ഐസയ്യ തോമസ്, ഇല്യാന വർഗീസ്. കൂടുതൽ വിവരങ്ങൾക്ക്: ജിജി 586 604 6246, ജോജി 586 610 9932.


FAMILY DENTAL
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS
552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976
Children Welcome
Invisalign & Braces
9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)


DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

KERALA EXPRESS | പ്രവാസി താളുകൾ

# ഫോമാ ഫാമിലി കൺവൻഷൻ കിക്കോഫിൽ 2.5 ലക്ഷം ഡോളർ സമാഹരിച്ചു: ബേബി മണക്കുന്നേൽ

ന്യൂയോർക്ക്: ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൻ ആതിഥേയത്വം വഹിച്ച 2026 ഫാമിലി കൺവൻഷൻ കിക്കോഫിൽ സ്പോൺസർഷിപ്പും റഗുലർ രജിസ്ട്രേഷനുമായി രണ്ടര ലക്ഷം ഡോളർ സമാഹരിച്ചുവെന്ന് പ്രസിഡണ്ട് ബേബി മണക്കുന്നേൽ അറിയിച്ചു.

എ.എസ്. ശ്രീകുമാർ




ഹൂസ്റ്റണിലെ വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡിയത്തിനു തൊട്ട് എതിർവശത്തുള്ള ആഡംബര ഹോട്ടൽ സമുച്ചയമായ വിൻഡം ഹൂസ്റ്റൺ ഹോട്ടലിൽ 2026 ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ സംഘടനയുടെ ജന്മനാട്ടിൽ അരങ്ങേറുന്ന കൺവൻഷൻ അവിസ്മരണീയമാക്കാനുള്ള പ്രവർത്തനങ്ങളുമായി എല്ലാവരും സജീവമായിരിക്കുന്നുവെന്നും ഫാമിലി കൺവൻഷന്റെ വിജയത്തിനായി വിവിധ റീജിയനുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിപുലമായ കമ്മിറ്റികൾ ഉടൻ തന്നെ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.



എൽമോണ്ടിലെ സെന്റ് വിൻസന്റ് ഡി പോൾ ഓഡിറ്റോറിയത്തിൽ നടന്ന കിക്കോഫ് കടുത്തുരുത്തി എംഎൽഎയും മുൻ മന്ത്രിയുമായ മോൻസ് ജോസഫാണ് നിർവഹിച്ചത്. രജിസ്ട്രേഷന്റെ വെബ്സൈറ്റും മോൻസ് ജോസഫ് സ്വിച്ച് ഓൺ ചെയ്തു. ഫോമായുടെ പരിപാടിയിൽ പങ്കെടുക്കുക എന്നത് എക്കാലവും സന്തോഷകരമായ അനുഭവമാണ്. ഫോമാ നേതാക്കളുമായെല്ലാം മികച്ച ബന്ധമാണ് താൻ തുടരുന്നത്.

ഏറ്റവും ശ്രദ്ധേയമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമായി ഫോമാ വളർന്ന് മുന്നോട്ടുപോകുന്നു എന്നത് ആരും അംഗീകരിക്കുന്ന ഒരു സത്യമാണ്. കഠിനാദ്ധ്വാനം കൊണ്ടും സഹകരണം കൊണ്ടും ഒന്നിച്ചുപോകുവാൻ കഴിയുന്നതുകൊണ്ടാണ് ഇതു സാധിക്കുന്നതെന്ന് മോൻസ് ജോസഫ് പറഞ്ഞു.

പാലായുടെ എംഎൽഎ മാണി സി. കാപ്പൻ മുഖ്യപ്രഭാഷണം നടത്തിയ സമ്മേളനത്തിൽ വിവിധ സ്പോൺസർമാർ രജിസ്ട്രേഷൻ ഫോം പ്രസിഡണ്ടിനെ ഏല്പിക്കുകയും ചെയ്തു. നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി കഴിയുന്നതിനു മുമ്പ് ഫോമാ അംഗസംഘടനകളുടെ എണ്ണം നൂറിനു മുകളിലേക്ക് പോകുമെന്ന തെരഞ്ഞെടുപ്പു വാഗ്ദാനം സഫലമായിക്കൊണ്ടിരിക്കുകയാണെന്ന് സെക്രട്ടറി ബൈജു വർഗീസ് പറഞ്ഞു.

ഫോമാ കൺവൻഷനിൽ എല്ലാവർക്കും പങ്കെടുക്കാൻ അവസരമൊരുക്കുന്ന നിരക്കാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് ട്രഷറർ സിജിൽ പാലക്കലോടി വ്യക്തമാക്കി. ഡബിൾ ഒക്യുപൻസി-1250 ഡോളർ, സിംഗിൾ ഒക്യുപെൻസി -750 ഡോളർ. ഫുഡും അക്കോമഡേഷനും എല്ലാം ചേർത്തുകൊണ്ടാണ് തുക നിശ്ചയിച്ചിരിക്കുന്നത്. മെഗാ സ്പോൺസർഷിപ് 25000 ഡോളറാണ്. 15000 ഡോളറിന്റേതാണ് ഗോൾഡൻ സ്പോൺസർഷിപ്. പ്ലാറ്റിനം സ്പോൺസർഷിപ് 10000 ഡോളറാണ്. സ്പോൺസർഷിപ്പിന് കൂടുതൽ പേർ മുന്നോട്ടു വരുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.






ചടങ്ങിൽ ഫോമായുടെ മുൻ പ്രസിഡണ്ടുമാരായ ശശിധരൻ നായർ, ബേബി ഊരാളിൽ, ഡോ. ജേക്കബ് തോമസ് എന്നിവരെ മോൻസ് ജോസഫ് പൊന്നാട അണിയിച്ച് ആദരിച്ചു.

ഫോമാ കായികരംഗത്തും പ്രോത്സാഹനം കൊടുക്കുന്നു എന്നതിന്റെ തെളിവാണ് ന്യൂയോർക്ക് മെട്രോ റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ്. അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമായി 24 ടീമുകൾ പങ്കെടുത്ത ടൂർണമെന്റിലെ വിജയികൾക്ക് ഫോമാ കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫിൽ വെച്ചാണ് ട്രോഫിയും സമ്മാനങ്ങളും വിതരണം ചെയ്തത്.



ആവേശകരമായ കിക്കോഫ് ചടങ്ങിൽ ഫോമാ നാഷണൽ എക്സിക്യൂട്ടീവ് അംഗങ്ങൾ, റീജിയണൽ വൈസ് പ്രസിഡണ്ടുമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, വിമൻസ് ഫോറം പ്രതിനിധികൾ, യൂത്ത് ഫോറം ഭാരവാഹികൾ, എക്സ്-ഒഫീഷ്യോ തുടങ്ങിയവർ പങ്കെടുത്തു. ജുഡീഷ്യൽ കൗൺസിൽ അഡ്വൈസറി ബോർഡ്, കംപ്ലെയ്ൻസ് കൗൺസിൽ ഭാരവാഹികൾ, വിവിധ സബ് കമ്മിറ്റി അംഗങ്ങൾ, അംഗസംഘടനകളുടെ പ്രതിനിധികൾ, റീജിയണൽ കമ്മിറ്റി മെംബേഴ്സ്, വിവിധ സാമൂഹിക, സാംസ്കാരിക, സാമുദായിക വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യവുമുണ്ടായിരുന്നു.

ഫാമിലി കൺവൻഷന് മുന്നോടിയായി ഫോമായുടെ കേരളാ കൺവൻഷന്റെ ഒരുക്കങ്ങൾ നടന്നുവരികയാണ്. 2026 ജനുവരി 9-ാം തീയതി ഫോമാ കേരളാ കൺവൻഷന് തിരിതെളിയും. രണ്ടാം ദിവസമായ ജനുവരി 10-ന് ശനിയാഴ്ച വേമ്പനാട്ട് കായലിലൂടെയുള്ള ആവേശകരമായ ബോട്ട് ക്രൂയിസാണ്. 11-ാം തീയതി എറണാകുളം ഗോകുലം പാർക്കിൽ വെച്ച് ബിസിനസ് മീറ്റും നടത്തും.

# മിഷിഗണിൽ രാജ്മോഹൻ ഉണ്ണിത്താന് വൻ സ്വീകരണം




ഡിട്രോയിറ്റ്: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് മിഷിഗൺ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് എംപിയും കോൺഗ്രസ് നേതാവുമായ രാജ്മോഹൻ ഉണ്ണിത്താന് മിഷിഗണിൽ ആവേശകരമായ സ്വീകരണം നല്കി. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രവും രാഷ്ട്രീയവും കൃത്യമായി അവതരിപ്പിച്ചുകൊണ്ട് രാജ്മോഹൻ ഉണ്ണിത്താൻ മുഖ്യപ്രഭാഷണം നടത്തി. താൻ എന്നും നിലപാടുകളുള്ള ഒരു കോൺഗ്രസുകാരൻ ആയിരിക്കുമെന്നും സ്ഥാനങ്ങളേക്കാളുപ്പുറം കോൺഗ്രസ് പ്രസ്ഥാനമാണ് ജീവനുതുല്യം വലുതെന്നും അദ്ദേഹം ആവർത്തിച്ചു പറഞ്ഞു.

കാന്റൺ ഒതെന്റിക്ക് ഇന്ത്യൻ കുസീൻ റെസ്റ്റോറന്റിൽ വെച്ച് നടന്ന സ്വീകരണസമ്മേളനത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് മിഷിഗൺ ചാപ്റ്ററിന്റെ പ്രസിഡണ്ട് ഡോ. മാത്യു വർഗീസ് അദ്ധ്യക്ഷത വഹിച്ചു. അജയ് അലക്സ്, ജോൺ വർഗീസ് (ജോജി), പ്രിൻസ് ഏബ്രഹാം എന്നിവർ ആശംസാപ്രസംഗം നടത്തി. അലൻ ജോൺ സ്വാഗതം ആശംസിക്കുകയും സൈജൻ കണിയോടിക്കൽ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

# ഫൊക്കാനയുടെ കാരുണ്യശ്രേഷ്ഠ പുരസ്കാരം യുക്മ പ്രസിഡണ്ട് അഡ്വ. എബി സെബാസ്റ്റ്യന്

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാനയുടെ കാരുണ്യശ്രേഷ്ഠ പുരസ്കാരം യുക്മ പ്രസിഡണ്ട് അഡ്വ. എബി സെബാസ്റ്റ്യന് നല്കി ആദരിച്ചു. ഫൊക്കാന കേരള കൺവൻഷന്റെ സമാപനസമ്മേളനത്തിൽ വെച്ചാണ് ധനകാര്യമന്ത്രി കെ.




എൻ. ബാലഗോപാൽ യുക്മ പ്രസിഡണ്ട് അഡ്വ. എബി സെബാസ്റ്റ്യനെ ആദരിച്ചത്. ചങ്ങനാശേരി എംഎൽഎ ജോബ് മൈക്കിൾ, കേരളാ ചീഫ് സെക്രട്ടറി എ. ജയ് തിലക് ഐഎഎസ്, ബിൻസി സെബാസ്റ്റ്യൻ (മുനിസിപ്പൽ ചെയർപേഴ്സൺ), കെപിസിസി വൈസ് പ്രസിഡണ്ട് വി.പി. സജീന്ദ്രൻ, ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, സിഎസ്ഐ ചർച്ച് ബിഷപ് എബി ഏബ്രഹാം, അനിൽ അടൂർ (ഏഷ്യാനെറ്റ് ന്യൂസ്), ശരത് ചന്ദ്രൻ (കൈരളി), ജോയ് ഇട്ടൻ (കേരള കൺവൻഷൻ ചെയർ), ഫൊക്കാന ഭരണസമിതി അംഗങ്ങൾ, ഫൊക്കാനയുടെ മുൻ പ്രസിഡണ്ടുമാർ തുടങ്ങി നിരവധിപേർ വേദിയിൽ സന്നിഹിതരായിരുന്നു.

യുകെയിലെ മലയാളി അസോസിയേഷനുകളുടെ അസോസിയേഷനാണ് യുക്മ. 130-ൽ അധികം അംഗസംഘടനകൾ ഉള്ള സംഘടന കൂടിയാണ് യുക്മ. യുക്മയുടെ പ്രസിഡണ്ടായ അഡ്വ. എബി സെബാസ്റ്റ്യൻ യുക്മയുടെ പകരക്കാരില്ലാത്ത അമരക്കാരൻ എന്നു വിശേഷിപ്പിക്കാവുന്ന വ്യക്തിത്വമാണ്. യുക്മയുടെ പ്രശസ്തിയും പ്രസക്തിയും വാനോളമുയർത്തിയ 'കേരളാ പൂരം' എന്നപേരിൽ എല്ലാവർഷവും നടത്തിവരുന്ന വള്ളംകളിയും അതിനോടനുബന്ധിച്ചുള്ള കേരളീയ കലാ-സാംസ്കാരിക പരിപാടികളും തുടക്കം മുതൽ തുടർച്ചയായി ആറ് തവണ കേരളാ പൂരം ജനറൽ കൺവീനർ സ്ഥാനത്തുള്ള എബിയുടെ കൂടി പ്രവർത്തനത്തിലൂടെ മലയാളികളുടെ എല്ലാ വർഷവുമുള്ള യൂറോപ്പിലെ ഏറ്റവും വലിയ സംഗമം എന്ന നിലയിലേക്ക് കേരളാപൂരം വളർന്നു. കഴിഞ്ഞ ഒന്നര പതിറ്റാണ്ട് കാലം യുക്മയുടെ സന്തത സഹചാരിയായ എബി പ്രഥമ കലാമേള മുതലാണ് സംഘടനയിൽ സജീവ സാന്നിദ്ധ്യമാകുന്നത്.

യുക്മ ദേശീയ കലാമേള സംഘടിപ്പിക്കുന്നതിന് ശക്തമായ പിന്തുണയും മാർഗനിർദേശങ്ങളും നല്കിയ എബി കഴിഞ്ഞ 15 ദേശീയ കലാമേളകളിലും സജീവസാന്നിദ്ധ്യമായിരുന്നു. ഒരു ഓൺലൈൻ പത്രത്തിന്റെ ഒരു ചീഫ് എഡിറ്ററായും പ്രവർത്തിക്കുന്നു. യുക്മയുടെ ദേശീയ വൈസ് പ്രസിഡണ്ട്, വക്താവ് എന്നീ നിലകളിലും ഒഐസിസി യുകെ ദേശീയ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം, സീറോമലബാർ സഭ ഗ്രേറ്റ് ബ്രിട്ടൺ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം കൂടിയാണ്. എറണാകുളം ഗവൺമെന്റ് ലോ കോളജിൽ സർവകലാശാലാ യൂണിയൻ കൗൺസിലർ, മഹാത്മാ ഗാന്ധി യൂണിവേഴിസിറ്റി സെനറ്റ് അംഗം എന്നീ നിലകളിലൂടെ പ്രവർത്തിച്ച് പരിചയസമ്പന്നനാണ്. സൗത്ത് ഈസ്റ്റിലെ ഡാർട്ട് ഫോർഡ് മലയാളി അസോസിയേഷൻ പ്രതിനിധിയായി യുക്മ ദേശീയ നേതൃത്വത്തിലേക്കെത്തിയ കോട്ടയം കുറവിലങ്ങാട് സ്വദേശിയായ എബി ലണ്ടനിൽ ലീഗൽ കൺസൾട്ടന്റായി ജോലി ചെയ്യുന്നു. സിവിൽ എൻജിനീയറായ ഭാര്യ റിനറ്റ്, സീനിയർ പ്ലാനിങ് മാനേജരാണ്. യുകെയിലെ മലയാളി സംഘടനകൾക്കുവേണ്ടി എക്കാലവും അഡ്വ. എബി സെബാസ്റ്റ്യൻ നല്കിയ കലവറയില്ലാത്ത പിന്തുണയും ലോക പ്രവാസി മലയാളി സമൂഹത്തിനാകെ മാതൃകയും അഭിമാനവുമായ പ്രവാസലോകത്തെ ദേശീയ സംഘടനയായ യുക്മയുടെ പ്രവർത്തനത്തിൽ അദ്ദേഹത്തിന്റെ സംഭാവനകളെ മാനിച്ചാണ് യുക്മയുടെ പ്രസിഡണ്ടായ എബി സെബാസ്റ്റ്യന് കാരുണ്യശ്രേഷ്ഠം പുരസ്കാരത്തിന് അർഹനാക്കിയതെന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.




# ക്വീൻസ് സെ.മേരീസിൽ എട്ടുനോമ്പാചരണം

ജോർജ് തുമ്പയിൽ

ലോങ് ഐലൻഡ്: ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 6 വരെ പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിന്റെ ക്രമീകരണങ്ങൾ ലോങ് ഐലൻഡ് ക്വീൻസ് ഗ്ലെൻ ഓക്സ് സെന്റ് മേരീസ് ദേവാലയത്തിൽ പൂർത്തിയായതായി പള്ളി ഭാരവാഹികൾ അറിയിക്കുന്നു. പള്ളിയുടെ വിലാസം (262-22 Union Turnpike, Glen Oaks, New York 11004)

ഓഗസ്റ്റ് 31-ന് വൈകുന്നേരം 6-ന് പെരുന്നാൾ കൊടിയേറ്റവും തുടർന്ന് സന്ധ്യാപ്രാർത്ഥനയും അതിനുശേഷം റവ.ഫാ. ജേക്കബ് ജോസ് വചനശുശ്രൂഷകളും നടത്തും. പെരുന്നാളിനോടനുബന്ധിച്ച് എല്ലാ ദിവസവും വിശുദ്ധ കുർബാനയും വചനശുശ്രൂഷയും വിവിധ വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെടും. രോഗികൾക്കുള്ള പ്രത്യേക പ്രാർത്ഥനയും എല്ലാ ദിവസവും ഉണ്ടായിരിക്കും. പ്രധാന പെരുന്നാൾ സെപ്റ്റംബർ 6-ന് രാവിലെ 9 മണിക്കുള്ള പ്രഭാതനമസ്കാരത്തോടെ ആരംഭിക്കും. വിശുദ്ധ കുർബാനയ്ക്കും പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കും ശേഷം ഭക്തിനിർഭരമായ പ്രദക്ഷിണവും സ്നേഹവിരുന്നും ക്രമീകരിച്ചിട്ടുണ്ട്.

തിരുനാളിലേക്ക് എല്ലാവരെയും പ്രാർത്ഥനാപൂർവം ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: ഫാ. ഫിലിപ്പ് സക്കറിയ (വികാരി-516 884 3994), ജിനു ജോൺ (സെക്രട്ടറി-917 704 9784), ലവിൻ കുര്യാക്കോസ് (ട്രഷറർ-917 754 5456).

# വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ ഗോൾഡൻ ജൂബിലി ഓണാഘോഷം

# അനാഥാലയങ്ങളിലെ അയ്യായിരം പേർക്ക് ഓണസദ്യ ഒരുക്കുന്നു

ന്യൂയോർക്ക്: അമേരിക്കയിലെ ഏറ്റവും വലിയ ഓണാഘോഷങ്ങളിൽ ഒന്നായ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം സെപ്റ്റംബർ 6-ന് ശനിയാഴ്ച 11 മണി മുതൽ ആറു മണി വരെ പോർചെസ്റ്റർ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ (1 Tamarack Road, Port Chester, NY 10573)വെച്ച് വിപുലമായ പരിപാടികളോടെ നടത്തുന്നതാണ്.

അസോസിയേഷന്റെ അമ്പതാം ഓണാഘോഷമാണ് ഈവർഷം ഗോൾഡൻ ജൂബിലി. ഈ ആഘോഷപരിപാടികളുടെ ഭാഗമായി നാട്ടിൽ അനാഥാലയങ്ങളിൽ വസിക്കുന്ന അയ്യായിരം പേർക്ക് ഓണസദ്യ കൊടുക്കുക എന്ന മഹത് കർമ്മം വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ നടപ്പിലാക്കുന്നു. ആരും ഇല്ലാത്തവർക്കും വിശന്നു വലയുന്നവർക്കും ഭക്ഷണം കൊടുക്കുന്നതിനേക്കാൾ ശ്രേഷ്ഠമായ മറ്റൊരു പുണ്യകർമ്മം ഇല്ലായെന്നാണ് നമ്മുടെ വിശ്വാസം. അതുകൊണ്ട് തന്നെയാണ് അസോസിയേഷൻ ഇങ്ങനെയൊരു തീരുമാനത്തിൽ എത്തിയത്.

അമ്പത് വർഷം ആഘോഷിക്കുന്ന അപൂർവ സംഘടനകളിൽ ഒന്നാണ് വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ. എല്ലാ വർഷവും നടക്കുന്ന നമ്മുടെ ഓണാഘോഷം കേരളക്കരയിലേക്ക് നമ്മെ തിരികെ കൊണ്ടുപോകുന്ന ഒരു പ്രതീതി കൂടി ഉണ്ടാക്കുന്നതാണ് വെസ്റ്റ് ചെസ്റ്ററിന്റെ ഓണാഘോഷം. എല്ലാവർഷവും നൂതനമായ കലാപരിപാടികളാലും വിഭവസമൃദ്ധമായ സദ്യകൊണ്ടും എന്നും അമേരിക്കയിലെ തന്നെ ഏറ്റവും വലിയ ഓണാഘോഷങ്ങളിൽ ഒന്നാക്കി മാറ്റാൻ അസോസിയേഷന്റെ ഭാരവാഹികൾ ശ്രദ്ധിക്കാറുണ്ട്.

ഒരു സംഘടനയുടെ ഗോൾഡൻ ജൂബിലി ആഘോഷം എന്നത് ഒരു ചരിത്രം തന്നെയാണ്. പ്രത്യേകിച്ചും ജനിച്ച നാടും വീടും വിട്ട് മറ്റൊരു ഭൂമിയിലാകുമ്പോൾ. ആ ചരിത്രമുഹൂർത്തത്തിന് പത്തരമാറ്റ് ഭംഗി കൂടും. ഓണക്കാലത്തിന്റെ എല്ലാ അനുഭൂതിയും ഉണർത്തുന്ന പരിപാടികളാണ് ക്രമീകരിച്ചിരിക്കുന്നത്. ചെണ്ടമേളവും ശിങ്കാരിമേളത്തോടും കൂടി താലപ്പൊലിയുമായി മാവേലി തമ്പുരാനെ വരവേല്ക്കുന്നതോടെ തുടങ്ങുന്ന പരിപാടികളിൽ അത്തപ്പൂക്കളവും തിരുവാതിരകളിയും പുലിക്കളിയും അങ്ങനെ കേരളത്തിലെ ഓണത്തിന്റെ എല്ലാ ആഘോഷങ്ങളോടും കേരളത്തനിമയോടു കൂടി വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണം കൊണ്ടാടുമ്പോൾ നമ്മളെ സന്തോഷിപ്പിക്കാനും ഓണവിരുന്നുകളുമായി കലാഭവൻ ലാലിന്റെ മിമിക്രി, കോമഡി സ്ക്രിപ്റ്റ്, ഓട്ടൻതുള്ളൽ, ഗാനമേള തുടങ്ങി വളരെയധികം കലാപരിപാടികൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

വെസ്റ്റ് ചെസ്റ്ററിന്റെ ഓണം ന്യൂയോർക്ക് മലയാളികളുടെ ഒത്തുചേരൽ കൂടിയാണ്. പ്രവാസിയുടെ സ്നേഹക്കൂട്ടായ്മകളിലെ ആഘോഷങ്ങളിൽ നമ്മുടെ ഓണംകഴിഞ്ഞേ ഉള്ളു മറ്റേതൊരു ആഘോഷവും. പിന്നിട്ട ഇടവഴികളിൽ നാം ഒന്നു തിരിഞ്ഞു നോക്കിയാൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശങ്ങൾ ആഴത്തിൽ നല്കിയ ആഘോഷങ്ങളിൽ വെസ്റ്റ്ചെസ്റ്ററിന്റെ ഓണം കഴിഞ്ഞേ മറ്റൊരാഘോഷവും അമേരിക്കയിൽ എണ്ണപ്പെടുന്നുള്ളൂ.




ഓണാഘോഷം വിജയകരമാക്കുവാൻ വെസ്റ്റ് ചെസ്റ്റർ ന്യൂയോർക്ക് നിവാസികളായ എല്ലാ മലയാളി സഹോദരങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നതായി പ്രസിഡണ്ട് തോമസ് കോശി, സെക്രട്ടറി നിരീഷ് ഉമ്മൻ, ട്രഷറർ അലക്സാണ്ടർ വർഗീസ്, വൈസ് പ്രസിഡണ്ട് ഏലമ്മ രാജ് തോമസ്, ജോ. സെക്രട്ടറി ജോ ഡാനിയേൽ, ജോ. ട്രഷറർ മോളമ്മ വർഗീസ്, ട്രസ്റ്റി ബോർഡ് ചെയർ കെ. ജെ. ഗ്രിഗറി, കോ-ഓർഡിനേറ്റേഴ്സായ ടെറൻസൺ തോമസ്, ആന്റോ വർക്കി എന്നിവർ അറിയിച്ചു.

# ഹൂസ്റ്റണിൽ സൗജന്യ ആരോഗ്യമേള സെപ്റ്റംബർ 13-ന് ശനിയാഴ്ച

ജീമോൻ റാന്നി







ഹൂസ്റ്റൺ: ലവ് ടു ഷെയർ ഫൗണ്ടേഷൻ അമേരിക്കയുടെ ആഭിമുഖ്യത്തിൽ എല്ലാവർഷവും തുടർച്ചയായി നടത്തി വരുന്ന ഫ്രീ ഹെൽത്ത് ഫെയർ പതിമൂന്നാം വർഷമായ ഇത്തവണയും 2025 സെപ്റ്റംബർ 13-ന് ശനിയാഴ്ച രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെ ഡോ. ലക്ഷ്മി നായരുടെ സായി പ്രൈമറി കെയർ/ ന്യൂ ലൈഫ് പ്ലാസയിൽവെച്ച് (3945, CR 58, മാൻവെൽ, ടെക്സാസ്- 77578) പ്രമുഖ ആശുപത്രികളുടെയും ഫാർമസികളുടെയും മറ്റു ചില സ്ഥാപനങ്ങളുടെയും സഹകരണത്തോടെ നടത്തുന്നതാണ്.

മെഡിക്കൽ പരിശോധനയിൽ മാമ്മോഗ്രാം ഇകെജി, അൾട്രാസൗണ്ട്, ബോഡി മാസ്സ് ഇൻഡക്സ്, ബിപി, ബ്ലഡ് ഗ്ലൂക്കോസ്, തൈറോയ്ഡ്, അൾട്രാസൗണ്ട്, കരോട്ടിഡ് ഡോപ്ലർ, ലങ് ഫങ്ഷൻ ടെസ്റ്റ്, കാഴ്ച, കേൾവി തുടങ്ങി 20-ലേറെ ഇനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ആദ്യമെത്തുന്ന 120 പേർക്ക് സൗജന്യ ഫ്‌ളൂഷോട്ട് നൽകുന്നതാണ്.

രജിസ്ട്രേഷൻ, പൂർണ്ണ സമ്മതപത്രം പൂരിപ്പിക്കൽ എന്നിവയും ആവശ്യത്തിന് ഉണ്ടായിരിക്കും. ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തവർക്കും ഈ അവസരം വിനിയോഗിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 281 402 6585 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. മാമ്മോഗ്രാമിന് മുൻകൂട്ടിയുള്ള രജിസ്ട്രേഷൻ ആവശ്യമാണ്- നമ്പർ 281 412 6606.

# ക്നാനായ റീജിയണിൽ സൺഡേസ്കൂൾ അദ്ധ്യയനവർഷത്തിനു തുടക്കമായി

സിജോയി സിറിയക്



ചിക്കാഗോ: 2025-2026 സൺഡേസ്കൂൾ അദ്ധ്യയന വർഷത്തിന്റെ ക്നാനായ റീജിയൻ തലത്തിലുള്ള ഉദ്ഘാടനം വികാരി ജനറാളും റീജിയണൽ ഡയറക്ടറുമായ മോൺ. തോമസ് മുളവനാൽ നിർവഹിച്ചു. ചിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയിൽ നടന്ന പരിപാടികളിൽ റീജിയണൽ വിശ്വാസ പരിശീലന ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ മുഖ്യപ്രഭാഷണം നടത്തി.

# ഡബ്ല്യുഎംസി ടെക്സസ് പ്രൊവിൻസും സണ്ണിവെയിൽ പ്രൊവിൻസും സംയുക്തമായി ഓണം ആഘോഷിച്ചു

**ലാലി ജോസഫ്**

ഡാളസ്: വേൾഡ് മലയാളി കൗൺസിൽ ഓഗസ്റ്റ് 23-ാം തീയതി ശനിയാഴ്ച കേരളത്തിന്റെ വിളവെടുപ്പ് ഉത്സവമായ ഓണം കരോൾട്ടനിൽ സ്ഥിതി ചെയ്യുന്ന സെന്റ് ഇഗ്നേഷ്യസ് യാക്കോബായ ദേവാലയ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. അന്നാ മേ



രി അഗസ്റ്റിന്റെ 'എങ്ങുംമെങ്ങും നിറയും വെളിച്ചമേ' എന്നു തുടങ്ങുന്ന പ്രാർത്ഥനാഗാനത്തോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

വേൾഡ് മലയാളി കൗൺസിൽ നോർത്ത് ടെക്സസ് പ്രൊവിൻസിന്റെ പ്രസിഡണ്ട് ആൻസി തലച്ചെല്ലൂരിന്റെ സ്വാഗതപ്രസംഗത്തിനുശേഷം ഗ്ലോബൽ ചെയർമാൻ ശ്രീ ഗോപാലപിള്ള അമേരിക്കൻ റീജിയന്റെ പ്രസിഡണ്ട് ജോൺസൺ തലച്ചെല്ലൂർ മുഖ്യാതിഥിയായ സെന്റ് മറിയം ത്രേസ്യ മിഷൻ നോർത്ത് ഡാളസ് ഡയറക്ടർ ഫാ. ജിമ്മി എടക്കുളത്തൂരും മറ്റ് ഭാരവാഹികളും ഒരുമിച്ച് ഈ വർഷത്തെ ഓണാഘോഷത്തിന് തിരി തെളിച്ചു.

സമ്പൽസമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഹൃദയംനിറഞ്ഞ ഓണാശംസകൾ നേർന്നുകൊണ്ട് മുഖ്യാതിഥിയായ ജിമ്മിയച്ചൻ ഓണസന്ദേശത്തിനു തുടക്കം കുറിച്ചു.

കേരളീയ പൈതൃകത്തെ ഉണർത്തുന്നതും അതുപോലെ വർണ്ണവിവേചനം ഇല്ലാത്തതുമായ ഒരു ആഘോഷമാണ് ഓണം. മാവേലി ഇല്ലാതെ ഓണമില്ല. മാ പ്ലസ് വേലി പ്രതിനിധാനം ചെയ്യുന്നത് വേലിയോ അതിർവരമ്പുകളോ ഇല്ലാത്ത ഒരു രാജ്യത്തിന്റെ ഭാഗമാകുവാൻ നമ്മൾ ഓരോരുത്തർക്കും ഈ ഓണാവസരത്തിൽ സാധിക്കട്ടെ



എന്നു പ്രാർത്ഥിക്കുകയും ചെയ്തു.

നർമ്മദാ നദിയുടെ തീരത്ത്100-ാം യാഗശാലയുടെ അടുത്ത് മഹാവിഷ്ണുവിന്റെ അവതാരമായ വാമനൻ മൂന്ന് അടി യാചിച്ച് അസുരവംശജനായ മഹാബലിയുടെ അടുത്തു ചെല്ലുന്ന കഥ ഭാഗവതത്തിൽ വേദവ്യാസൻ പ്രതിപാദിക്കുന്നതിനെക്കുറിച്ചുള്ള അച്ചന്റെ വിവരണം സദസ്യർക്ക് വളരെ ഹൃദ്യമായി അനുഭവപ്പെട്ടു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ നിന്ന് ഇവിടെവന്ന് സണ്ണിവെയിൽ സിറ്റി കൗൺസിൽ മെംബറാകുകയും അതോടൊപ്പംതന്നെ വേൾഡ് മലയാളി കൗൺസിലിന്റെ സണ്ണിവെയിൽ പ്രൊവിൻസിന്റെ പ്രസിഡണ്ടുമായ മനു ഡാനിയെ അച്ചൻ പ്രശംസിച്ചു സംസാരിക്കുകയുണ്ടായി.

അത്തപ്പൂക്കളം, കേരളത്തിന്റെ കലാ-സാംസ്കാരിക തനിമയോടു കൂടിയ ഗ്രൂപ്പ് സോങ്, ഗ്രൂപ്പ് ഡാൻസ്, ക്ലാസിക്കൽ ഡാൻസ്, തിരുവാതിര, നാടൻപാട്ട്, ഗ്രൂപ്പ് ഡാൻസ് തുടങ്ങിയവയും താലപ്പൊലിയും ചെണ്ടമേളത്തോടു കൂടി മഹാബലിയെ എതിരേറ്റ് വേദിയിലേക്ക് ആനയിച്ച കാഴ്ച വളരെയധികം മനോഹരമായ ഒരു ദൃശ്യമായിരുന്നു. ഓണാഘോഷത്തിൽ പങ്കാളികളായ എല്ലാവർക്കും ഇലയിൽ വിളമ്പിയ വിഭവസമൃദ്ധമായ സദ്യയും ഒരുക്കിയിരുന്നു.



ലാലി ജോസഫ്

സ്മിതാ ജോസഫ്, മനു തോമസ്, അമ്പിളി ലിസാ ടോം എന്നിവർ എംസിമാരുടെ പങ്ക് മനോഹരമായി നിർവഹിച്ചു. ചെയർമാൻ സുകു വർഗീസ്, സജി ജോസഫ്, പ്രസിഡണ്ട് ആൻസി തലച്ചെല്ലൂർ, മനു ഡാനി, ജനറൽ സെക്രട്ടറി സ്മിതാ ജോസഫ്, സാജോ തോമസ്, ട്രഷറർ സിറിൾ ചെറിയാൻ, പ്രസാദ് വർഗീസ് എന്നിവർ ഈ ആഘോഷത്തിന് നേതൃത്വം നല്കി.






## എഡ്മന്റൺ നേർമയുടെ ഓണം സെപ്. 6-ന് ബാൾവിനിൽ

**ജോസഫ് ജോൺ കാൽഗറി**

എഡ്മന്റൺ: ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമായ ഓണത്തെ വരവേല്ക്കാൻ എഡ്മന്റൺ നഗരം ഒരുങ്ങി. സെപ്റ്റംബർ 6-ന് ശനിയാഴ്ച രാവിലെ 10.45-ന് ബാൾവിൻ കമ്യൂണിറ്റി ഹാളിൽ വെച്ച് നടക്കുന്ന ഓണാഘോഷത്തിൽ മഹാബലിത്തമ്പുരാനെ വരവേല്ക്കാൻ വിപുലമായ പരിപാടികളാണ് നേർമ സംഘാടകർ ഒരുക്കിയിരിക്കുന്നത്. എഡ്മന്റണിലെ മലയാളി സമൂഹത്തിന്റെ കൂട്ടായ്മയും സാംസ്കാരിക പൈതൃകവും വിളിച്ചോതുന്ന ഈ ഓണാഘോഷം പഴമയുടെയും പുതുമയുടെയും സമ്മേളനമാകും.

കേരളത്തിന്റെ തനത് പാരമ്പര്യത്തെ അനുസ്മരിപ്പിക്കുന്ന നിരവധി കലാപരിപാടികളാണ് ഈ വർഷത്തെ ഓണാഘോഷത്തിലെ പ്രധാന ആകർഷണം. വിവിധ നിറങ്ങളിലുള്ള പൂക്കളങ്ങൾ, കേരളത്തനിമ വിളിച്ചോതുന്ന തിരുവാതിര, പുലികളി, ചെണ്ടമേളം എന്നിവ പരിപാടികൾക്ക് കൂടുതൽ ആവേശം പകരും. അതോടൊപ്പം ഓണപ്പാട്ടുകളും പരമ്പരാഗത നൃത്തങ്ങളും സംഗീത വിരുന്നും കോർത്തിണക്കിയ കലാവിരുന്ന് കാണികളുടെ മനം കവരും.

പരിപാടികളുടെ മുഖ്യ ആകർഷണങ്ങളിലൊന്നായ വിഭവസമൃദ്ധമായ ഓണസദ്യ, പരമ്പരാഗത കേരളീയ വിഭവങ്ങൾക്കൊപ്പം പുതുമയേറിയ രുചിക്കൂട്ടുകളും ചേർത്ത് തയ്യാറാക്കും. നാല് കോടിയിലേറെ മലയാളികളുടെ ഇഷ്ടവിഭവങ്ങളുമായി ഈ ഓണസദ്യ കേരളത്തിന്റെ തനത് രുചി അനുഭവം എഡ്മന്റണിലും എത്തിക്കും. തത്സമയ സംഗീതവും മറ്റ് വിനോദ പരിപാടികളും ആഘോഷങ്ങൾക്ക് കൂടുതൽ മികവേകും.

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും സന്ദേശങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഈ ഓണാഘോഷത്തിൽ എഡ്മന്റണിലെ മുഴുവൻ മലയാളി കുടുംബങ്ങളെയും സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

# വേൾഡ് മലയാളി കൗൺസിൽ ചിക്കാഗോ പ്രോവിൻസ് ഓണം ആഘോഷിച്ചു




ചിക്കാഗോ: ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കുന്ന ലോക മലയാളികളുടെ ഏറ്റവും വലിയ ആഗോള ശൃംഖലയിലെ അംഗമായ വേൾഡ് മലയാളി കൗൺസിൽ ചിക്കാഗോ പ്രോവിൻസ് ഈ വർഷത്തെ ഓണം ഓഗസ്റ്റ് 28-ന് നോർത്ത് ബ്രൂക്കിൽ വെച്ച് നടത്തി. തദവസരത്തിൽ ചിക്കാഗോ പ്രൊവിൻസ് അംഗം കൂടിയായ, ചിക്കാഗോ മലയാളി അസോസിയേഷന്റെ അടുത്ത ടേമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ജോസ് മണക്കാട്ടിന് സ്വീകരണവും നല്കി.

പാരമ്പര്യപരമായി ഇലയിൽ വിളമ്പിയ ഓണസദ്യയ്ക്കുശേഷം നടത്തിയ സമ്മേളനത്തിൽ പ്രോവിൻസ് പ്രസിഡണ്ട് ബെഞ്ചമിൻ തോമസ് അദ്ധ്യക്ഷത വഹിച്ചു. പ്രോവിൻസ് യൂത്ത് ഫോറം പ്രസിഡണ്ട് അലോണ ജോർജിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച മീറ്റിംഗിലേക്ക് പ്രോവിൻസ് ചെയർമാൻ മാത്തുക്കുട്ടി ആലുംപറമ്പിൽ ഏവരെയും സ്വാഗതം ചെയ്തു.

തുടർന്നു നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ ബെഞ്ചമിൻ തോമസ് ഏവർക്കും ഓണത്തിന്റെ നന്മകളും ആശംസകളും നേരുകയും ജോസ് മണക്കാട്ടിനും ടീമിനും എല്ലാ വിജയഭാവുകങ്ങളും നേരുകയും ചെയ്തു.

തിരുവല്ല മാർത്തോമ്മാ കോളജ് മുൻ അദ്ധ്യാപകനും പ്രോവിൻസിന്റെ അഡ്വൈസറി ബോർഡ് ചെയർമാനുമായ പ്രഫ. തമ്പി മാത്യു മുഖ്യ ഓണസന്ദേശം നല്കി. ആമോദത്തോടെ വസിക്കണമെങ്കിൽ ഐക്യവും സമാധാനവും പരസ്പര സ്നേഹവും അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മാത്യൂസ് ഏബ്രഹാം (പ്രോവിൻസ് മുൻ ചെയർമാൻ, അഡ്വൈസറി ബോർഡ് മെംബർ), ഫിലിപ്പ് പുത്തൻപുരയിൽ (വൈസ് പ്രസിഡണ്ട്), പ്രവീൺ തോമസ് (ഫൊക്കാന വൈസ് പ്രസിഡണ്ട്) എന്നിവർ തങ്ങളുടെ ചെറുപ്പകാലത്തെ ഓണാഘോഷങ്ങളും അനുഭവങ്ങളും പങ്കുവെക്കുകയും ജോസ് മണക്കാട്ടിന് വിജയാശംസകൾ നേരുകയും ചെയ്തു.

തുടർന്നു നടത്തിയ മറുപടി പ്രസംഗത്തിൽ ജോസ് മണക്കാട്ട് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചിക്കാഗോ പ്രോവിൻസിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചെയ്തു.

പ്രോവിൻസ് സെക്രട്ടറി തോമസ് ഡിക്രൂസ് മീറ്റിംഗിൽ സംബന്ധിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തി. പ്രോവിൻസ് വൈസ് ചെയർപേഴ്സൺ ബീനാ ജോർജ് എംസിയായി പ്രവർത്തിച്ചു.

ചിക്കാഗോ പ്രോവിൻസിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത് 2017-ലാണ്. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഊന്നൽ നല്കിക്കൊണ്ട് ജനോപകാര പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രധാനമായി കേരളത്തിലെ നിർദ്ധനരായ 11 കുടുംബങ്ങൾക്ക് സ്വന്തമായി വീട് നിർമ്മിച്ചു നല്കാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യമാണ് ഞങ്ങൾക്കുള്ളത്. അതിന് സഹായസഹകരണങ്ങൾ ചെയ്ത ഏവർക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു.

## അന്താരാഷ്ട്ര അവാർഡിൽ തിളങ്ങി തൃശൂർ സ്വദേശി അഞ്ജലി മുകുന്ദം

തൃശ്ശൂർ: ഇന്റർ കോണ്ടിനെന്റൽ മ്യൂസിക് അവാർഡ്സിൽ ഏഷ്യൻ ഫോക് വിഭാഗത്തിലെ മികച്ച ഗാനങ്ങളിലൊന്നായി അബുദാബിയിൽ താമസിക്കുന്ന തൃശൂർ അടാട്ട് സ്വദേശി അഞ്ജലി മുകുന്ദം രചനയും സംഗീതസംവിധാനവും ചെയ്ത 'കുറുമാലിപ്പുഴ' തെരഞ്ഞെടുക്കപ്പെട്ടു. അനൂപ് കൃഷ്ണൻ സംവിധാനംചെയ്ത 'കൺമഷി' എന്ന ഹ്രസ്വചിത്രത്തിന്റെ ഭാഗമാണ് 'കുറുമാലിപ്പുഴ'. എഴുപതോളം രാജ്യങ്ങളിൽനിന്നായി 2500-ലധികം ഗാനങ്ങൾ മത്സരിച്ചിരുന്നു. കോവിഡ് കാലത്താണ് ഡേറ്റാ എഞ്ചിനീയർ ജോലി ഉപേക്ഷിച്ച് പാട്ടുകളിൽ ശ്രദ്ധിക്കാൻ തുടങ്ങിയത്- അഞ്ജലി പറയുന്നു. വൈക്കം വിജയലക്ഷ്മിയും അഞ്ജലി മുകുന്ദവുമാണ് ഗാനാലാപനം. പ്രധാന കഥാപാത്രമായ കൺമഷിയെ അവതരിപ്പിച്ചതും അഞ്ജലിയാണ്. ഏഴുവിഭാഗങ്ങളിൽ സംസ്ഥാന ടെലിവിഷൻ പുരസ്കാരങ്ങൾ കൺമഷിക്ക്



ലഭിച്ചു. 40-ലേറെ പുരസ്കാരങ്ങൾ ഇതിനോടകം നേടിക്കഴിഞ്ഞു.

# കാൽവറി പെന്തെക്കോസ്തൽ ചർച്ച് ഡാളസ് 20-ാമത് വാർഷിക സമ്മേളനം നടത്തി

**എസ്.പി. ജയിംസ്**

ഡാളസ്: ഐ.പി.സി. കാൽവറി പെന്തെക്കോസ്തൽ ചർച്ച് വിജയകരമായ 20 വർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് കൺവൻഷനും സെമിനാറും സ്തോത്ര ശുശ്രൂഷയും ആഗസ്റ്റ് 8,9,10 തീയതികളിൽ നടന്നു.

2005 ജൂലൈ 31-ന് ആരംഭം കുറിച്ച സഭാപ്രവർത്തനം ആദ്യവർഷങ്ങളിൽ സെവൻത് ഡേ അഡ്വന്റിസ്റ്റ് ചർച്ച് വക വാടകക്കെട്ടിടത്തിലാണ് ആരാധനയും മീറ്റിംഗുകളും നടത്തിയിരുന്നത്.

ആദ്യവർഷങ്ങളിൽ തന്നെ അഭൂതപൂർവ്വമായ വളർച്ച കൈവരിച്ച സഭ 2010-ൽ ഡാളസിലെ പ്രസിദ്ധമായ റിച്ചാർഡ്സൺ സിറ്റിയിൽ ഏതാണ്ട് മൂന്നര ഏക്കർ സ്ഥലം വാങ്ങി മനോഹരമായ സഭാഹാളും വിശാലമായ ഫെലോഷിപ്പ്, സൺഡേസ്കൂൾ ക്ലാസ്സുകൾക്കുമായി ഒരു കെട്ടിട സമുച്ചയം പണിയുകയും അവിടേക്ക് പ്രവർത്തനങ്ങൾ മാറ്റുകയും ചെയ്തു.

സഭ ഡാളസിലെ പ്രമുഖ സ്ഥലമായ റിച്ചാർഡ്സൺ സിറ്റിയിലായതുകൊണ്ട് ജോലിക്കും ഉപരിപഠനത്തിനുമായി വരുന്ന പുതിയ കുടുംബങ്ങൾ ആരാധനകളിൽ സംബന്ധിക്കുകയും അംഗങ്ങളായി ചേരുകയും ചെയ്യുന്നു.

2020-ൽ സൺഡേസ്കൂളിനായി രണ്ടുനില കെട്ടിടം പണിതു. 1 മുതൽ 12 ക്ലാസുവരെ സൺഡേസ്കൂളും ചിൽഡ്രൻസ് ചർച്ച്, യൂത്ത് മീറ്റിംഗുകൾ തുടങ്ങി യുവജനങ്ങൾക്കും മുതിർന്നവർക്കുമായുള്ള പ്രോഗ്രാമുകൾ നടത്തിവരുന്നു.

പ്രഥമ പാസ്റ്റർ വീയപുരം ജോർജുകുട്ടിക്കുശേഷം പാസ്റ്റർമാരായ കെ.ജെ. കുര്യാക്കോസ്, റോയി ആന്റണി, ഡോ. ജോൺ കെ. മാത്യു തുടങ്ങിയവർ ശുശ്രൂഷകന്മാരായി സേവനമനുഷ്ഠിച്ചിരുന്നു.

ഇപ്പോൾ സീനിയർ പാസ്റ്റർ തോമസ് യോഹന്നാൻ, അസോ. പാസ്റ്റർ ജെയ് ജോൺ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. ബ്രദർ ബോബി തോമസ് സെക്രട്ടറിയായും ബ്രദർ സിറിൽ ബഞ്ചമിൻ ട്രഷററായും പ്രവർത്തിക്കുന്നു.

ആഘോഷങ്ങളുടെ ഭാഗമായുള്ള സമാപന സമ്മേളനത്തിൽ 8 വെള്ളി വൈകുന്നേരം പാസ്റ്റർ ലിബിൻ ഏബ്രഹാം One Generation Away എന്ന വിഷയത്തെക്കുറിച്ചും, 9-ന് രാവിലെ നടന്ന ഫാമിലി സെമിനാറിൽ പാസ്റ്റർ എറിക് വുടർ കമ്മ്യൂണിക്കേഷൻ എന്ന വിഷയത്തെക്കുറിച്ചും വൈകുന്നേരം പാസ്റ്റർ സന്തോഷ് തര്യൻ ദൈവവചന പ്രഭാഷണവും നടത്തി. 10-ന് ഞായറാഴ്ച ആരാധനയും സ്തോത്ര ശുശ്രൂഷയും നടന്നു.



വാർഷികപരിപാടികൾ സഭ ചുമതലപ്പെടുത്തിയ റെജി & ക്രിസ്റ്റി ജോൺ ദമ്പതികൾ നേതൃത്വം നൽകി.

# കാണികളെ ആവേശത്തിമിർപ്പിലാക്കി എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ മാമാങ്കം;

# ചിക്കാഗോ കൈരളി ലയൺസ് വിജയികൾ

മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: സ്പോർട്സ് പ്രേമികൾ ആകാംക്ഷയോടെ കാത്തിരുന്ന പതിനെട്ടാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റിൽ കാണികളെ ആവേശത്തിന്റെ മുൾമുനയിൽ നിർത്തി വാശിയേറിയ മത്സരത്തിലൂടെ ചിക്കാഗോ കൈരളി ലയൺസ് വിജയികളായി ട്രോഫി കരസ്ഥമാക്കി. സ്മാഷുകളും ബ്ലോക്കുകളും പ്രതിരോധവും തീർത്ത് ഇഞ്ചോടിഞ്ച് വാശിയോടെ നടന്ന ഫൈനൽ മത്സരത്തിൽ മൂന്ന് റൗണ്ടുകളിൽ രണ്ടിലും ഫിലാഡൽഫിയ ഫിലി സ്റ്റാർസിനെ പിൻതള്ളിക്കൊണ്ടാണ് ചിക്കാഗോ കൈരളി ലയൺസ് വിജയക്കൊടി പാറിച്ചത്. ഫിലി സ്റ്റാർസിന് രണ്ടാം സമ്മാനം ലഭിച്ചു. അണ്ടർ 18 വിഭാഗത്തിൽ ന്യൂയോർക്ക് കേരളാ സ്പൈക്കേഴ്സ് വിജയികളായി ഒന്നാം സ്ഥാനവും ഹൂസ്റ്റൺ ചലഞ്ചേഴ്സ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. നാല്പത് വയസ്സിനു മുകളിലുള്ളവരുടെ വിഭാഗത്തിൽ ഫിലി സ്റ്റാർസ് ചാമ്പ്യന്മാരായി. കനേഡിയൻ വാരിയേഴ്സ് റണ്ണർ അപ്പായി.



അമേരിക്കയിലെ മലയാളി വോളിബോൾ മത്സരങ്ങളുടെ ചരിത്രത്തിലാദ്യമായി 25 വോളിബോൾ ടീമുകളെ അണിനിരത്തി രാവിലെ 8 മണി മുതൽ വൈകിട്ട് 6.30 വരെയുള്ള പത്തു മണിക്കൂർ സമയത്തിൽ 5 കോർട്ടുകളിലായി 53 മത്സരങ്ങൾ നടത്തിയാണ് റെക്കോർഡ് സൃഷ്ടിച്ചത്.

അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡയുടെ പ്രൊവിൻസുകളിൽ നിന്നും എത്തിച്ചേർന്ന ഓപ്പൺ കാറ്റഗറിയിലും 18 വയസ്സിനു താഴെയുള്ളവരുടെ അണ്ടർ 18 കാറ്റഗറിയിലും 40 വയസ്സിനു മുകളിലുള്ളവരുടെ വിഭാഗത്തിലുമായാണ് 25 ടീമുകൾ മാറ്റുരച്ചത്.







ഫോമാ ന്യൂയോർക്ക് മെട്രോ റീജിയന്റെ ആതിഥേയത്വത്തിലായിരുന്നു പതിനെട്ടാമത് എൻ.കെ. ലൂക്കോസ് മെമ്മോറിയൽ ടൂർണമെന്റ് ന്യൂയോർക്ക് ലോങ് ഐലൻഡിലെ ബെത്പേജിലുള്ള സ്പോർട്ടൈം ഇൻഡോർ സ്റ്റേഡിയത്തിൽ അരങ്ങേറിയത്. ഞായറാഴ്ച ദിവസമായിരുന്നതിനാൽ നൂറുകണക്കിന് കാണികളാണ് മത്സരം കാണുവാൻ സ്റ്റേഡിയത്തിൽ തടിച്ചുകൂടിയത്. എല്ലാ മത്സരങ്ങളും ഒന്നിനോടൊന്ന് മെച്ചപ്പെട്ടതായിരുന്നു. വാശിയേറിയ മത്സരങ്ങളിൽ ഭൂരിഭാഗം മത്സരങ്ങളിലും മൂന്ന് റൗണ്ട് മത്സരങ്ങൾ നടത്തേണ്ടതായി വന്നു. സ്റ്റേഡിയത്തിലെ 5 കോർട്ടുകളിലായി നടന്ന മത്സരങ്ങൾ കാണുവാൻ ഒഴുകിയെത്തിയ കാണികൾക്ക് കൺകുളിർക്കെ കണ്ടാസ്വദിക്കുവാനായി ആവേശത്തിരയിളക്കിയുള്ള മത്സരങ്ങളാണ് ഓരോ കോർട്ടിലും ടീമുകൾ കാഴ്ചവെച്ചത്. പതിനെട്ട് വയസ്സിൽ താഴെയുള്ള വളർന്നുവരുന്ന കൗമാരക്കാരുടെ നെറ്റിന് മുകളിലേക്ക് കുതിച്ചുയർന്ന് നടത്തിയ സ്മാഷുകൾ കാണികൾക്ക് മറക്കാനാവാത്ത അനുഭവങ്ങളാണ് സമ്മാനിച്ചത്. മാതൃനാട്ടിൽ കണ്ട് ശീലിച്ചതിനേക്കാൾ ഗംഭീരമായ കളിയായിരുന്നു അവയിൽ മിക്കതും.

കാനഡ, നയാഗ്ര, കാലിഫോർണിയ, ഡാളസ്, ഹൂസ്റ്റൺ, ഫ്ളോറിഡ, വാഷിങ്ടൺ, വിർജീനിയ, ബാൾട്ടിമോർ, ഫിലാഡൽഫിയ, ബോസ്റ്റൺ, ന്യൂജേഴ്സി, ന്യൂയോർക്കിലെ റോക്ക്‌ലാൻഡ്, ന്യൂയോർക്ക് ലോങ് ഐലൻഡ് എന്നിവിടങ്ങളിൽ നിന്നുള്ള മൂന്നു വിഭാഗത്തിൽപ്പെട്ട കളിക്കാരാണ് ഈ ഏകദിന മാമാങ്കത്തിൽ പങ്കെടുത്തത്. ഓരോ ടീമിന്റെയും കളികൾ കാണുമ്പോൾ ആര് വിജയികളാകും എന്ന് കാണികൾക്ക് പ്രവചിക്കുവാൻ കഴിയാത്ത വിധത്തിലുള്ള മത്സരങ്ങളാണ് നടന്നത്.

പാലാ എംഎൽഎ മാണി സി. കാപ്പൻ, കടുത്തുരുത്തി എംഎൽഎ മോൻസ് ജോസഫ് എന്നിവരായിരുന്നു മുഖ്യാതിഥികൾ. രാവിലെ 8 മണിക്ക് കളികൾ ആരംഭിച്ചെങ്കിലും ഉച്ചയ്ക്ക് ഒരു മണിയോടെയാണ് ടീമുകളുടെ മാർച്ച്പാസ്റ്റും ഉദ്ഘാടനവും നടന്നത്. സ്റ്റേഡിയത്തിലെ പടിഞ്ഞാറ് ഭാഗത്തെ കവാടത്തിൽനിന്നും മുത്തുക്കുടകളുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടെ സ്റ്റേഡിയത്തിന്റെ മദ്ധ്യഭാഗത്തായി എത്തിച്ചേർന്ന മാർച്ച്പാസ്റ്റിന് മാണി സി. കാപ്പൻ, മോൻസ് ജോസഫ്, ഫോമാ നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, നാഷണൽ സെക്രട്ടറി ബൈജു വർഗീസ്, നാഷണൽ ട്രഷററും വോളിബോൾ കളിക്കാരനായ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ പി. ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ, ഫോമാ മെട്രോ റീജിയൻ വൈസ് പ്രസിഡണ്ടും സംഘാടകാംഗവുമായ മാത്യു ജോഷ്വ, നാഷണൽ അംഗങ്ങളായ ഏബ്രഹാം ഫിലിപ്പ്, ജോസ് വർഗീസ്, ഫോമാ മുൻ പ്രസിഡണ്ടും സ്ഥാപക നേതാവുമായ ശശിധരൻ നായർ, ഫോമാ മുൻ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, ഫോമാ മുൻ ട്രഷറർമാരായ ബിജു തോണിക്കടവിൽ, തോമസ് ടി. ഉമ്മൻ, മെട്രോ റീജിയൻ ചെയർമാൻ ഫിലിപ്പോസ് കെ. ജോസഫ്, റീജിയൻ സെക്രട്ടറി ബോബി, ടൂർണമെന്റ് കൺവീനറും സംഘാടകനും മെട്രോ റീജിയൻ ട്രഷററുമായ ബിഞ്ചു ജോൺ, ഫോമാ ബൈലോ കമ്മിറ്റി വൈസ് ചെയർമാനും സുവനീർ കമ്മിറ്റി കോ-ഓർഡിനേറ്ററുമായ സജി ഏബ്രഹാം, സുവനീർ കമ്മിറ്റി കൺവീനർ മാത്യുക്കുട്ടി ഈശോ, ടൂർണമെന്റ് കോ-ഓർഡിനേറ്റർ അലക്സ് സിബി, ഫോമാ ജുഡീഷ്യറി കൗൺസിൽ അംഗം ലാലി കളപ്പുരയ്ക്കൽ, കംപ്ലയൻസ് കൗൺസിൽ അംഗം വർഗീസ് കെ. ജോസഫ്, ക്രെഡൻഷ്യൽ കമ്മിറ്റി ചെയർ വിജി ഏബ്രഹാം, ഹെല്പിങ് ഹാൻഡ്സ് ചെയർ ബിജു ചാക്കോ, ഫോമാ മുൻ പ്രസിഡണ്ട് ബേബി ഊരാളിൽ, മുൻനേതാക്കളായ മാത്യു വർഗീസ് (ജോസ്) ഫ്ളോറിഡ, ജോൺ സി. വർഗീസ് (സലിം), ടൂർണമെന്റ് കമ്മിറ്റി അംഗങ്ങൾ, സുവനീർ കമ്മിറ്റി അംഗങ്ങൾ, ഫോമായുടെ മുൻ ഭാരവാഹികൾ, എൻ.കെ. ലൂക്കോസ് മെമ്മോറിയൽ സ്പോർട്സ് ഫൗണ്ടേഷൻ അംഗങ്ങൾ, പരേതനായ എൻ.കെ. ലൂക്കോസിന്റെ സഹധർമ്മിണി ഉഷ, മക്കളായ സിറിൽ, സെറീൻ, ഫൗണ്ടേഷൻ പ്രസിഡണ്ട് മനോജ് നടുപ്പറമ്പിൽ തുടങ്ങി നിരവധി നേതാക്കളും സ്പോർട്സ് പ്രേമികളും വിവിധ സ്പോൺസർമാരും മാർച്ച്പാസ്റ്റിലും ഉദ്ഘാടനത്തിലും പങ്കെടുത്തു.





മത്സരങ്ങൾക്കുശേഷം എൽമോണ്ട് മലങ്കര കത്തോലിക്കാ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനത്തിൽ വിജയികൾക്ക് ട്രോഫികളും ക്യാഷ് അവാർഡുകളും മറ്റ് സമ്മാനങ്ങളും നല്കി. ഓപ്പൺ വിഭാഗത്തിൽ പങ്കെടുത്ത 12 ടീമുകളിൽനിന്നും ഏറ്റവും മൂല്യമുള്ള താരമായി ചിക്കാഗോ കൈരളി ലയൺസിലെ സനിൽ തോമസ് തെരഞ്ഞെടുക്കപ്പെട്ടു. ഏറ്റവും നല്ല ആക്രമണ കളിക്കാരനായി (ഒഫൻസ് പ്ലെയർ) ഫിലി സ്റ്റാർസിലെ സനൂപ് ജോസി, ഏറ്റവും നല്ല പ്രതിരോധ കളിക്കാരനായി (ഡിഫെൻസീവ് പ്ലെയർ) സനിൽ കദളിമറ്റം (ചിക്കാഗോ), ബെസ്റ്റ് സെറ്ററായി ജോഫി ജോസഫ് (ഫിലാഡൽഫിയ) എന്നിവർ സമ്മാനാർഹരായി. അണ്ടർ 18 വിഭാഗത്തിൽ 5 ടീമുകൾ മത്സരിച്ചു. പ്രസ്തുത വിഭാഗത്തിൽ ഏറ്റവും മൂല്യമുള്ള കളിക്കാരൻ ആരോൺ മൂലപ്പറമ്പിൽ (ന്യൂയോർക്ക്), ബെസ്റ്റ് ഒഫൻസ് ലിയോ സിബി (ഹൂസ്റ്റൺ), ബെസ്റ്റ് ഡിഫെൻസ് ഡേയ്‌ലൻ ജേക്കബ് (ന്യൂയോർക്ക്), ബെസ്റ്റ് സെറ്റർ നിക്കോളാസ് ജേക്കബ് (ന്യൂയോർക്ക്), റൂക്കി ഓഫ് ദി ഇയർ- മാത്യു ജോസഫ് (ന്യൂയോർക്ക്) എന്നിവർ സമ്മാനാർഹരായി. നാല്പതു വയസ്സിനു മുകളിലുള്ള വിഭാഗത്തിൽ 8 ടീമുകളാണ് പങ്കെടുത്തത്. അതിൽ ഏറ്റവും മൂല്യമുള്ള കളിക്കാരൻ ബൈജു വർഗീസ് (ഫിലാഡൽഫിയ), ബെസ്റ്റ് ഒഫെൻസീവ് കളിക്കാരൻ അനൂപ് (കാനഡ), ബെസ്റ്റ് സെറ്റർ ഷാജി വർഗീസ് (ഫിലാഡൽഫിയ).

ലൂക്കോസ് സ്പോർട്സ് ഫൗണ്ടേഷൻ വിവിധ വിജയികൾക്കായി അയ്യായിരം ഡോളറാണ് ക്യാഷ് പ്രൈസ് ആയി നല്കിയത്. വിജയികൾക്ക് എംഎൽഎ മോൻസ് ജോസഫ്, ഫോമാ ചുമതലക്കാർ, ഫൗണ്ടേഷൻ ഭാരവാഹികൾ, സ്പോൺസർമാർ എന്നിവർ ചേർന്ന് ട്രോഫികളും ക്യാഷ് സമ്മാനങ്ങളും നല്കി.

# കാണികളെ ആവേശത്തിമിർപ്പിലാക്കി എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ മാമാങ്കം ചിത്രങ്ങളിലൂടെ...





























കേരളാ എക്സ്പ്രസ് KERALA EXPRESS

വാരാന്ത്യം

# തലവരയും സു ഫ്രം സോയും







സിനിമാക്കഥ



മഹേഷ് ഗോപാൽ

ഓരോ മികച്ച ആക്ടറിന്റെ കരിയറിലും അവരുടെ തലവര മാറ്റുന്ന ചില സിനിമകൾ കാണും.

അവർക്ക് ചെയ്യാനാവില്ലെന്നു നമ്മൾ കരുതുന്ന കഥാപാത്രങ്ങളെ അവർ ചെയ്തു കാണിക്കുന്ന സിനിമകൾ.

പ്രേമത്തിലും, ഹേ ജൂഡിലുമൊക്കെ നിവിൻ പോളി ഞെട്ടിച്ചതു പോലെ..

കെട്ട്യോളാണെന്റെ മാലാഖയിലും, കിഷ്ക്കിന്ദ കാണ്ഡത്തിലും ആസിഫലി തെളിയിച്ചതു പോലെ.. ഇവിടെ, അർജുൻ അശോകൻ തന്റെ അനായാസ അഭിനയത്തിലൂടെ ജ്യോതിഷ് എന്ന ആ കഥാപാത്രത്തെ അനശ്വരമാക്കി.

ആ കഥാപാത്രം അത്രയ്ക്കു ശ്രദ്ധേയമാവാൻ ഒരു പ്രധാന കാരണം, ആ ചിത്രത്തിലുള്ള മറ്റെല്ലാവരും തന്നെ വളരെ മികച്ച പ്രകടനം കാഴ്ച വെച്ചു എന്നതു തന്നെയാണ്.

സന്ധ്യ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച രേവതി ശർമ്മയും, അർജുന്റെ സഹോദരിയുടെ കഥാപാത്രത്തെ അവതരിപ്പിച്ച കുട്ടിയും, അശോകനും, ദേവദർശിനിയും, മിന്നൽ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച നടനും എന്നു വേണ്ട സകലരും ഗംഭീരമായിരുന്നു.

അതിനെല്ലാം കാരണം, കൈയ്യൊതുക്കമുള്ള എഴുത്തും മികച്ച സംവിധാനവും തന്നെയാണ്.

എണ്ണിപ്പറയാൻ എത്രയെത്ര മികച്ച സീനുകൾ ചിത്രത്തിലുണ്ടെന്നോ.

കഥാപാത്രങ്ങളുടെ ഇമോഷൻസ് പ്രേക്ഷകനേയും അനുഭവിപ്പിച്ചെടുക്കുന്ന ഇത്തരം സിനിമകൾ മലയാളത്തിൽ ഇനിയും വരേണ്ടതുണ്ട്. അതിന് ഈ ചിത്രം ഒരു തീയറ്റർ വിജയമായി മാറേണ്ടത് അത്യാവശ്യമാണ്. ചിത്രമത് അർഹിക്കുന്നുമുണ്ട്.

ഓണച്ചിത്രങ്ങളെത്തുമ്പോൾ തീയറ്ററൊഴിഞ്ഞു കൊടുക്കേണ്ടുന്ന സിനിമയല്ല തലവര.

ഈ വർഷത്തെ ഓണച്ചിത്രങ്ങളുടെ വരവ് തലവരയിലൂടെ ആരംഭിച്ചു എന്നു പറയുന്നതാവും ശരി.

സു ഫ്രം സോ. അതായത് സുലോചന ഫ്രം സോമേശ്വരം.

ആദ്യം തന്നെ പറയട്ടെ ഇതിനെയൊരു ഡബ്ബിങ്ങ് ചിത്രമായി കാണേണ്ടതേയില്ല.

ഞാൻ ഇന്നോളം കണ്ടതിൽ വച്ച് ഏറ്റവും കിടിലൻ ഡബ്ബിങ്ങ് ഈ സിനിമയുടേതാണ്. അത്ര സ്വാഭാവികമായാണ് മലയാളം ഡയലോഗുകളും പാട്ടുകളും ഒക്കെ എഴുതപ്പെട്ടിരിക്കുന്നതും സംസാരിച്ചിരിക്കുന്നതും.

ഇനി സിനിമയിലേക്ക് വന്നാൽ... മാമൻ, താത്ത, പാട്ടി, ചിത്തപ്പാ, അയൽക്കാരൻ, നാട്ടുകാര് എന്നു വേണ്ട സ്ക്രീനിലേക്ക് കടന്നുവരുന്ന ഒരു ലോഡ് ആൾക്കാര് വന്ന് കേറിയിറങ്ങി ചിരിപ്പിച്ചിട്ട് പോകുന്ന ultimate entertainer ആണ് സു ഫ്രം സോ'

ഡയലോഗ് കൊണ്ട് മാത്രമല്ല ബോഡി ലാംഗ്വേജ് കൊണ്ട് പോലും ചിരിപ്പിക്കുന്നുണ്ട് അവരോരോരുത്തരും.


രാജ് ബി. ഷെട്ടിയുടെ ഒരു ഗുരുജിയുണ്ട്. ഇത്രയും ഗതികെട്ട ഒരു ഗുരുജിയെ ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. ഒരു ലെവലൊക്കെ കഴിയുമ്പോൾ പുള്ളി വരുമ്പൊഴേ ചിരി വരും.

അതു പോലെ രവിയണ്ണ... പുള്ളിയുടെ അഴിഞ്ഞാട്ടമാണ് പടം നിറയെ.

അതു പോലെ ഒരു അളിയനുണ്ട് പടത്തിൽ. ലോകത്ത് ഒരു അളിയനും ഇത്രയും കിടിലൻ ബാക്ക് ഗ്രൗണ്ട് സ്കോറ് കിട്ടിയിട്ടുണ്ടാവില്ല.

മൊത്തത്തിൽ ഒരു നാടോടിക്കഥയൊക്കെ കാണുന്നതു പോലെ ചിരിച്ചു രസിച്ചു കാണാൻ പറ്റുന്ന അടിപൊളി പടമാണ് സു ഫ്രം സോ.

കവിത



ശ്രീകുമാരൻ തമ്പി

## വരിക ചിങ്ങമേ



വരിക ചിങ്ങമേ, വരിക, പ്രേമത്തിൻ
നിറഞ്ഞ പൂവിളിയിനിയും കേൾക്കുവാൻ
വരിക ചിങ്ങമേ, വരികയെൻമനോ-
ചരിത്രമൊക്കെയും പഠിച്ചറിഞ്ഞു നീ
വ്യഥയിലും മലർ വിടർത്തും നമ്മളെ
തിരിച്ചറിഞ്ഞതാ തെളിയുന്നംബരം !
ഇനിയും പൊന്നുഷസ്സിടുന്ന പൂക്കളം
ഇനിയും സന്ധ്യകൾ രചിക്കും കാവ്യങ്ങൾ,
മനസ്സിലേറ്റി ഞാനുണർന്നിരുന്നിടാം
മറന്നതൊക്കെയും പുനർജ്ജനിക്കുവാൻ !
വരിക ചിങ്ങമേ, വരിക, പ്രേമത്തിൻ
നിറഞ്ഞ പൂവിളിയിനിയും കേൾക്കുവാൻ
ഇടയിൽ നിന്നെയും പരിചരിക്കുവാൻ
ചെറുമഴച്ചാർത്തിൻ പളുങ്കു തുള്ളികൾ
പൊഴിയും നേരത്തെൻ ഹൃദയം നൊന്തിടാം
ചെറിയ നൊമ്പരം മധുരമായിടാം
വരിക ചിങ്ങമേ, പ്രണയവും നീയും
ഒരുമിക്കുന്നതാണെനിക്കു സാന്ത്വനം
മരണത്തിൻ വിളി മുഴങ്ങും നേരത്തും
ചിരിയായെത്തുകെൻ ഋതുസംഗീതമേ...

കവിത



ആർച്ച ആശ

## നീയെന്നത്

കണ്ണുകൾ വിരിഞ്ഞതും
ചുണ്ടുകൾ വിടർന്നതും
കവിളുകൾ ചോന്നതും
ഉമിനീരിന്റെ ചൂടിനെ
നാവറിഞ്ഞതും
ഹൃദയപ്പിടപ്പിനെ
കാതെടുത്തതും
വിരലുകൾ വിറകൊണ്ടതും
ഉടലാകെ ഒരു പ്രണയശലഭം
നിഴൽ വിരിച്ചതും
ഉൻമാദങ്ങളുടെ
ഏറ്റക്കുറച്ചിലിൽ
ചിലനേരങ്ങളിൽ
ഉള്ളാഴപ്പരപ്പിൽ
നിന്നോളമെത്തുന്ന
ചിന്തകളാഴ്ന്നിറങ്ങവേ
നീ......
നീയെന്നത്
എന്നാത്മാവ് തെരയുന്ന
അഭിലാഷമാകുന്നു.

വാരാന്ത്യം

ലേഖനം

# ഓണപ്പാട്ടിൻ താളം





രാജീവ് പഴുവിൽ
ന്യൂജേഴ്സി



ഓണത്തെപ്പറ്റി ഓർക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്ന നിരവധി മനോഹരഗാനങ്ങളുണ്ട്. ബാല്യ കാലം മുതൽ കേട്ട് കേട്ട് നാമെല്ലാവരും നെഞ്ചിലേറ്റിയവ.

എന്റെ മനസ്സിൽ ഓണത്തുമ്പികളെപ്പോലെ തുള്ളിക്കളിച്ച് ഏറ്റവും മുൻപിൽ പറന്നെത്തുന്ന മൂന്ന് ചലച്ചിത്ര ഗാനങ്ങളുടെ വരികൾ ഏതൊക്കെയെന്നു പറയാം. ഇവ നിങ്ങളുടെയും ഇഷ്ടഗാനങ്ങൾ ആയിരിക്കും എന്നതിൽ സംശയമൊന്നുമില്ല.

1. 'തിരുവോണം' എന്ന ചിത്രത്തിലെ ഈ ഗാനത്തിന് മുഖവുരകൾ ഒന്നും ആവശ്യമില്ല. അത്ര കണ്ടു മനസ്സിൽ മധുരമഴ പെയ്യിക്കുന്ന ഈ ഗാനത്തിന്റെ പല്ലവിയാണ് താഴെ. വാണീജയറാമിന്റെ ക്ലാസ്സിക്കുകളിൽ ഒന്ന്.

തിരുവോണപ്പുലരിതൻ തിരുമുൽക്കാഴ്ച വാങ്ങാൻ തിരുമുറ്റമണിഞ്ഞൊരുങ്ങി, തിരുമേനി എഴുന്നള്ളും സമയമായി ഹൃദയങ്ങളണിഞ്ഞൊരുങ്ങി, ഒരുങ്ങീ, ഹൃദയങ്ങളണിഞ്ഞൊരുങ്ങി.

2. ചില ഗാനങ്ങളിൽ ആരംഭത്തേക്കാൾ ഹൃദ്യമായി തോന്നുക, തുടർന്നുവരുന്ന വരികളാകും. മിനിമോൾ എന്ന ചിത്രത്തിൽ 'കേരളം കേരളം' എന്ന് തുടങ്ങുന്ന ഗാനത്തിൽ, പിന്നീട് പൊന്നോണത്തെപ്പറ്റി പറയുന്ന വരികളാണ് എനിക്ക് കൂടുതൽ പ്രിയതരമായവ.

'പൂവണിപ്പൊന്നും ചിങ്ങപ്പൂവിളി കേട്ടുണരും, പുന്നെല്ലിൻ പാടത്തിലൂടെ മാവേലിമന്നന്റെ മാണിക്യത്തേരു വരും മാനസപ്പൂക്കളങ്ങൾ ആടും'.

3. കൗതുകമെന്ന് പറയട്ടെ, വിഷുക്കണി എന്ന ചിത്രത്തിലാണ് ഓണത്തെപ്പറ്റിയുള്ള അടുത്ത അതിമനോഹരമായ ഗാനം.

"പൂവിളി പൂവിളി പൊന്നോണമായി,
നീ വരൂ നീ വരൂ പൊന്നോണത്തുമ്പി.
ഈ പൂവിളിയിൽ,
മോഹം പൊന്നിൻ മുത്തായി മാറും
പൂവയലിൽ,
നീ വരൂ ഭാഗം വാങ്ങാൻ"

എണ്ണിയാലൊടുങ്ങാത്ത തിരകൾ പോലെ പ്രിയഗാനങ്ങൾക്ക് അവസാനമില്ല. അതുകൊണ്ട്, പറഞ്ഞതുപോലെ മൂന്നിൽ നിർത്തുകയാണ്.

ഈ മൂന്ന് ഗാനങ്ങളുടെയും ഒരു പ്രത്യേകത, ഇവയുടെ രചന ശ്രീകുമാരൻ തമ്പി സാറാണ് എന്നുള്ളതാണ്. എന്തുകൊണ്ടോ, ഇവയിൽ പലതും വയലാറിന്റെ രചനകൾ ആണെന്നാണ് ഞാൻ ആദ്യം കരുതിയിരുന്നത്.

നിത്യഹരിതനായകൻ പ്രേംനസീറിന്റെ ചിത്രങ്ങളിലേതാണ് ഇവ മൂന്നും എന്നതു കൊണ്ടാകും ഇവയും നിത്യഹരിതങ്ങളായി ഇന്നും നിൽക്കുന്നത്.

പറഞ്ഞുവരുന്നത്, അറിഞ്ഞോ അറിയാതെയോ ഈ പാട്ടുകളിലൂടെ ശ്രീകുമാരൻ തമ്പി സാറും, നസീർ സാറും ഓണത്തെപ്പറ്റിയുള്ള എന്റെ ഓർമ്മകളിൽ കടന്നുവരുന്നു എന്നാണ്.

പൂവിളിയും പുന്നെല്ലും പൂത്തുമ്പയും പൂത്തുമ്പിയുമൊക്കെയായി ഏറ്റവും നല്ലൊരു ഓണമാകട്ടെ ഇത്തവണ നമ്മുടേത്.

---

കഥ



മായാ കൃഷ്ണൻ

# അവധിപ്പൂക്കൾ.... അനവധിപ്പൂക്കൾ...



'എന്തിനാണ് ആ മുല്ലമൊട്ട് മുഴോൻ പൊട്ടിക്കണത്?' ഒരുപാളി മാത്രം തുറന്നിട്ട ജനലിലൂടെയാണ് ചോദ്യം പുറത്തുവരുന്നത്..

'മാല കോർക്കാൻ..'

'ന്ന്ട്ട്? അന്റെ കഴുത്തിൽ കെട്ടിത്തൂക്കാനാ?'

എന്തൊരു മനുഷ്യൻ? പെങ്കുട്ട്യോൾ മുല്ലമാല കഴുത്തിലാണോ ഇടുക...

'അല്ല, മുടീല്'

'പിന്നേ... അങ്ങട്ട് സുന്ദരിയാവല്ലേ ന്നാല്...'

എന്തൊരു പുച്ഛം... ഇയാളെ പുച്ഛം കൊണ്ട് മെനഞ്ഞെടുത്തതാ ന്ന് തോന്നുണു.. വേണ്ടീര്ന്ന്ല്യ, ഈ വരവ്.. വല്യ പൂട്ടലിന് ഇപ്രാവശ്യെങ്കിലും എങ്ങട്ടെങ്കിലും കൊണ്ടോവണം ന്ന് നിർബന്ധം പിടിച്ചപ്പോ അച്ഛൻ കൊണ്ടന്നാക്കീതാണ്.. അമ്മ പറയണ പണികളുമെടുത്ത് വീട്ടിലന്നെ നിന്നാ മത്യാർന്നു.. ഇങ്ങനെയൊക്കെ വിചാരിച്ച് മന്ദബുദ്ധിയെപ്പോലെ ഞാനങ്ങനെ നിന്നു.. തൊടിയിലെ മൂവാണ്ടനിന്മേൽ ചുറ്റിപ്പടർന്ന് കിടക്കുകയാണ്, മുല്ലക്കാട്. എത്രപൊട്ടിച്ചാലും പിന്നെയുമുണ്ട് കുന്നോളം... പൊട്ടിച്ചെടുത്ത മുല്ലമൊട്ടുകൾ, ഉമ്മറത്തിരിക്കുന്ന കൃഷ്ണവിഗ്രഹത്തിന്റെ കാൽച്ചോട്ടിൽ കൊണ്ടിട്ടു.. ന്നാ.. അന്റെ കൊറേ പെണ്ണുങ്ങളില്ല്യേ, അവര്ക്ക് കൊടുത്തോ... തിരിഞ്ഞുനോക്കുമ്പോൾ പിന്നിൽ...

'നോക്ക്.. നാളെ വിരിയാൻ ള്ള പൂക്കളല്ലേ അതൊക്കെ?'

'വിരിഞ്ഞാലും കൊഴിയാൻ ള്ളതും അല്ലേ?'

'മരിക്കാൻ വേണ്ടീട്ടാ ജനിക്കണത്; ന്ന്വച്ച്, നമ്മളാരെങ്കിലും സമായാവുംമുന്നേ ചാവ്വോ?'

********

'എന്താടീ യ്യ് ന്നെക്കണ്ടാ ഒളിച്ചുമാറി നടക്കണത്? ഞാനെന്താ അന്നെ മ്ണ്ങ്ങ്വോ?'

ഓഹ്... യ്യാള് ഇപ്പൊ കാപ്പി കുടിക്കാൻ എഴുന്നള്ളും ന്ന് അറിഞ്ഞിരുന്നെങ്കി ഈ പരിസരത്തേക്ക് വരില്ലാർന്നു, തേങ്ങ...

'ന്താടീ, ഉണ്ടക്കണ്ണും മിഴിച്ച്..'

'ന്തിനാ എപ്പളും ങ്ങനെ കടിച്ച് തിന്നണ്, ഞാൻ രണ്ടീസം കഴിഞ്ഞാ പൊക്കോള്ല്ലേ?'

എന്തോ പിന്നെ ഒന്നും മിണ്ടീല്യ. തുറിച്ചൊന്ന് നോക്കി...

********

'നാളെ അമ്മാമ വരും.'

നന്നായിപ്പോയി

'അണക്ക് ചെവ്ട് ല്ല്യേ? ഞാൻ പറഞ്ഞത് കേട്ട്വോ?' ഞാൻ ബൊമ്മടെ മാതിരി തലയാട്ടി...

'യ്യ് നാളെ പോവോ അപ്പൊ?'

'പൊവ്വും' ... വ്വും എന്നതിന് കുറച്ചു കടുപ്പം കൂടുതൽ ണ്ടാർന്നു??

'അണക്ക് ന്നോട് ദേഷ്യാ?'.. അല്ലപിന്നെ...

'ഭയങ്കര ദേഷ്യാ?'

'അതെ അതെ, നൂറതേ...'

'ന്നാലേ... അന്റെ ഒറ്റപ്പാലത്തേക്ക് ള്ള വഴ്യോക്കെ ഇയ്ക്ക് നല്ല നിശ്ശണ്ട്... ഒരൂസം ഞാനും വരും അന്റോടയ്ക്ക്..'

'അയ്ന്പ്പോ ഇയ്ക്ക് എന്ത് കുന്താ..'

'അപ്പോ ഒരു പാട്ട് പാടിത്തരണം.. കേട്ട്വോ..'

'പിന്നേ.. യ്ക്ക് വേറെ പണില്ല്യ..'

'ടീ...' ഇയാൾടെ കയ്യില് ഇത്ര മൃദുവായ എടിയും ണ്ടോ???

'ഏത് പാട്ടാ ന്ന് എന്താ ചോയ്ക്കാത്ത്?'

'ഏതായയാലെന്താ, ഞാൻ പാട്ല്യ.. ഒറപ്പ്..'

'യ്യ് പാട്ല്ല്യ ന്നല്ലേ ഇപ്പൊ വിചാരിച്ച്? ന്നാണ്ടല്ലോ... വാശി പിടിപ്പിക്കണ്ട.. ആത്മാവിൽ മുട്ടിവിളിച്ചതുപോലെ ന്ന്ള്ള ആ പാട്ട്ല്ല്യേ.. അത് പഠിച്ചു വെച്ചോ.. അതാ അണക്ക് നല്ലത്.'

വേണച്ചാ ടേപ്പ് റെക്കോർഡർ വെച്ച് കേട്ടോളൂ...

********

പിറ്റേന്ന്, കൊണ്ടുവന്നതിനുപുറമെ വല്യമ്മ എടുത്തുതന്ന രണ്ട് ജോഡി പാവാടേം ജമ്പറും കൂടി കിട്ടിയ സന്തോഷത്തോടെ, ആ വീടിന്റെ പടിയിറങ്ങുമ്പോൾ, ഒറ്റപ്പാളി മാത്രം തുറന്നിട്ട ജനലിന് പിറകിൽ നിന്ന് ആ പാട്ട് എന്റെ കൂടെ ഇറങ്ങിവന്നു...
തിരിഞ്ഞുനോക്കിയില്ലെങ്കിലും എനിക്ക് ഉറപ്പുണ്ടായിരുന്നു, ഒരു നോട്ടവും കൂടെയുണ്ട്.

# INDIA'S ELECTION SYSTEM IN SHAMBLES: RESTORE DEMOCRACY WITH PAPER BALLOTS AND AUDITED VOTER ROLLS

The recent revelations by Rahul Gandhi, the opposition leader in India, pointing to the election irregularities in Karnataka and Maharashtra, are shocking and yet Sad. Undoubtedly, the solid evidence provided to show the massive fraud orchestrated to defy voters' will is a clear indication of the demise of a venerable institution like the Election Commission, but may prove to be a death knell for Democracy itself as the founders of modern India envisaged it.

The Election Commission has become a vassal in the hands of the BJP, infringing its independence and transforming it into a subsidiary of the government machinery, contrary to what the framers of the Constitution intended. The removal of the Chief Justice from the EC selection process, while supplanting him with the Home Minister and appointing Government bureaucrats amenable to the whims of the ruling disposition, was the beginning of the end of this great institution that was known for its independence and integrity. These explosive revelations throw into doubt not only the integrity of past elections but also their usability and value, as they have become a mockery of deceit and thievery.

The crux of the matter here is the overreach of the Executive branch, exercising its power in any way possible to maintain control, whether the people desired it or not. Transparency and fairness in an election are no longer their concern as they are obsessed with power grab to perpetuate an ideology that has little or no sway over the average voter, who is struggling to survive in Modi's economy.

At a press conference on August 7, 2025, Rahul Gandhi leveled serious allegations of electoral fraud in the Mahadevapura Assembly segment (part of Bangalore Central), accusing the Election Commission (EC) of colluding with the BJP to engineer what he termed "vote chori" (vote theft). Mr. Gandhi alleges manipulation via duplicate registrations, fake addresses, misused Form 6

**George Abraham**

entries, and more and as a result 100,000 votes were stolen in Mahadevapura constituency in Bangalore via five manipulating tactics: 11,965 duplicate voter entries, 40,009 fake or invalid addresses, 10.452 bulk entries from a single or invalid address, 4132 entries with invalid photos and 33,692 misuses of form, 6 (new voter additions). Mahadevapura (SC) stands out: it recorded approximately 115,046 vote margin—the largest among all assembly segments.

The question everyone is now asking is whether the EC is directly involved in orchestrating voter duplication to skew results and aid the BJP government. In West Bengal, Trinamool Congress identified duplicate EPIC (Electors Photo Identity Card) numbers assigned to persons across constituencies. Similar accusations have surfaced in Maharashtra and Delhi, raising concerns about "fake voters" being inserted into the rolls.

Congress also alleges large-scale voter fraud in the recently concluded Maharashtra elections. Between the 2024 Lok Sabha and Maharashtra Assembly elections (in 5 months), approximately 40.8 lakh new voters were added to the voter rolls. Of these newly added voters, over 18 lakhs were concentrated across 78 constituencies in just 13 Lok Sabha segments. BJP and its allies won 68 of them. Con-



George Abraham

gress alerted the authorities also about the arbitrary deletion of voters, about 10,000 per constituency, followed by large-scale additions, potentially disenfranchising voters who may be loyal to the opposition.

Historical research has always shown critical vulnerabilities in EVM (Electronic Voting Machines) hardware and software. Although VVPATS were added to allay those concerns, only a tiny fraction (0.3%) of machines get their VVPATS counted. The Election Commission has always rejected the close monitoring of EVMs and asserted that they are tamper-proof. We are living in an age where even sophisticated systems with high levels of security are under attack from cyber-criminals. The Defense Department in the U.S. believes that 15% of the "specially built for Pentagon" chips that go into aircraft and missiles are counterfeit, and they have no way of finding out. However, EC aims to convince the country that the commodity microcontroller and other electric components in an EVM pose no greater threat than the Systems in a technologically advanced country like the U.S. There may not be a machine in the world that is truly impenetrable!

Therefore, the critical question is whether these two threads are linked – the voter roll fraud and EVM manipulation. There is a growing body of critics who also believe that voter list fraud and EVM manipulations are intrinsically linked. What is the point of adding fake or ghost voters if they are unable to vote, as they are simply non-existent? If ghost voters "vote" (or their votes are effectively pre-programmed), the EVM may record ballots favoring a particular party. Thus, even if turnout looks 'normal', the final vote share distribution can be tilted systematically.

There have been sporadic and unverified reports of discrepancies between the number of votes polled and those counted by some of the defeated candidates, alleging thousands of extra votes in certain constituencies. In another instance, errors during mock polling (in Kasaragod, Kerala) saw EVMs registering extra votes for a particular party, allegedly due to VVPAT malfunction. The design of India's EVMs relies entirely on the physical security of the machines and the integrity of election insiders. There was a story from Madhya Pradesh about CCTV cameras being installed at a storage area after electricity was cut off, raising suspicions and creating further innuendos. All these reports fuel further speculations in this whole election process, questioning the accuracy and integrity of EVM counting.

In the aftermath of Congress's defeat in Madhya Pradesh, Rajasthan, and Chhattisgarh in 2023, Mr. Digvijay Singh, a senior leader of the Congress Party and former Chief Minister of Madhya Pradesh, publicly questioned the reliability of EVMs: On X (formerly Twitter), he stated, "Any machine with a chip can be hacked. I have opposed voting by EVM since 2003." He warned: "Can we allow our Indian Democracy to be controlled by professional hackers! On ECI and Hon Supreme Court, would you please defend our Indian Democracy? "

Even countries with advanced technology, like Germany, the Netherlands, and parts of the U.S., returned to paper ballots because trust and auditability are more critical than speed or convenience in elections. Germany introduced electronic voting in 1998 and abolished it nationwide in 2009. The Federal Constitutional Court in Germany ruled that "EVMs violated the requirements – citizens could not independently verify that voters were recorded and counted correctly.

(see page 23)

# ഫാ. നിബി കണ്ണായിയുടെ നേതൃത്വത്തിൽ കൊളംബസ് സീറോമലബാർ കത്തോലിക്കാ മിഷന് പുതിയ പാരിഷ് കൗൺസിൽ

**കിരൺ ജോസഫ്**

കൊളംബസ്: കൊളംബസ് സീറോമലബാർ കത്തോലിക്കാ മിഷൻ ഡയറക്ടർ ഫാ. നിബി കണ്ണായിയുടെ നേതൃത്വത്തിൽ 2025-27 കാലയളവിലേക്കുള്ള പാരിഷ് പുതിയ കൗൺസിൽ ചുമതലയേറ്റു.




ചെറിയാൻ മാത്യു (ട്രസ്റ്റി), ജോസഫ് സെബാസ്റ്റ്യൻ (ട്രസ്റ്റി), കിരൺ എലുവിങ്കൽ (ഫിനാൻസ്), സുജ അലക്സ് (പിആർഒ), ഷിംഷ മനോജ് (സെക്രട്ടറി, ലിറ്റർജി, ക്വയർ), ജെയിംസ് പുതുശ്ശേരി (ഫാമിലി അപ്പോസ്റ്റലേറ്റ്, സാക്രിസ്റ്റിൻ), റിയ ഐസക് (സിസിഡി, ഐടി, സോഷ്യൽ മീഡിയ), ജോബി തുണ്ടത്തിൽ (ചാരിറ്റി), ആന്റണി ജോർജ് (യൂത്ത് അപ്പോസ്റ്റലേറ്റ്, ഫോട്ടോഗ്രാഫി, പ്രോഗ്രാം കോ-ഓർഡിനേറ്റർ) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ഇതു കൂടാതെ മിഷനിലെ രണ്ട് വാർഡുകളും 2025, 2027-ലേക്കുള്ള ഭാരവാഹികളെയും തെരഞ്ഞെടുത്തു. മാർട്ടിൻ, ദീപ, ജെയിംസ് (സെ. അൽഫോൺസാ വാർഡ്), വർഗീസ് പള്ളിത്താനം, സ്നേഹ ജോസഫ് (സെ. ചാവറ വാർഡ്) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

അതേദിവസം തന്നെ മിഷനിൽ മാതൃസംഘം, വിൻസന്റ് ഡി പോൾ കമ്മിറ്റിയും നിലവിൽ വന്നു, ഏബ്രഹാം, ജിൽസൺ, ഷിനോ, ഓസ്റ്റിൻ, നിജിത് എന്നിവരുടെ നേതൃത്വത്തിലാണ് വിൻസെന്റ് ഡി പോൾ പ്രവർത്തിക്കുന്നത്. യുവജന വിഭാഗത്തിന്റെയും മാതൃവേദിയുടെയും പുതിയ ഭാരവാഹികളെയും തെരഞ്ഞെടുത്തു. യുവജനവേദിയുടെ പ്രസിഡണ്ട് ആന്റണി ജോർജ്, വൈസ് പ്രസിഡണ്ട് നേതൻ മനോജ്, സെക്രട്ടറി സാൻഡ്ര പാറ്റാനി എന്നിവരും മാതൃവേദി ഭാരവാഹികളായി ഡോണിയ ജോസ്, ജിബി ജോബിൻ, അയ്റീൻ തോമസ്, മെറിൻ ജോസ്, നിയ സിനോ എന്നിവരെയും തെരഞ്ഞെടുക്കുകയും ഇവർ ചുമതലയേൽക്കുകയും ചെയ്തു. സീറോമലബാർ സെയിന്റ് മേരീസ് മിഷൻ ഡയറക്ടർ ഡോ. ഫാ. നിബി കണ്ണായി തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അനുഗ്രഹിച്ച് ആശീർവദിക്കുകയും തുടർന്ന് പ്രാർത്ഥനയോടെ പുതിയ പ്രതിനിധികൾ ചുമതലയേറ്റു. തുടർന്ന് സ്ഥാനമൊഴിയുന്ന ട്രസ്റ്റിമാരായ ദീപുവും ജിൻസണും ചേർന്ന് പുതിയ കമ്മിറ്റിക്ക് ആശംസകൾ നേരുകയും താക്കോൽ കൈമാറുകയും ചെയ്തു.

# എങ്കിലും എന്റെ രാഹുലേ!

രാജു മൈലപ്ര

നല്ല ശാന്തമായ അന്തരീക്ഷം. ഓണത്തിന് ഇനി ഏതാനും ദിവസങ്ങൾ കൂടി മാത്രം. ഓണപ്പൂക്കൾ വിരിഞ്ഞു തുടങ്ങി. ഓണത്തുമ്പികൾ അതിൽനിന്നും തേൻ നുകരുന്നു. ഉച്ചച്ചൂടിന് ഒരു കുളിർമ്മ പകർന്നുകൊണ്ട് മന്ദമാരുതൻ വീശുന്നുണ്ട്.

പെട്ടെന്ന് അന്തരീക്ഷം മാറി. നൊടിയിടയ്ക്കുള്ളിൽ ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടി. മേഘവിസ്ഫോടനം!

ജനത്തെ ഒന്നാകെ അമ്പരപ്പിച്ചുകൊണ്ട് ആകാശത്തുനിന്നും ഈസ്റ്റ്മാൻ കളറിലുള്ള ഒരു ഇളിച്ച 70 എം.എം. ചിരിയുമായി, ഒരു സ്വയം പ്രഖ്യാപിത താരസുന്ദരി ലാൻഡു ചെയ്യുന്നു.

'മാന്യ മഹാജനങ്ങളെ! നമ്മളുടെ ഇടയിൽ ഒരു പീഡനവീരൻ ഉണ്ട്. എന്റെ ഒരു നല്ല സുഹൃത്താണ്, എന്നെ നേരിട്ട് പീഡിപ്പിച്ചിട്ടില്ല. ചാറ്റിംഗിലൂടെ എന്നെ ചീറ്റുചെയ്യുവാൻ ശ്രമിച്ചിട്ടുണ്ട്.'

ഇത്ര മനോഹരമായി വസ്ത്രധാരണം ചെയ്ത്, സന്തോഷത്തോടെ, ആത്മനിർവൃതിയോടെ ഒരു പീഡനകഥ 'ഇര' വിവരിക്കുന്നത് മലയാളി മക്കൾ ആദ്യമായി കാണുകയാണ്.

'ആരാണ് ആ വൃത്തികെട്ടവൻ?'

'പേരു ഞാൻ പറയില്ല. കോൺഗ്രസ് പാർട്ടിയുടെ ഒരു യുവനേതാവാണ്. ഇപ്പോൾ എംഎൽഎയാണ്. ഒരു ക്ലൂ തരാം. മാവിലില്ല, എന്നാൽ മാങ്കൂട്ടത്തിലുണ്ട്."

"ആരോടും ഇതുവരെ പരാതിപ്പെട്ടില്ലേ?"

"ഞാൻ എന്റെ സ്വന്തം ഡാഡിയേക്കാൾ സ്നേഹിക്കുന്ന, ആരാധിക്കുന്ന കോൺഗ്രസ് പാർട്ടിയുടെ ഒരു നേതാവിനോടു മാത്രം പറഞ്ഞിട്ടുണ്ട്. പേരു ഞാൻ പറയില്ല. ഒരു ക്ലൂ തരാം. എന്റെ കഴിഞ്ഞ ബെർത്ത് ഡേക്ക് കേക്ക് മുറിച്ച്, എന്റെ വായിൽ തരുന്ന ഫോട്ടോ കാണിക്കാം."

താരസുന്ദരിയുടെ മുഖത്തെ സന്തോഷം ഇരട്ടിക്കുകയാണ്. തന്റെ ഫോണിൽ നിന്നും ആ ഫോട്ടോ പത്രക്കാരെ കാണിക്കുന്നു.

അമ്പടാ വീരാ, രാഹുലേ, നീ ആളു കൊള്ളാമല്ലോ! എന്നാലും ഇത്രയധികം യുവതികളെ എങ്ങനെ സാധിക്കുന്നടേ ഇതെല്ലാം? അല്ലെങ്കിലും പയ്യൻസിന് ഈയിടെയായി തലക്കനം അല്പം കൂടുതലായിരുന്നു. താനൊരു വലിയ സംഭവമാണെന്ന ഭാവം. ഇവനെയിങ്ങനെ കയറൂരി വിട്ടാൽ, അവസാനം അത് തങ്ങൾക്കു തന്നെ പാരയാകുമെന്ന് ചില മുതിർന്ന നേതാക്കന്മാർക്കൊരു ശങ്ക!

എക്കാലവും കോൺഗ്രസ് പാർട്ടിയുടെ ശത്രുക്കൾ കോൺഗ്രസുകാർ തന്നെയാണല്ലോ!



ലേഖകൻ

അടുത്ത തെരഞ്ഞെടുപ്പോടു കൂടി അധികാരം തങ്ങളുടെ കൈകളിലെത്തുമെന്ന് അവർ കണക്കുകൂട്ടുന്നു. നേതാക്കന്മാർക്കാർക്കും മുഖ്യമന്ത്രിപദത്തിൽ കുറഞ്ഞൊരു സ്ഥാനം വേണ്ടാ. അവർ ഒളിഞ്ഞും തെളിഞ്ഞും ഓരോരുത്തരെയായി ഒതുക്കുവാനുള്ള നീക്കം തുടങ്ങി.

കോൺഗ്രസിന്റെ കരുത്തുറ്റ പ്രസിഡണ്ട് സുധാകരനെ പല കാരണങ്ങൾ പറഞ്ഞ് ഒഴിവാക്കി. ചുക്കിനും ചുണ്ണാമ്പിനും കൊള്ളാത്ത ഒരുത്തനെ പിടിച്ച് പകരക്കാരനാക്കി, ഇങ്ങേരുടെ പ്രസംഗം കേട്ടാൽ അണികളുടെ ഉള്ള ആവേശം കൂടി ഉറഞ്ഞുപോകും.

താൻ മകളെപ്പോലെ സ്നേഹിക്കുന്ന ഒരു അരുമപ്പൈതലിനെ പീഡിപ്പിക്കുവാൻ ശ്രമിച്ചവനെ ഒരു കാരണവശാലും പാർട്ടിയിൽ വെച്ചുപൊറുപ്പിക്കില്ല എന്ന ഒരു കഠിന തീരുമാനമെടുത്തു. ഒരു അന്വേഷണവും കൂടാതെ അയാളെ യൂത്ത് കോൺഗ്രസ് പ്രസിഡണ്ട് പദവിയിൽ നിന്നും നീക്കിയതു കൂടാതെ, കോൺഗ്രസിന്റെ പ്രാഥമിക അംഗത്വവും സസ്പെൻഡ് ചെയ്തു.

കോൺഗ്രസിലെ മുതിർന്ന വനിതാ നേതാക്കൾ ഒറ്റക്കെട്ടായി, ഒരു ദിവസംകൊണ്ട് രാഹുൽമോന് എതിരായി.

"ഞങ്ങളിവിടെ പുരനിറഞ്ഞു നിന്നിട്ടും നീ ഞങ്ങളെയൊന്നു പീഡിപ്പിച്ചില്ലല്ലോ?" എന്നാണ് അവരുടെ പുഞ്ചിരിനിറഞ്ഞ പരിഭവ മുഖഭാവം. കൂട്ടത്തിൽ ആലപ്പുഴക്കാരൻ നേതാവിന്റെ ഭാര്യയുടെ ഒരു പോസ്റ്റും വന്നു.

"സ്ത്രീകൾ ഭയന്ന് ഇയാളെപ്പറ്റി ചർച്ച ചെയ്യുകയാണ്. മിണ്ടാതിരിക്കുവാൻ ആവുന്നില്ല." വീട്ടിലിരിക്കുന്ന സോളാർ സാരിയുടെ കാര്യം ചേച്ചി സൗകര്യപൂർവം മറന്നുപോയെന്നു തോന്നുന്നു.

ബഹുമാനപ്പെട്ട പി.ജെ. കുര്യൻ സാറും പയ്യനത്ര മെച്ചമല്ലായെന്നു കാച്ചി. ഈയിടെയായി കുറച്ചു മറവിയുള്ള അദ്ദേഹം സൂര്യനെല്ലി സംഭവം ഓർക്കുന്നില്ലെന്നു തോന്നുന്നു.

ഇതുകൊണ്ടൊന്നും അരിശം തീരാതെ സതീശൻ സാർ വീണ്ടുമൊരു പത്രസമ്മേളനം നടത്തി. അദ്ദേഹത്തിന്റെ ആക്ഷനും വിരലു ചൂണ്ടിയുള്ള വെല്ലുവിളിയുമൊക്കെ കണ്ടപ്പോൾ, അങ്ങേര് സുരേഷ് ഗോപിക്ക് പഠിക്കുകയാണെന്ന് തോന്നി. തന്റെ കൈയിലൊരു ബോംബുണ്ടെന്നും അത് ഉടനെ പൊട്ടിക്കുമെന്നും ബി.ജെ.പിക്കാരും കമ്യൂണിസ്റ്റ് പാർട്ടിയും ഒന്നു കരുതിയിരുന്നോളാനും അദ്ദേഹമൊരു മുന്നറിയിപ്പ് നല്കി. ഓരോ വാചകം കഴിയുമ്പോഴും ചിരിക്കുന്ന ഒരു മുഖഭാവമാണ് അദ്ദേഹത്തിന്.

ബോംബു പൊട്ടിക്കുമെന്നു കേട്ടപ്പോൾ, ഊരിപ്പിടിച്ച വാളുകളുടെയും നിവർത്തിപ്പിടിച്ച കത്തികളുടെയും ഇടയിൽക്കൂടി ഒറ്റയ്ക്കു നടന്നുപോയ ചരിത്രമുള്ള 'ഇരട്ടച്ചങ്കൻ' ഒന്ന് ഊറിച്ചിരിച്ചതേയുള്ളൂ. ആ ചിരിയിൽ എന്തെല്ലാമോ അടങ്ങിയിരിക്കുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

***ഒടുവിൽ കിട്ടയത്ത്:*** ഒരു ഇല്ലാത്ത ഗർഭത്തിന്റെ ഉറവിടം തേടി, 'പരാതിക്കാർ ആരെങ്കിലുമുണ്ടോ, പരാതിക്കാർ ആരെങ്കിലുമുണ്ടോ?' എന്നു ചോദിച്ചുകൊണ്ട് പോലീസ് രംഗത്തിറങ്ങിയിരിക്കുകയാണ്.

ഒരു പരാതിക്കാരിയെ വേഷംകെട്ടി അവതരിപ്പിക്കുവാൻ നമ്മുടെ പോലീസിന് അധിക സമയമൊന്നും വേണ്ടാ. ഒരു റിഹേഴ്സലൊക്കെ നടത്തി വേദിയിലെത്തിക്കുവാൻ ഏതാനും ദിവസം വേണം.

സതീശൻ സാറിന്റെ കൈയിൽ ബോംബു പോയിട്ട്, ഒരു ഓലപ്പടക്കം പോലുമില്ല. താരസുന്ദരി പാൽപ്പായസവും കുടിച്ച്, ഓണച്ചന്തയിലൂടെ ഓടി നടക്കുന്നു!

(കഥ ഇവിടെ തീരുന്നില്ല...തുടരും)

***മുന്നറിയിപ്പ്:*** കേരളത്തിലെ ചില രാഷ്ട്രീയ നേതാക്കന്മാർ ഈയിടെയായി, കൂടെക്കൂടെ അമേരിക്കയിൽ കറങ്ങി നടപ്പുണ്ട്. എല്ലാവരും ഒന്ന് സൂക്ഷിക്കുന്നത് നല്ലതാണ്.

# INDIA'S ELECTION SYSTEM IN SHAMBLES

**(from page 22)**

There were obvious concerns in the country over software manipulation and a lack of auditability.

In the United States, Direct Recording Electronic (DRE) machines were introduced in early 2000 However, security researchers and election officials reported software bugs and hacking vulnerabilities. As a result, VVPAT systems were introduced to ensure audits. But today, most States require paper trails, with some phasing out pure DRE machines entirely.

Tulsi Gabbard, the Director of National Intelligence (DNI) in the United States, has raised significant concerns regarding the security of electronic voting systems. In April 2025, she revealed that her office had uncovered evidence of vulnerabilities in these systems, which could allow hackers to manipulate election outcomes. During a Cabinet meeting, Gabbard presented this information to President Donald Trump and advocated for a nationwide transition back to paper ballots to ensure election integrity.

Gabbard's call for paper ballots is rooted in the belief that they provide a more secure and verifiable method of voting. She has been a vocal advocate for this cause, introducing legislation such as the Securing America's Elections Act of 2018, which aimed to require voter-verified paper ballots in federal elections.

This legislation sought to ensure that paper ballots serve as the definitive record of votes cast, especially in cases of audit or recount, and to allow voters to verify and correct any errors before their permanent paper ballot is preserved for official government record.

The allegations raised by Rahul Gandhi, supported by detailed evidence of voter roll irregularities in Karnataka and Maharashtra, coupled with historical concerns over EVM vulnerabilities, highlight a deepening crisis of trust in India's electoral process. When independent institutions like the Election Commission are perceived as compromised or overly influenced by the ruling party, the very foundation of democracy, free, fair, and transparent elections, is at risk.

In an era of sophisticated cyber threats and political overreach, the push toward paper ballots or verifiable hybrid systems is not merely a technological preference; it is a defense of democratic integrity itself. Ensuring that every vote counts, every voter is represented, and every result can be audited is essential for restoring public trust and safeguarding the future of Indian Democracy.




Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296



Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600

Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# ഇന്ത്യൻ എൻജിഒ 'എജുക്കേറ്റ് ഗേൾസ് ഗ്ലോബലി'ക്ക് മാഗ്സസെ പുരസ്കാരം

മനില: പിന്നാക്കഗ്രാമങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഇന്ത്യൻ സന്നദ്ധസംഘടന 'എജുക്കേറ്റ് ഗേൾസ് ഗ്ലോബലി'ക്ക് 2025-ലെ രമൺ മാഗ്സസെ പുരസ്കാരം. മാഗ്സസെ പുരസ്കാരം കിട്ടുന്ന ആദ്യ ഇന്ത്യൻ സംഘടനയെന്ന നേട്ടവും എജുക്കേറ്റ് ഗേൾസ് ഗ്ലോബലിക്ക് സ്വന്തമായി. ഓഗസ്റ്റ് 31-ന് ഞായറാഴ്ചയാണ് ഏഷ്യൻ നോബേൽ എന്നറിയപ്പെടുന്ന 67-ാമത് മാഗ്സസെ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്. മാലദ്വീപിൽനിന്നുള്ള പരിസ്ഥിതിപ്രവർത്തക ഷാഹിന അലി, ഫിലിപ്പീൻസിലെ സാമൂഹികപ്രവർത്തകനും പുരോഹിതനുമായ ഫ്ളാവിയാനോ അന്റോണിയോ എൽ വിലനുയേവ എന്നിവരാണ് പുരസ്കാരം നേടിയ മറ്റുരണ്ടുപേർ. നവംബറിൽ പുരസ്കാരം സമ്മാനിക്കും.

ഏഷ്യൻ ജനതയ്ക്കുവേണ്ടിയുള്ള നിസ്വാർത്ഥസേവനങ്ങൾ കണക്കിലെടുത്താണ് ഫിലിപ്പീൻസ് മുൻ പ്രസിഡണ്ട് രമൺ മാഗ്സസെയുടെ പേരിൽ എല്ലാവർഷവും ഈ പുരസ്കാരം നൽകുന്നത്. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ പൂർവവിദ്യാർത്ഥിനിയായിരുന്ന സഫീന ഹുസൈൻ 2007-ൽ സ്ഥാപിച്ചതാണ് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിസ്വാർത്ഥസേവനം നടത്തുന്ന എജുക്കേറ്റ് ഗേൾസ് ഗ്ലോബലി.

പിന്നാക്ക ഗ്രാമങ്ങളിൽനിന്നുള്ള പെൺകുട്ടികളെ നിരക്ഷരതയുടെ പടുകുഴിയിൽനിന്ന് അക്ഷരത്തിന്റെ വെളിച്ചത്തിലേക്ക് കൈപിടിച്ചുയർത്തുകയും അവരിൽ നൈപുണിയും ധൈര്യവും നിറയ്ക്കുകയും ചെയ്തതിനാണ് പുരസ്കാരമെന്നാണ് അവാർഡ് കമ്മിറ്റിയുടെ പ്രസ്താവന. 50 ഗ്രാമങ്ങളിൽ തുടങ്ങിയ പദ്ധതി 30,000 ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിച്ചു. 20 ലക്ഷം പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ സംഘടനയ്ക്കായി. അതും 90 ശതമാനത്തിലേറെയും കൊഴിഞ്ഞുപോക്കില്ലാതെ.

# ഇന്ത്യയിലെ പുതിയ കനേഡിയൻ ഹൈക്കമ്മീഷണറായി ക്രിസ്റ്റഫർ കൂറ്റർ നിയമിതനായി

പി.പി. ചെറിയാൻ



ഒട്ടാവ: ഉലഞ്ഞ നയതന്ത്രബന്ധം പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി കാനഡ ഇന്ത്യയിലെ പുതിയ ഹൈക്കമ്മീഷണറായി മുതിർന്ന നയതന്ത്രജ്ഞനായ ക്രിസ്റ്റഫർ കൂറ്ററെ നിയമിച്ചു. പത്ത് മാസങ്ങൾക്കു മുൻപ് ഇരുരാജ്യങ്ങളും നയതന്ത്രജ്ഞരെ പുറത്താക്കിയതിനു ശേഷം ആദ്യമായാണ് ഇത്തരത്തിൽ ഒരു നിയമനം നടക്കുന്നത്. പുതിയ ഹൈക്കമ്മീഷണറെ നിയമിച്ചതായി കനേഡിയൻ വിദേശകാര്യ മന്ത്രി അനിത ആനന്ദ് സ്ഥിരീകരിച്ചു. കാനഡയിലെ ഇന്ത്യയുടെ അടുത്ത ഹൈക്കമ്മീഷണറായി മുതിർന്ന നയതന്ത്രജ്ഞൻ ദിനേശ് കെ. പട്നായിക്കിനെ നേരത്തെ നിയമിച്ചതായി ഇന്ത്യയുടെ വിദേശകാര്യ മന്ത്രാലയം അറിയിച്ചിരുന്നു.

1990-ൽ കാനഡയുടെ വിദേശകാര്യ അന്താരാഷ്ട്ര വ്യാപാര വകുപ്പിൽ ചേർന്ന ക്രിസ്റ്റഫർ കൂറ്റർ കെനിയയിലും ഇന്ത്യയിലും പൊളിറ്റിക്കൽ ഓഫീസറായും കംബോഡിയയിൽ ചാർജ് ഡി അഫയേഴ്സായും നാറ്റോയിലെ ഡെപ്യൂട്ടി പെർമനന്റ് റെപ്രസന്റേറ്റീവായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ നൈജീരിയ, ദക്ഷിണാഫ്രിക്ക, തുരുക്കി, ജോർജിയ, മഡഗാസ്കർ തുടങ്ങിയ രാജ്യങ്ങളിൽ ഹൈക്കമ്മീഷണറായും അംബാസഡറായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. (ഐഎഎൻഎസ്)

# ഒരു ചായ... രണ്ട് വട...

നീലീശ്വരം സദാശിവൻകുഞ്ഞി

കേരളത്തിലെ നാട്ടിൻപുറങ്ങളിലെ ചായക്കടകളിൽ നിത്യേനയെന്നോണം നാം കേൾക്കുന്ന ശബ്ദമാണിത്. സമോവറിൽ വെന്തുരുകുന്ന വെള്ളം ചായക്കാരന്റെ ഗ്ലാസിലേക്ക് വീഴുമ്പോൾ വന്നയാൾ വീണ്ടും പറയും:

"ചേട്ടാ വെള്ളം കുറച്ച് പൊടി കൂട്ടി അടിക്കാതെ എടുക്കണേ. പിന്നെയ് വടയ്ക്ക് ചട്ണി വേണ്ട, അല്പം സാമ്പാർ മതി."

ഈ വാക്കുകൾ ആഗസ്റ്റ് 23-ന് അമേരിക്കയിൽ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ മനോഹരമായി അലങ്കരിച്ച മുറ്റത്ത് കേട്ടപ്പോൾ ആളുകൾ സംശയത്തോടെ പരസ്പരം നോക്കി. പിന്നീട് ശബ്ദം കേട്ട ഭാഗത്തേക്ക് തിരിഞ്ഞു നോക്കി. ഒരുവേള അവർ കേരളത്തിൽ ഏതോ കുഗ്രാമത്തിൽ എത്തിയപോലെ എല്ലാവർക്കും അനുഭവപ്പെട്ടു.

കടയുടെ മുന്നിൽ തൂങ്ങിയ ലക്ഷണമൊത്ത പാളയംതോടൻ പഴക്കുലകൾ ഒന്ന് തൊടാൻ കൊതിക്കുന്ന പോലെ ആരെയും കടയിലേക്ക് മാടിവിളിക്കുന്നു. കപ്പലണ്ടി മിഠായി കണ്ടവരുടെ വായിൽ കൊതികൊണ്ട് ഒരു കപ്പലോടിക്കാം. മക്രോണി മിഠായി തിന്നാൻ ആളുകൾക്ക് എന്താ ഒരു ആക്രാന്തം! ചൗ മിഠായി, ജീരക മിഠായി തുടങ്ങി മിഠായികൾ ഭരണികളിലിരുന്ന് മാടിവിളിക്കുമ്പോൾ കോളിളക്കം, ചെമ്മീൻ, അഥർവം മുതലായ സിനിമാ പോസ്റ്ററുകൾ 1990-നു മുമ്പുള്ള ജനഹൃദയങ്ങളെ പുളകംകൊള്ളിച്ചുകാണും.

വയ്ക്കോൽ മേഞ്ഞപോലെ തന്നെ പുല്ലു മേഞ്ഞ ചായക്കടയിൽ മലയാളത്തിന്റെ മുൻനിര പത്രങ്ങളും മാസികകളും കണ്ടവർ കേരളത്തിലെ ഏതോ കുഗ്രാമത്തിൽ എത്തി എന്ന് തോന്നിയത് യാദൃശ്ചികമല്ല.




ഈ ചായക്കടയുടെ ചന്തം റിയാലിറ്റി ബിസിനസ്സിൽ പകരം വെക്കാനില്ലാത്ത പ്രവർത്തനങ്ങൾ കാഴ്ചവെച്ചു കൊണ്ടിരിക്കുന്ന റിയാലിറ്റി ഡയമണ്ട് ഗ്രൂപ്പ് എന്ന സ്ഥാപനത്തിന്റെ ഉടമ തോമസ് പോൾ എന്ന മഹത് വ്യക്തിയുടെ നിർലോഭമായ സഹകരണം ഒന്നുകൊണ്ട് മാത്രം സാധ്യമായിട്ടുള്ളതാണ്. അദ്ദേഹമാണ് ഈ ചായക്കട സ്പോൺസർ ചെയ്തത്.



തോമസ് പോൾ

കേരളത്തിൽ നിന്ന് കടയിലേക്ക് ആവശ്യമായ സാധനങ്ങൾ എല്ലാം യഥാസമയത്ത് എത്തിച്ചതിൽ ചെയർമാൻ ബിനു മാത്യു, ഓണം ചെയർമാൻ അഭിലാഷ് ജോൺ, പ്രോഗ്രാം പ്രൊഡ്യൂസർ അരുൺ കോവാട്ട് എന്നിവരുടെ സമയോചിതമായ ഇടപെടലുകൾ അഭിനന്ദനം അർഹിക്കുന്നു. അതെ... "പോരട്ടെ, ഒരു ചായയും ഒപ്പം രണ്ട് വടയും"!



## Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151, Naperville, IL 60540

Free Electronic Filing



Pramod Zacharias, E.A.

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

# ഫിലാഡൽഫിയ ജർമ്മൻടൗൺ മിറാക്കുലസ് മെഡൽ തീർത്ഥാടനകേന്ദ്രത്തിൽ വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ

ഫിലാഡൽഫിയ: ചിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന സിൽവർ ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി രൂപതയിലെ ഇടവകകളും മിഷനുകളും നവീകരണധ്യാനങ്ങൾ, തീർത്ഥാടനയാത്രകൾ, ബൈബിൾ പഠനങ്ങൾ, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തിവരുന്നു. ആത്മീയ നവീകരണത്തിനായി ഫിലാഡൽഫിയ ഫൊറോനാ ദേവാലയം ഈ ജൂബിലിവർഷത്തിൽ പ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രവും മൈനർ ബസിലിക്കയുമായ ജർമ്മൻടൗൺ മിറാക്കുലസ് മെഡൽ ഷ്രൈനിലേക്ക് ജൂബിലി തീർത്ഥാടനം നടത്തുന്നു.

**ജോസ് മാളേയ്ക്കൽ**

എട്ടു നോമ്പിനോടനുബന്ധിച്ച് ആണ്ടുതോറും നടത്തിവരുന്ന പ്രാർത്ഥനാപൂർണമായ മരിയൻ തീർത്ഥാടനവും വേളാങ്കണ്ണി മാതാവിന്റെ തിരുനാളും പൂർവാധികം ഭക്തിപൂർവം ഈ വർഷം സെപ്റ്റംബർ 6-ന് ശനിയാഴ്ച ആഘോഷിക്കപ്പെടുന്നു.

ജർമൻടൗണിന് തിലകമായി നിലകൊള്ളുന്ന മിറാക്കുലസ് മെഡൽ തീർത്ഥഖാടന കേന്ദ്രത്തിൽ (The Basilica Shrine of Our Lady of the Miraculous Medal, 475 E. Chelten Avenue, Philadelphia, PA 19144) തുടർച്ചയായി ഇത് പതിനാലാം വർഷമാണ് വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ ഭക്തിപൂർവം ആഘോഷിക്കപ്പെടുന്നത്.

വിവിധ ഇന്ത്യൻ ക്രൈസ്തവ സമൂഹങ്ങളുടെയും ഫിലാഡൽഫിയാ സീറോമലബാർ ഫൊറോനാ പള്ളിയുടെയും സഹകരണത്തോടെ മിറാക്കുലസ് മെഡൽ തീർത്ഥാടന കേന്ദ്രമാണ് തിരുനാളിന് നേതൃത്വം നല്കുന്നത്.

സെപ്റ്റംബർ 6-ന് ശനിയാഴ്ച വൈകുന്നേരം നാലുമണി മുതൽ ആരംഭിക്കുന്ന തിരുനനാൾ കർമ്മങ്ങളിലേക്ക് എല്ലാ മരിയഭക്തരെയും വിശ്വാസികളെയും സെൻട്രൽ അസോസിയേഷൻ ഓഫ് മിറാക്കുലസ് മെഡൽ ഷ്രൈൻ റെക്ടർ ഫാ. ജോൺ കെറ്റിൽബർഗർ സി.എം, സീറോമലബാർ പള്ളി വികാരി റവ.ഡോ. ജോർജ് ദാനവേലിൽ, കൈക്കാരന്മാർ എന്നിവർ സംയുക്തമായി ക്ഷണിക്കുന്നു.

കിഴക്കിന്റെ ലൂർദ് എന്നറിയപ്പെടുന്ന വേളാങ്കണ്ണിയിലെ ആരോഗ്യമാതാവിന്റെ (Our Lady of Good Health) തിരുസ്വരൂപം 2012 സെപ്റ്റംബർ എട്ടിനാണ് ഫിലാഡൽഫിയാ ജർമൻടൗൺ മിറാക്കുലസ് മെഡൽ ഷ്രൈനിൽ ആശീർവദിച്ചു പ്രതിഷ്ഠിക്കപ്പെട്ടത്. അന്നുമുതൽ ഒരു വ്യാഴവട്ടക്കാലമായി മുടക്കം വരാതെ എല്ലാ വർഷങ്ങളിലും ഈ തിരുനാൾ ആഘോഷമായി നടത്തിവരുന്നു. മൈനർ ബസിലിക്കയായി ഉയർത്തപ്പെട്ടതിനുശേഷം ഇത് മൂന്നാം തവണയാണ് വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ ആഘോഷിക്കുന്നത്.

എല്ലാ തിങ്കളാഴ്ച ദിവസങ്ങളിലും ജർമൻടൗൺ മിറാക്കുലസ് മെഡൽ ഷ്രൈനിൽ രാവിലെ മുതൽ വൈകിട്ടു വരെ വിവിധ സമയങ്ങളിൽ നടക്കുന്ന വിശുദ്ധ കുർബാനയിലും നൊവേനയിലും മലയാളികൾ ഉൾപ്പെടെ നൂറുകണക്കിനു മരിയഭക്തർ പങ്കെടുക്കാറുണ്ട്.

മിറാക്കുലസ് മെഡൽ നൊവേന, ആഘോഷമായ തിരുനാൾ കുർബാന, വേളാങ്കണ്ണി മാതാവിന്റെ നൊവേന, വേളാങ്കണ്ണി മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള ഭക്തിനിർഭരമായ പ്രദക്ഷിണം, വിവിധ ഇന്ത്യൻ ഭാഷകളിലുള്ള ജപമാല പ്രാർത്ഥന, തിരുസ്വരൂപം വണങ്ങി നേർച്ചസമർപ്പണം എന്നിവയാണ് തിരുനാൾ ദിവസത്തെ തിരുക്കർമ്മങ്ങൾ.

സീറോമലബാർ പള്ളി വികാരി റവ.ഡോ. ജോർജ് ദാനവേലിൽ, റവ.ഫാ. ജോസി കൊല്ലമ്പറമ്പിൽ, റവ.,ഫാ. ജസ്റ്റിൻ പനച്ചിക്കൽ, റവ.ഫാ. ജോൺ കെറ്റിൽബർഗർ സി.എം. (സെൻട്രൽ അസോസിയേഷൻ ഓഫ് മിറാക്കുലസ് മെഡൽ ഷ്രൈൻ) എന്നിവർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം വഹിക്കും.




സീറോമലബാർ ഇടവകയും വിവിധ ഇന്ത്യൻ ക്രൈസ്തവരും ഒന്നുചേർന്ന് നടത്തുന്ന ഈ തിരുനാളിൽ പങ്കെടുത്ത് ആരോഗ്യമാതാവിന്റെ അനുഗ്രഹങ്ങളും വിശേഷാൽ ജൂബിലിദണ്ഡവിമോചനവും പ്രാപിക്കാൻ മരിയഭക്തർക്ക് സുവർണ്ണാവസരം. ഇന്ത്യൻ അമേരിക്കൻ ക്രൈസ്തവ വിശ്വാസപാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും മരിയൻ ഭക്തിയുടെയും അത്യപൂർവ്വമായ ഈ കൂടിവരവിലേക്ക് ജാതിമത ഭേദമെന്യേ എല്ലാവർക്കും സ്വാഗതം.

സീറോമലബാർ ഇടവക വികാരി റവ.ഡോ. ജോർജ് ദാനവേലിൽ, കൈക്കാരന്മാരായ ജോസ് തോമസ് (തിരുനാൾ കോ-ഓർഡിനേറ്റർ), സജി സെബാസ്റ്റ്യൻ, ജോജി ചെറുവേലിൽ, പോളച്ചൻ വറീദ്, ജെറി കുരുവിള, സെക്രട്ടറി ടോം പാറ്റാനിയിൽ എന്നിവരുടെ നേതൃത്വത്തിൽ പാരിഷ് കൗൺസിൽ അംഗങ്ങൾ, ഭക്തസംഘടനകൾ, മതബോധന സ്കൂൾ എന്നിവ തിരുനാളിന്റെ ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

# രഞ്ജു റോസ് കുര്യൻ അയർലൻഡിൽ അന്തരിച്ചു

ഡബ്ലിൻ: കൗണ്ടി കോർക്കിലുള്ള ബാൻഡനിൽ കുടുംബമായി താമസിച്ചു വന്നിരുന്ന കോഴിക്കോട് സ്വദേശി രഞ്ജു റോസ് കുര്യൻ (40) അന്തരിച്ചു. അയർലൻഡിലെ പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ കില്ലാർണി നാഷണൽ പാർക്കിൽ രഞ്ജുവിന്റെ മൃതദേഹം കണ്ടെത്തുകയായിരുന്നു. അയർലൻഡ് പോലീസ് സ്ഥലത്തെത്തി മൃതദേഹം തിരിച്ചറിഞ്ഞു. കുറച്ചുകാലമായി അയർലൻഡിൽ ഇന്ത്യക്കാർ അടക്കം ആക്രമണങ്ങൾ നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ രഞ്ജുവിന്റെ മരണവും ദുരൂഹമായി മാറുന്നു.

മൃതദേഹം തുടർനടപടികൾക്കായി കില്ലാർണി ആശുപത്രിയിലേക്ക് മാറ്റി. പോസ്റ്റുമോർട്ടം റിപ്പോർട്ടിലൂടെ മരണകാരണം വ്യക്തമാകും. നിലവിലെ സാഹചര്യത്തിൽ പോലീസ് വിശദമായ അന്വേഷണം നടത്തുന്നുണ്ട്. കൊലപാതക സാദ്ധ്യത അടക്കം പരിഗണിച്ചാണ് നടപടികൾ, രഞ്ജുവിനെ കാണാതായെന്ന് ഭാര്യ പോലീസിൽ പരാതി നല്കിയിരുന്നു എന്നാണ് ലഭ്യമാകുന്ന വിവരം. 2016-നു ശേഷമാണ് രഞ്ജു റോസ് കുര്യൻ കുടുംബമായി അയർലൻഡിൽ എത്തിയത്. കോഴിക്കോട് സ്വദേശിനിയായ ഭാര്യ ജാനറ്റ് ബേബി ജോസഫ് ഇവിടെ നേഴ്സായി ജോലി ചെയ്യുന്നു. മക്കൾ: ക്രിസ്, ഫെലിക്സ്.

കോഴിക്കോട്ടുള്ള ബിസിനസ് കുടുംബത്തിലെ അംഗമായ രഞ്ജു റോസ് കുര്യൻ അയർലൻഡിൽ എത്തുന്നതിനു മുൻപ്



സീറോമലബാർ സഭയുടെ വിവിധ പോഷകസംഘടനകളിൽ പ്രവർത്തിച്ചിരുന്നു. കോർക്കിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ബസ് ഡ്രൈവറായി ജോലി ചെയ്തുവരികയായിരുന്ന രഞ്ജു റോസ് നാട്ടിലും അയർലൻഡിലും ഏവർക്കും സുപരിചിതനായ വ്യക്തിയാണ്. ഇവിടെയുള്ള പ്രവാസികളായ ഏവരേയും ഈ സംഭവം ഞെട്ടിച്ചിരിക്കുകയാണ്.

അയർലൻഡിൽ ഇന്ത്യക്കാർക്കു നേരെ അതിക്രമം ഉണ്ടായത് വലിയ വിവാദമായിരുന്നു. ഒൻപത് വയസ്സുള്ള ഇന്ത്യൻ വംശജനായ ആൺകുട്ടിക്കു നേരെ പോലും ആക്രമണമുണ്ടായി. 15-കാരനായ ഐറിഷ് ബാലൻ ഇന്ത്യക്കാരനായ കുട്ടിയെ കല്ലെടുത്തെറിഞ്ഞ് പരുക്കേല്പിക്കുകയായിരുന്നു. എന്നാൽ, ഇത്തരം സംഭവങ്ങളുമായി രഞ്ജുവിന്റെ മരണത്തിന് ബന്ധമില്ലെന്നാണ് സൂചന. വർഗീയ അധിക്ഷേപം ഇവിടെ രൂക്ഷമാണെന്നാണ് ഇന്ത്യക്കാർ പറയുന്നത്. ഇന്ത്യക്കാർ സുരക്ഷിതരായിരിക്കാൻ ശ്രമിക്കണമെന്നും ഒറ്റപ്പെട്ട് എവിടെയും പോകാൻ പാടില്ലെന്നുമുള്ള നിർദേശം ഡബ്ലിനിലെ ഇന്ത്യൻ എംബസി പുറപ്പെടുവിച്ചിരുന്നു.

കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

വഴിത്താരകൾ

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# അമേരിക്കയിലെ ലേബർ ഡേ: തൊഴിലാളി സമരങ്ങളുടെ ചരിത്രവും കുടുംബ സംഗമങ്ങളുടെ ആഘോഷവും

**ആൻഡ്രൂസ് അഞ്ചേരി**

ലേബർ ഡേ അമേരിക്കയിൽ എല്ലാ വർഷവും സെപ്റ്റംബർ മാസത്തിലെ ആദ്യത്തെ തിങ്കളാഴ്ചയാണ് ആഘോഷിക്കുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ സംഭാവനകൾക്ക് നന്ദി പറയുന്നതിനുമായി 19-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ഈ ദിനം ആചരിക്കപ്പെടുന്നു.

ആദ്യകാലത്ത് തൊഴിലാളികൾക്ക് സുരക്ഷിതമായ ജോലിസ്ഥലം, കുറവായ ജോലി സമയം, യുക്തമായ വേതനം എന്നിവ ലഭ്യമാക്കുന്നതിനായി വലിയ സമരങ്ങൾ നടന്നു. 1882-ൽ ന്യൂയോർക്കിൽ നടന്ന ആദ്യ ലേബർ ഡേ പരേഡിൽ ആയിരക്കണക്കിന് തൊഴിലാളികൾ പങ്കെടുത്തു. പിന്നീട് ഇത് രാജ്യവ്യാപകമായി പ്രചരിക്കുകയും 1894-ൽ ഫെഡറൽ അവധിയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

ഇന്ന് ലേബർ ഡേ തൊഴിലാളി പ്രസ്ഥാനങ്ങളുടെ വിജയങ്ങൾ ഓർമ്മപ്പെടുത്തുന്നതോടൊപ്പം വിശ്രമത്തിന്റെയും ആഘോഷത്തിന്റെയും ദിനമാണ്. തൊഴിലാളി യൂണിയനുകളുടെ പരേഡുകളും സംഗീത പരിപാടികളും രാജ്യത്തെ പല നഗരങ്ങളിലും നടക്കാറുണ്ട്. കുടുംബങ്ങൾ ഒന്നിച്ച് പിക്നിക്, ബാർബിക്യു, വിനോദയാത്രകൾ, കായിക മത്സരങ്ങൾ എന്നിവ ആസ്വദിക്കുന്നു.

**വേനലിന്റെ വിടവാങ്ങൽ:** ലേബർ ഡേ അമേരിക്കയിൽ വേനലിന്റെ അവസാനവും പുതിയ അദ്ധ്യായത്തിന്റെ തുടക്കവും പ്രതിനിധീകരിക്കുന്നു. സ്കൂളുകളും സർവകലാശാലകളും വീണ്ടും തുറക്കുന്നത്, ഫുട്ബോൾ സീസൺ തുടങ്ങുന്നത്, വ്യാപാര രംഗത്തെ വിലക്കുറവുകളും പ്രത്യേക ഓഫറുകളും ഇവയും ലേബർ ഡേയ്ക്കു ചുറ്റും നടക്കുന്നത് പതിവാണ്.

**ലോകത്തെ ലേബർ ഡേ മെയ് 1:** അമേരിക്കയും കാനഡയും ഒഴികെ ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും ലേബർ ഡേ മെയ് 1-ാം തീയതി (ഇന്റർനാഷണൽ വർക്കേഴ്സ് ഡേ) ആചരിക്കുന്നു. ഇതിൽ ഉൾപ്പെടുന്ന പ്രധാന രാജ്യങ്ങൾ ഫ്രാൻസ്, ജർമ്മനി, സ്പെയിൻ, ഇറ്റലി, ഗ്രീസ്, പോളണ്ട്, റഷ്യ, മെക്സിക്കോ, ബ്രസീൽ, അർജന്റീന, ചിലി, പെറു, ഇന്ത്യ, ചൈന, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക, തായ്‌ലൻഡ്, വിയറ്റ്നാം, ഇന്തോനേഷ്യ, മലേഷ്യ, ഫിലിപ്പൈൻസ്, ഈജിപ്റ്റ്, നൈജീരിയ, എത്യോപ്യ, കെനിയ, ടാൻസാനിയ, തുർക്കി, ഇറാൻ, ഇറാഖ്, സിറിയ, ലെബനൻ തുടങ്ങിയവയാണ്.

മെയ് 1 ലോകമെമ്പാടുമുള്ള തൊഴിലാളി പ്രസ്ഥാനങ്ങളുടെ അന്താരാഷ്ട്ര ഐക്യത്തിന്റെ ദിനമായി കണക്കാക്കപ്പെടുന്നു.

ഇന്നും തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുന്നു. വേതനവർദ്ധന, ജോലി സമയ നിയന്ത്രണം, ആരോഗ്യ പരിരക്ഷ, പെൻഷൻ, ജോലി സുരക്ഷ എന്നിവയെക്കുറിച്ചുള്ള പ്രസ്താവനകൾ തുടരുന്നു. ലേബർ ഡേ തൊഴിലാളികളുടെ ചരിത്ര പോരാട്ടങ്ങളെ ഓർമ്മിപ്പിക്കുന്ന ദിനമായി തുടരുന്നു.

**ഒരു നന്ദി ദിനം:** ഒട്ടുമിക്ക അമേരിക്കാരുടെയും മനസ്സിൽ ലേബർ ഡേ തൊഴിലാളികളുടെ അദ്ധ്വാനത്തിനും സമൂഹത്തിനായി നല്കിയ സംഭാവനയ്ക്കും നല്കുന്ന ബഹുമാനത്തിന്റെ പ്രതീകമാണ്. അത് ഒരു അവധിദിനം മാത്രമല്ല. ദേശത്തിന്റെ വളർച്ചയ്ക്കായി ശ്രമിക്കുന്ന ഓരോ തൊഴിലാളിയോടും നന്ദി പറയുന്ന ദിനം കൂടിയാണ്.



ലേഖകൻ

## മാവേലി വരുമ്പോൾ

(ഓട്ടംതുള്ളൽ)



ജോൺ ഇളമത

ഓണത്തിനെത്തി
ഒരുങ്ങി നാരിമാർ!
കസവിന്റെ കരയുള്ള
കോടിയുടുത്ത്
മേദസു വാരിക്കെട്ടി
മധ്യപ്രായം കടന്ന
മഹിളകൾ എത്തി
മാവേലി മന്നനെ
എതിരേല്ക്കാൻ!

ഓണത്തിനെത്തി
ഒരുങ്ങി നാരിമാർ!

കുംഭകൾ തടവി
കൽഭരണികൾ പോലെ
പിന്നാലെ നടന്നു
ആനക്കാരൻ എന്ന പോൽ
അവരുടെ പെൺകോന്തന്മാർ

ഓണത്തിനെത്തി
ഒരുങ്ങി നാരിമാർ!

പെൺപട പോലെ വന്നു
പെൺകുട്ടികൾ
പട്ടുപാവാട ഉടുത്ത്
ചന്ദനം തൊട്ട് കുറിയിട്ട്
മന്ദഹാസം തൂകി എത്തി

ഓണത്തിനെത്തി
ഒരുങ്ങി നാരിമാർ!

ചന്തത്തിൽ അവർ
ചാറ്റി നടന്നു
കോമള യുവാക്കളെ
കടക്കണ്ണുകൾ എറിഞ്ഞ് ചൂണ്ടയിട്ടു!
കടന്നൽ കൂട് പൊട്ടിയ പോലെ
കാമുകർ അവർക്കൊപ്പം
കാമകേളിയാടി!

ഓണത്തിനെത്തി
ഒരുങ്ങി നാരിമാർ!

മാവേലി വന്നു
ഒരു കുടവയറൻ!
കപ്പടാ മീശ വച്ച
കണ്ണുകൾ കലങ്ങിയ ഒരു കുള്ളൻ!
ഇവനാരു മാവേലിയോ?
വാമനനോ!

ഓണത്തിനെത്തി
ഒരുങ്ങി നാരിമാർ!

മദാലസകളാം നാരിമാർ
മാവേലിക്കു ചുറ്റുംനടന്നു
താലപ്പൊലിയെടുത്ത്
താളത്തിൽ നടന്നു!
ചെണ്ടമേളം മുറുകി
പഞ്ചവാദ്യത്തിൽ മുഴുകി
പാത്തു നടന്നു മദ്യം വിഴുങ്ങിയ
മണ്ടന്മാർ ആർത്തു വിളിച്ചു
മാവേലി വരട്ടെ,
മാസത്തിലൊരിക്കൽ!

ഓണത്തിനെത്തി
ഒരുങ്ങി നാരിമാർ!

## ദിനേശ് കെ. പട്നായിക് കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ



ന്യൂഡൽഹി: ഇന്ത്യ-കാനഡ നയതന്ത്രബന്ധം കൂടുതൽ മെച്ചപ്പെടുന്നതിന്റെ സൂചന നൽകി ഇരു രാജ്യങ്ങളും പുതിയ നയതന്ത്ര പ്രതിനിധികളെ നിയോഗിച്ചു. പ്രമുഖ നയതന്ത്രജ്ഞൻ ദിനേശ് കെ. പട്നായിക് ആണ് ഒട്ടാവയിലെ പുതിയ ഇന്ത്യൻ ഹൈക്കമ്മീഷണർ. കാനഡയുടെ പുതിയ ഇന്ത്യൻ സ്ഥാനപതിയായ ക്രിസ്റ്റഫർ കൂട്ടറിനെയും നിയോഗിച്ചു. 1990 ബാച്ച് ഉദ്യോഗസ്ഥനായ പട്നായിക് ഇപ്പോൾ സ്പെയിനിലെ ഇന്ത്യൻ അംബാസഡറാണ്. വൈകാതെ അദ്ദേഹം സ്ഥാനമേൽക്കുമെന്നാണു പ്രതീക്ഷിക്കുന്നതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. കാനഡയിൽ രണ്ടുമാസം മുമ്പു നടന്ന ജി7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്രമോദിയും കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർനിയും സംസാരിച്ചതിന്റെ തുടർച്ചയാണ് നയതന്ത്രപ്രതിനിധികളുടെ നിയമനം.

## ഓസ്ട്രേലിയൻ മലയാളി നിർമ്മാതാവ് ഷിബു പോളിന്റെ 'തുമ്പി തുള്ളൽ' എന്ന ഓണപ്പാട്ട് ആൽബം പുറത്തിറങ്ങി

**പി.പി. ചെറിയാൻ**

ബ്രിസ്ബേൻ: ഓസ്ട്രേലിയൻ മലയാളി നിർമ്മാതാവ് ഷിബു പോളിന്റെ സംഗീത സമ്മാനം തുമ്പി തുള്ളൽ എന്ന ഓണപ്പാട്ട് ആൽബം പുറത്തിറങ്ങി.

ഈ ഓണത്തിന് മലയാളികൾക്ക് സംഗീതത്തിന്റെ വേറിട്ടൊരു അനുഭവം നല്കിക്കൊണ്ട് 'തുമ്പി തുള്ളൽ' എന്ന പുതിയ ഓണപ്പാട്ട് ആൽബം പുറത്തിറങ്ങിയിരിക്കുന്നത്.




സന്ധ്യ ഗിരീഷ് പാടി, വരികൾ എഴുതിയ ഈ ആൽബത്തിന് ഗിരീഷ് ദേവ് സംഗീതവും ഓർക്കസ്ട്രേഷനും നിർവഹിച്ചിരിക്കുന്നു. അരീഷ് മാത്യു തെക്കേക്കര കീബോർഡ് പ്രോഗ്രാമിംഗും അപ്പൂസ് നാദസ്വരവും കൈകാര്യം ചെയ്തിട്ടുണ്ട്.

നിഖിൽ റോയ്, ശ്രീജു എന്നിവരാണ് ക്യാമറ. അനീഷ് സ്വാതി എഡിറ്റിംഗും ഡിഐയും നിർവഹിച്ചു. ഡെസിബെൽ ഓഡിയോ ഫാക്ടറി, പെന്റാ സ്പേസ് എരവിപേരൂർ, പെനെലോപ്പ് കൊച്ചി തുടങ്ങിയ സ്റ്റുഡിയോകളിലാണ് റെക്കോർഡിംഗ് നടന്നത്. ഡിസൈനുകൾ ഒരുക്കിയത് രാജീവ് രാജ് സപ്താ ഡിസൈൻസ് ആണ്. സംഗീത ലക്ഷ്മി കോ-ഓർഡിനേഷനും മ്യൂസിക് പെന്റ മ്യൂസിക് പ്രൊഡ്യൂസേഴ്സും ആയി പ്രവർത്തിച്ചു.

മനോരമ മ്യൂസിക് ആണ് ഈ ആൽബം പുറത്തിറക്കിയത്. ഈ ഗാനം എല്ലാവരും കേട്ട് പ്രോത്സാഹിപ്പിക്കണമെന്ന് അണിയറപ്രവർത്തകർ അഭ്യർത്ഥിച്ചു. ഈ ഗാനം യൂട്യൂബിൽ കിട്ടുന്നതിനായി താഴെ കാണുന്ന ലിങ്കിൽ (https://youtu.be/BoLdljzo-RY ക്ലിക്ക് ചെയ്യുക. ഓസ്ട്രേലിയയിലെ മലയാളി സമൂഹത്തിന് അഭിമാനമായി മാറിയ ഷിബു പോളിന്റെ ഈ സംരംഭം ഇതിനകം തന്നെ പ്രേക്ഷക ശ്രദ്ധ നേടിക്കഴിഞ്ഞു.

## സാബു കൂവക്കാട്ടിൽ കേരളാ കോൺഗ്രസ് ഹൈപവ്വർ കമ്മിറ്റിയിലേക്ക് പ്രവാസി പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു

കോട്ടയം: കേരളാ കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന ഹൈപവ്വർ കമ്മിറ്റിയിലേക്ക് പ്രവാസി നേതാക്കളുടെ പ്രതിനിധിയായി സാബു കൂവക്കാട്ടിലിനെ കേരളാ കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫ് എംഎൽഎ നോമിനേറ്റ് ചെയ്തതായി പാർട്ടിയുടെ എക്സിക്യൂട്ടീവ് ചെയർമാൻ അഡ്വ. മോൻസ് ജോസഫ് എംഎൽഎ അറിയിച്ചു.



പ്രവാസി കേരളാ കോൺഗ്രസ് അമേരിക്കൻ റീജിയണൽ കമ്മിറ്റിയിലേക്കും സാബു കൂവക്കാട്ടിലിനെ പാർട്ടി നേതൃത്വം ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവാസി കേരളാ കോൺഗ്രസ് ഗ്ലോബൽ കമ്മിറ്റിക്ക് ഉടനെ രൂപം നല്കാൻ തീരുമാനിച്ചിട്ടുണ്ട്.

കേരളാ കോൺഗ്രസ് ചെയർമാൻ പി.ജെ. ജോസഫ് എംഎൽഎ, പാർട്ടി വർക്കിംഗ് ചെയർമാൻ പി.സി. തോമസ്, എക്സിക്യൂട്ടീവ് ചെയർമാൻ മോൻസ് ജോസഫ് എംഎൽഎ, സെക്രട്ടറി ജനറൽ ജോയി ഏബ്രഹാം, ഡെപ്യൂട്ടി ചെയർമാൻമാരായ ഷെവ. ടി.യു. കുരുവിള, കെ. ഫ്രാൻസിസ് ജോർജ് എംപി, തോമസ് ഉണ്ണിയാടൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ അപു ജോൺ ജോസഫ് എന്നിവർ സാബു കൂവക്കാട്ടിലിനെ അനുമോദിച്ചു.

# ‘ഇൻസ്പയർ ദി നെക്സ്റ്റ് ജനറേഷൻ’

## അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടി

ന്യൂയോർക്ക്: അമേരിക്കൻ മലയാളി ലോ എൻഫോഴ്സ്മെന്റ് യുണൈറ്റഡ് (എഎംഎൽഇയു) ന്യൂയോർക്കിൽ സംഘടിപ്പിച്ച ജനസമ്പർക്ക സാമൂഹിക സേവന പരിപാടിയായ ‘ഇൻസ്പയർ ദി നെക്സ്റ്റ് ജനറേഷൻ’ ശ്രദ്ധേയമായി.

നിയമ നിർവഹണ മേഖലയിലെ ഉദ്യോഗസ്ഥരും സാമൂഹികനേതാക്കളും യുവജനങ്ങളും ഒത്തുചേർന്നു സേവനമേഖലയിലെ അറിവുകളും അനുഭവങ്ങളും പങ്കുവെച്ചു.

**മാർട്ടിൻ വിലങ്ങോലിൽ**

മലയാളി ലോ എൻഫോഴ്സ്മെന്റ് നേതൃത്വം നല്കിയ ഈ പരിപാടി കേരളത്തിന്റെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന വേദികൂടിയായി.

ഡാനിയൽ സോളമൻ (സർജന്റ്-അറ്റ്-ആംസ്) ദേശാഭിമാന സത്യപ്രതിജ്ഞ ചെയ്തു ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. വീരമൃത്യു വരിച്ച ഉദ്യോഗസ്ഥർക്കു വേണ്ടി ഒരുനിമിഷം മൗനാഞ്ജലി നടത്തിയ ശേഷമാണ് പരിപാടികൾ ആരംഭിച്ചത്.

ന്യൂയോർക്ക് സംസ്ഥാന ഗവർണർ കാത്തി ഹോക്കിളിന്റെ ഓഫീസിലെ ഏഷ്യൻ-അമേരിക്കൻ ആൻഡ് പസഫിക് ഐലൻഡ് അഫയേഴ്സ് ഡയറക്ടർ സിബു നായർ മുഖ്യപ്രഭാഷണം നടത്തി. ലോ എൻഫോഴ്സ്മെന്റ് നേതൃത്വം കമ്യൂണിറ്റിയുമായി ചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തുകാട്ടി.

ഡെപ്യൂട്ടി ചീഫ് ഷിബു ഫിലിപ്പോസ് മേരിലാൻഡ്, ടക്കോമ പാർക് ഡെപ്യൂട്ടി ചീഫ്, ഇൻസ്പെക്ടർ ഷിബു മധു (എക്സിക്യൂട്ടീവ് ഓഫീസർ, ഡിറ്റക്ടീവ് ബ്യൂറോ ബ്രൂക്ലിൻ സൗത്ത് എൻവൈപിഡി), ഡെപ്യൂട്ടി ഇൻസ്പെക്ടർ ലിജു തോട്ടം (എക്സിക്യൂട്ടീവ് ഓഫീസർ, പട്രോൾ ബറോ ബ്രോങ്ക്സ് എൻവൈപിഡി), ക്യാപ്റ്റൻ പ്രതിമ ഭജന്ദാസ് മാൽഡൊനാഡോ (കമാൻഡിംഗ് ഓഫീസർ. 103-ാം പ്രിസിങ്ക് എൻവൈപിഡി) തുടങ്ങിയവർ വേദിയിൽ സംസാരിച്ചു.

തുടർന്ന് പാനൽ ചർച്ചകൾ നടന്നു. ഓരോ പാനലിസ്റ്റും തന്റെ വ്യക്തിപരമായ യാത്രകളും ഔദ്യോഗിക സേവനത്തിൽ നേരിട്ട വെല്ലുവിളികളും പഠിച്ച അനുഭവങ്ങളും പങ്കുവെച്ചു.

പുതുതലമുറയെ നിയമനിർമാണം നടപ്പാക്കുന്നതിന് പ്രചോദിപ്പിക്കുന്നതിനും അവർക്ക് നേതൃപാടവമൊരുക്കി മുഖ്യധാരയിലേക്ക് ആനയിക്കുന്നതിനും ഉതകുന്നതായിരുന്നു ഈ വേദി.

എഎംഎൽഇയു പ്രസിഡണ്ടായ ലഫ്റ്റനന്റ് നിധിൻ ഏബ്രഹാം സംഘടനയുടെ ഭാവി പരിപാടികൾ പങ്കുവെച്ചു.

ലഫ്റ്റനന്റ് നോബിൾ വർഗീസ് (എഎംഎൽഇയു സെക്രട്ടറി, ന്യൂയോർക്ക്-ന്യൂജേഴ്സി പോർട്ട് അതോറിറ്റി പോലീസ് ഡിപ്പാർട്ടുമെന്റ്) നടത്തിയ നന്ദിപ്രസംഗം ഹൃദയസ്പർശിയായി. ലിസ് ഫിലിപ്പോസ് പരിപാടിയുടെ എംസിയായി.









### വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 88.20 |
| യൂറോ | 103.43 |
| സ്റ്റെർലിംഗ്പൗണ്ട് | 119.32 |
| സ്വിസ് ഫ്രാങ്ക് | 110.34 |
| സിംഗപ്പൂർ ഡോളർ | 68.73 |
| കനേഡിയൻ ഡോളർ | 64.20 |
| ഒമാൻ റിയാൽ | 229.41 |
| ബഹ്റൈൻ ദിനാർ | 233.98 |
| സൗദി റിയാൽ | 23.50 |
| യു.എ.ഇ. ദിർഹം | 24.03 |
| കുവൈത്ത് ദിനാർ | 288.65 |









OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# ശബരി റെയിൽപാത: സ്ഥലം ഏറ്റെടുക്കാൻ സർക്കാർ നീക്കം

കോട്ടയം: ശബരി റെയിൽപാത നിർമാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സംബന്ധിച്ച നിർദേശങ്ങൾ സമർപ്പിക്കാൻ കേരള സർക്കാർ എറണാകുളം, ഇടുക്കി, കോട്ടയം ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടു. കേരളം സ്ഥലമേറ്റെടുപ്പ് ആരംഭിച്ചാൽ ശബരി പദ്ധതി മരവിപ്പിച്ച നടപടി റദ്ദാക്കുമെന്ന് മുൻപുതന്നെ റെയിൽവേ മന്ത്രാലയം ഉറപ്പു നൽകിയിരുന്നു. 2019 സെപ്റ്റംബറിൽ പദ്ധതി മരവിപ്പിച്ച് ദക്ഷിണ റെയിൽവേയിറക്കിയ ഉത്തരവാണ് പിൻവലിക്കേണ്ടത്. ഭൂമിയേറ്റെടുത്തു നൽകാൻ തയാറാണെന്നും പകുതി ചെലവ് വഹിക്കാമെന്നും അറിയിച്ച് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന് കേരള സർക്കാർ കത്തയച്ചിട്ടുണ്ട്. അങ്കമാലിയിൽനിന്ന് എരുമേലിവരെ 111.48 കിലോമീറ്റർ ശബരി പാതയ്ക്ക് എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലായി 303 ഹെക്ടറാണ് ഏറ്റെടുക്കേണ്ടത്. ഇടുക്കി ജില്ലയിൽ 33.77 ഹെക്ടറാണ് ഏറ്റെടുക്കേണ്ടത്. എട്ടു വർഷം മുമ്പ് നഷ്ടപരിഹാരമായി 128 കോടി രൂപയാണ് വകയിരുത്തിയത്. നിലവിൽ അത് മൂന്നിരട്ടിയായി വർധിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ 163 ഹെക്ടർ ഏറ്റെടുത്തിട്ടുണ്ട്. നഷ്ടപരിഹാരം, പുനരധിവാസം എന്നിവയ്ക്ക് ഭാരിച്ച തുകയാണ് കണ്ടെത്തേണ്ടത്.

അലൈൻമെന്റ് പുനരവലോകനം ചെയ്യണമെന്നും പുനരധിവാസത്തിന് പദ്ധതി വേണമെന്നും യോഗത്തിൽ നിർദേശം വന്നിട്ടുണ്ട്. തഹസിൽദാർമാർ ഉൾപ്പെടെ ജീവനക്കാരെ വിന്യസിച്ച് പെരുമ്പാവൂരിലും മൂവാറ്റുപുഴയിലും തൊടുപുഴയിലും പാലായിലും സ്ഥലമെടുപ്പ് ഓഫീസുകൾ തുറക്കാനും നടപടിയുണ്ടാകും.

പദ്ധതിയിൽ 14000 കോടി കേരളം മുടക്കേണ്ടിവരും. നിലവിൽ പിഴക് വരെയാണ് അലൈൻമെന്റ് പൂർത്തിയായത്. പിഴകിൽനിന്നും എരുമേലി വരെ ലൈൻ കണ്ടെത്തുകയും എത്രയും വേഗം സ്ഥലം പൂർണമായി എടുത്തുനൽകുകയും ചെയ്യണമെന്നാണ് നിർദേശം.

ഭൂമി ഏറ്റെടുത്താലുടൻ പാത നിർമാണം ആരംഭിക്കുമെന്ന് റെയിൽവേ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ വിവേക് കുമാർ സംസ്ഥാന ചീഫ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിനു മുന്നോടിയായി കേരള സർക്കാരും റെയിൽവേയും റിസർവ് ബാങ്കും ഉൾപ്പെട്ട ത്രികക്ഷി കരാർ വേണമെന്ന് റെയിൽവേ ചീഫ് എഞ്ചിനിയർ നിർദേശം വെച്ചിട്ടുണ്ട്.

സാമ്പത്തിക കാര്യങ്ങളിൽ കാലതാമസം ഉണ്ടാവാതിരിക്കാനാണ് റിസർവ് ബാങ്കിനെ കരാറിൽ കക്ഷിയാക്കുന്നത്. 1997-98 കേന്ദ്ര ബജറ്റിലാണ് ശബരി റെയിൽ പദ്ധതിക്ക് അനുമതി ലഭിച്ചത്.

അങ്കമാലി, കാലടി, പെരുമ്പാവൂർ, ഓടക്കാലി, കോതമംഗലം, മൂവാറ്റുപുഴ, വാഴക്കുളം, തൊടുപുഴ, കരിങ്കുന്നം, രാമപുരം, ഭരണങ്ങാനം, ചെമ്മലമറ്റം, കാഞ്ഞിരപ്പള്ളി, എരുമേലി എന്നിവിടങ്ങളിലായി 14 സ്റ്റേഷനുകളാണ് വിഭാവനം ചെയ്യുന്നത്.

## ജിജോ മാത്യു അന്തരിച്ചു



ഡാളസ്: തീക്കോയി വേലത്തുശേരി മുത്തനാട്ട് മാത്യുവിന്റെയും അരുവിത്തുറ മാളിയേക്കൽ കുടുബാംഗമായ പെണ്ണമ്മയുടെയും മകൻ ജിജോ മാത്യു (ജെയ്സൺ-48) ഡാളസിൽ അന്തരിച്ചു.

പാലാ കടനാട് വടക്കേക്കര കുടുംബാംഗമായ ദിവ്യയാണ് ഭാര്യ മക്കൾ: ജെയ്ഡൻ, ജോർഡിൻ. ഷെറിൻ സഹോദരിയാണ്. സംസ്കാരം നാട്ടിൽവെച്ച് നടക്കുന്നതാണ്. വിവരങ്ങൾക്ക്: (469) 774 8326.

## പാലമ്പേരിൽ ജോൺ ജോൺ അന്തരിച്ചു



ഫിലാഡൽഫിയ: പാലമ്പേരിൽ ജോൺ ജോൺ (തമ്പു-75) അന്തരിച്ചു. ഭാര്യ മറിയാമ്മ ജോൺ (മോനി). മക്കൾ: ജെഫി, ജെറ്റി, ജോഫി. മരുമക്കൾ: നിഷ, ജെൻസൺ, ശ്രുതി. സഹോദരങ്ങൾ: പരേതനായ പി.ജെ. ഇട്ടി, ഏലിയാമ്മ ഇട്ടി, സാറാമ്മ തോമസ്, കെ.എം. തോമസ്, പരേതനായ പി.ജെ. ജോസഫ്, റെയിച്ചൽ ജോസഫ്, അച്ചാമ്മ ജോർജ്, പി.ജെ. ഫിലിപ്പ്, രാജു ജോൺ, പി.ജെ. വർഗീസ്. പരേതന്റെ നിര്യാണത്തിൽ ഡി-മലയാളി ആദരാഞ്ജലിയർപ്പിച്ചു.

## സ്ത്രീസുരക്ഷയിൽ കേരളത്തിന് 13-ാം സ്ഥാനം

ന്യൂഡൽഹി: കേരളത്തിലെ പോലീസ് സംവിധാനം സുരക്ഷിതത്വബോധം നൽകുന്നതായി മലയാളി സ്ത്രീകൾ. പിവാല്യൂ അനലറ്റിക്സ് എന്ന സന്നദ്ധസംഘടനയുടെ സ്ത്രീസുരക്ഷാ റിപ്പോർട്ടിലാണ് കേരളത്തിലെ 59 ശതമാനം സ്ത്രീകൾ പോലീസ് പട്രോളിങ്ങിൽ സുരക്ഷിതത്വം അനുഭവപ്പെടുന്നതായി രേഖപ്പെടുത്തിയത്.

സ്ത്രീസുരക്ഷയിൽ ഇന്ത്യയിൽ 13-ാം സ്ഥാനത്ത് കേരളത്തെ ഉൾപ്പെടുത്തിയ റിപ്പോർട്ട് ദേശീയ വനിതാ കമ്മീഷൻ അദ്ധ്യക്ഷ വിജയ കിഷോർ രാഹത്കറാണ് പുറത്തിറക്കിയത്. ഇന്ത്യയിൽ തിരുവനന്തപുരം ഉൾപ്പെടെ 31 നഗരങ്ങളിലെ 12,770 സ്ത്രീകളെ ഉൾപ്പെടുത്തിയുള്ള സർവേയുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട്.

കേരളത്തിൽ മൂന്ന് ശതമാനം സ്ത്രീകൾ മാത്രമാണ് എന്തെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയായതായി അറിയിച്ചതെന്നു റിപ്പോർട്ടിലുണ്ട്. വിദ്യാഭ്യാസം സ്ത്രീകളെ കൂടുതൽ അവകാശബോധമുള്ളവരാക്കുമെന്നതിന്റെ ഉദാഹരണമാണ് കേരളവും ഡൽഹിയുമെന്നു റിപ്പോർട്ടിലുണ്ട്.

അതിക്രമങ്ങൾക്ക് ഇരയാകുമ്പോഴും അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോഴും നിയമസഹായം തേടുന്നവരുടെ എണ്ണം ഈ സംസ്ഥാനങ്ങളിൽ കൂടുതലാണ്.

കൊഹിമ, വിശാഖപട്ടണം, ഭുവനേശ്വർ, ഐസോൾ, ഗാങ്ടോക്ക്, ഇറ്റാനഗർ, മുംബൈ എന്നിവയാണ് സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതമായ നഗരങ്ങൾ.

പട്ന, ജയ്പൂർ, ഫരീദാബാദ്, ഡൽഹി, കൊൽക്കത്ത, ശ്രീനഗർ, റാഞ്ചി എന്നിവിടങ്ങളിൽ സ്ത്രീകൾ അരക്ഷിതത്വം അനുഭവിക്കുന്നു. ഇന്ത്യയിൽ 40 ശതമാനം സ്ത്രീകളാണ് അരക്ഷിതത്വം അനുഭവിക്കുന്നതായി പറഞ്ഞത്. എന്നാൽ, റിപ്പോർട്ടിന്റെ ആധികാരികതയിൽ പ്രതികരിക്കാനില്ലെന്ന് ദേശീയ വനിതാ കമ്മീഷൻ അറിയിച്ചു.

## കെ.വി. മാത്യു അന്തരിച്ചു



തിരുവനന്തപുരം: കേശവദാസപുരം കൈലാസ് നഗർ കെ-18-ൽ റിട്ട. സീനിയർ ഓഡിറ്റ് ഓഫീസർ (എജീസ്) കരമുണ്ടയ്ക്കൽ കെ.വി. മാത്യു (90) അന്തരിച്ചു. ഭാര്യ ചങ്ങനാശേരി പാലാത്തറ സെലിൻ ജോസഫ് (റിട്ട. പ്രിൻസിപ്പൽ, സെ.മേരീസ് ടി.ടി.ഐ പട്ടം). മക്കൾ: ആൻസി മാത്യു (സെ. ജോസഫ് കോളജ് പാലാ സിവിൽ വിഭാഗം മേധാവി), അജോയ് മാത്യു (തിരുവനന്തപുരം). മരുമക്കൾ: ബോസ് ജോസഫ് മുന്നുമാക്കൽ (റിട്ട. ഡെപ്യൂട്ടി ഡയറക്ടർ), ഷീബ ജോൺ തോമ്പിൽ (ടീച്ചർ സെ. മേരീസ് ഹയർ സെക്കൻഡറി, പട്ടം).

## ഗ്ലാഡിയേറ്റേഴ്സ് കാനഡായ്ക്ക് അട്ടിമറി വിജയം

(ഒന്നാം പേജിൽ നിന്നും)

രണ്ടാം സ്ഥാനം നേടിയ കോട്ടയം ബ്രദേഴ്സ് കാനഡായുടെ സ്പോൺസർ സിറിയക് കൂവക്കാട്ടിലാണ്.

ഒന്നാംസ്ഥാനം നേടിയ ടീമിന് 11,111 ഡോളറും മാണി നെടിയകാലായിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിച്ചു. ചിക്കാഗോയിലെ വ്യവസായ പ്രമുഖനായ ജോയി നെടിയകാലായിലാണ് സ്പോൺസർ. രണ്ടാംസ്ഥാനം നേടിയ ടീമിന് 5555 ഡോളറും ജോയി മുണ്ടപ്ലാക്കൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും ലഭിച്ചു. ചിക്കാഗോയിലെ വ്യവസായ പ്രമുഖനായ ഫിലിപ്പ് മുണ്ടപ്ലാക്കലാണ് സ്പോൺസർ. മൂന്നാം സ്ഥാനം നേടിയ ടീമിന് 3333 ഡോളറും കിഴക്കേക്കുറ്റ് ചാക്കോ & മറിയം മെമ്മോറിയൽ എവർ റോളിങ് ട്രോഫിയുമാണ് ലഭിച്ചത്. അറിയപ്പെടുന്ന സ്ഥാപനമായ എലൈറ്റ് ഗെയിമിംഗിനു വേണ്ടി റ്റോണി & ഫ്രാൻസിസ് കിഴക്കേക്കുറ്റ് ആയിരുന്നു സ്പോൺസർ. നാലാംസ്ഥാനം ലഭിച്ച ടീമിന് 1111 ഡോളറായിരുന്നു സമ്മാനത്തുക. ചിക്കാഗോ മംഗല്യ ജ്വല്ലറിക്കു വേണ്ടി ഷൈബു കിഴക്കേക്കുറ്റ്, മനീവ് ചിറ്റലക്കാട്ട്, മിഥുൻ മാമ്മൂട്ടിൽ എന്നിവർ സ്പോൺസർ ചെയ്തു.

നൂറുകണക്കിന് കായികപ്രേമികളുടെയും ആഗോളതലത്തിൽ കഴിവ് തെളിയിച്ച വടംവലി ടീമുകളുടെയും സാന്നിദ്ധ്യത്തിൽ ചിക്കാഗോ സോഷ്യൽ ക്ലബ് നേതൃത്വം നല്കിയ 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിന് വിജയസമാപ്തി. രാവിലെ മോർട്ടൻഗ്രോവ് പാർക്ക് ഡിസ്ട്രിക്റ്റ് സ്റ്റേഡിയത്തിൽ മുൻമന്ത്രി മോൻസ് ജോസഫ് എം എൽഎയും മാണി സി. കാപ്പൻ എം എൽഎയും സംയുക്തമായി വടംവലി മത്സരം ഉദ്ഘാടനം ചെയ്തു.

സമ്മേളനത്തിൽ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ അദ്ധ്യക്ഷത വഹിച്ചു. ചിക്കാഗോയിലെ കായിക പ്രേമികൾക്കും സോഷ്യൽ ക്ലബിനും ഇത് അഭിമാനനിമിഷമാണെന്ന് റൊണാൾഡ് പൂക്കുമ്പേൽ പ്രസ്താവിച്ചു. ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അതിഥികളെ പരിചയപ്പെടുത്തുകയും ഇത് യാഥാർത്ഥ്യമാക്കുവാൻ അണിയറയിൽ കഠിനാദ്ധ്വാനം ചെയ്ത എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കുകയും ചെയ്തു. ഫോമാ മുൻ പ്രസിഡണ്ട് ബേബി ഊരാളിൽ, കൈരളി ടിവി യുഎസ്എ ഡയറക്ടർ ജോസ് കാടാപുറം, സോഷ്യൽ ക്ലബ് ഭാരവാഹികൾ തുടങ്ങിയവർ ഈ അഭിമാന മുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചു. വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി കൃതജ്ഞത പറഞ്ഞു.

കായികരംഗത്തും ജീവകാരുണ്യ രംഗത്തും ചിക്കാഗോ സോഷ്യൽ ക്ലബ് നടത്തുന്ന പ്രവർത്തനങ്ങൾ തികച്ചും അഭിനന്ദനാർഹമാണെന്ന് മുൻമന്ത്രിയും കടുത്തുരുത്തി എംഎൽഎയുമായ മോൻസ് ജോസഫ് പ്രസ്താവിച്ചു. വമ്പിച്ച ജനപങ്കാളിത്തത്തോടു കൂടി നടത്തപ്പെടുന്ന ഈ അന്താരാഷ്ട്ര വടംവലി മത്സരം മറ്റുള്ളവർക്ക് ഒരു മാതൃകയാണെന്ന് മോൻസ് ജോസഫ് പറഞ്ഞു. വിദേശ ടീമുകൾ ഇതിൽ പങ്കെടുക്കുവാൻ വരുന്നതുതന്നെ ഈ ടൂർണമെന്റിന്റെ പ്രശസ്തിയും പ്രാധാന്യവും എത്രമാത്രം വലുതാണെന്നതിന്റെ ഉദാഹരണമാണെന്ന് മോൻസ് ജോസഫ് ചൂണ്ടിക്കാട്ടി.

ചിക്കാഗോ സോഷ്യൽ ക്ലബിന്റെ വടംവലി മത്സരവേദിയിൽ എത്തുവാൻ സാധിച്ചതിൽ സന്തോഷവും അഭിമാനവുമുണ്ടെന്ന് മാണി സി. കാപ്പൻ എംഎൽഎ പ്രസ്താവിച്ചു. ചെറുപ്പകാലത്ത് ഒരു കായികതാരമെന്ന നിലയിൽ ലഭിച്ച അംഗീകാരം ഇപ്പോഴും ഓർമ്മകളിൽ കാത്തുസൂക്ഷിക്കുന്നു. അമേരിക്കയിലെ തിരക്കേറിയ ജീവിതത്തിനിടയിലും കായിക മാമാങ്കങ്ങൾ സംഘടിപ്പിക്കുവാൻ സമയം കണ്ടെത്തുന്ന അമേരിക്കൻ മലയാളികളെ മാണി സി. കാപ്പൻ എംഎൽഎ അഭിനന്ദിച്ചു.

കാനഡ, അയർലൻഡ്, ന്യൂസിലൻഡ്, യുകെ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ടീമുകൾ ഉൾപ്പെടെ ഇരുപതോളം ടീമുകളാണ് ഈ കായിക മാമാങ്കത്തിൽ ഭാഗ്യം പരീക്ഷിച്ചത്. വനിതകൾക്കായി പ്രത്യേക വടംവലി മത്സരവും നടത്തപ്പെട്ടു. ജോസ് ഇടിയാലിയുടെ നേതൃത്വത്തിൽ നിണൽ മുണ്ടപ്ലാക്കൽ, സിബി കദളിമറ്റം, ജെസ്മോൻ പുറമടം എന്നിവരടങ്ങുന്ന പരിശീലനം ലഭിച്ച റഫറിമാരുടെ ടീമാണ് മത്സരങ്ങൾ നിയന്ത്രിച്ചത്. കൃത്യം 9 മണിക്ക് തന്നെ മത്സരങ്ങൾ ആരംഭിച്ചു. റൊണാൾഡ് പൂക്കുമ്പേലിന്റെ നേതൃത്വത്തിൽ ബെഞ്ചമിൻ, സജി പുതൃക്കയിൽ എന്നിവർ കമന്ററി രംഗത്തും സജീവമായിരുന്നു.

വൈകുന്നേരം 5 മണിക്ക് ഇൻഡ്യാ ഫുഡ്ടേസ്റ്റ് ഫെസ്റ്റിവൽ കേരളാ സിവിൽ സപ്ലൈസ് കോർപറേഷൻ വിജിലൻസ് ഓഫീസർ ബിജു കെ. സ്റ്റീഫൻ ഉദ്ഘാടനം ചെയ്തു. 7 മണി മുതൽ 10 മണി വരെ അഫ്സലിന്റെ നേതൃത്വത്തിലുള്ള കലാസന്ധ്യ അരങ്ങേറി. ഈ രണ്ട് പ്രോഗ്രാമുകളും വിജയിപ്പിക്കുവാൻ ചെയർപേഴ്സൺ ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സജീവമായി രംഗത്തുണ്ടായിരുന്നു.

പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയ് കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത് എന്നിവരടങ്ങിയതാണ് സോഷ്യൽ ക്ലബിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി. സിറിയക് കൂവക്കാട്ടിലായിരുന്നു ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ.

കമ്മിറ്റിയിൽ വൈസ് ചെയർമാൻ മാനി കരികുളം, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫൈനാൻസ് ചെയർ ബിനു കൈതക്കതൊട്ടിയിൽ, പിആർഒ മാത്യു തട്ടാമറ്റം ഇന്ത്യാ ഫുഡ്ഫെസ്റ്റ് ചെയർമാൻ ജോസ് മണക്കാട്ട് എന്നിവരും മത്സരത്തിന്റെ വിജയത്തിനായി മുന്നിട്ടുപ്രവർത്തിച്ചു.

# SEEKING BRIDEGROOM

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

## SEEKING BRIDEGROOM CONTD.....

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US.
Please Contact: **516-554-5698 or 516-554-5681**

## മത്തായി തോമസ്

**കുട്ടിക്കൽ:** കാവാലി മാടപ്പള്ളിൽ മത്തായി തോമസ് (കുഞ്ഞുമത്തായി-90) അന്തരിച്ചു. ഭാര്യ കാവാലി പുളിക്കൽ പരേതയായ ഏലിക്കുട്ടി. മക്കൾ: ലിസി, മേഴ്‌സി (യുഎസ്), ലാലി (സൗദി), ഷാജി. മരുമക്കൾ: ജോസ് കവിയിൽ (തൊടുപുഴ), സണ്ണി മൂലേച്ചാലിൽ (പ്ലാശനാൽ), ജോസി ഉലക്കപ്പാടിയിൽ (എടത്വ), റെജി ആലയ്ക്കാപ്പള്ളിൽ (കാവാലി).

## സൂസമ്മ ജോസഫ്

**കുറിച്ചി:** വെളിയനാട് കാപ്പിൽ പുത്തൻവീട്ടിൽ പരേതനായ ജോസഫ് ചാക്കോയുടെ ഭാര്യ സൂസമ്മ ജോസഫ് (86) അന്തരിച്ചു. റാന്നി പടിഞ്ഞാറേമുറിയിൽ കുടുംബാംഗമാണ്. മക്കൾ: ജയമോൾ ബിജി, ജിനിമോൾ പുന്നൂസ് (യുഎസ്), ഹണിമോൾ സജൻ (അയർലൻഡ്), ജോജോ ജോസഫ് (യുകെ), ജ്യോതി ഷാജി (സൗദി). മരുമക്കൾ: ഇറഞ്ഞാൽ പനച്ചയിൽ ബിജി മാത്യു, ഇറഞ്ഞാൽ മുനമറ്റത്തിൽ പുന്നൂസ് ടി. കുര്യാക്കോസ് (യുഎസ്), റാന്നി പുതുപറമ്പിൽ സജൻ ജേക്കബ് (അയർലൻഡ്), റാന്നി കുടത്തിൽ ജെസി ജോജോ (യുകെ), കറ്റോട് തേക്കുംമൂട്ടിൽ പരേതനായ ഷാജി തോമസ്.

## റോസക്കുട്ടി ജോസഫ്

**വണ്ടമറ്റം:** തയ്യിൽ റോസക്കുട്ടി ജോസഫ് (92) അന്തരിച്ചു. ഏഴല്ലൂർ വെട്ടിക്കാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ടി.വി. ജോസഫ്. മക്കൾ: എൽസിയാമ്മ ഏബ്രഹാം, ടി.ജെ. വർഗീസ്, ടി.ജെ. സെബാസ്റ്റ്യൻ, ജോസ് തയ്യിൽ, മേഴ്‌സി സജി, ടിജോ ജോസഫ് (മൂവരും യുഎസ്), ബീന റോബർട്ട്, സെബിരാജ് ജോസ് (അയർലൻഡ്). മരുമക്കൾ: നെയ്യശേരി തലാപ്പിള്ളിൽ ടി.കെ. ഏബ്രഹാം, ആലക്കോട് അരയത്തു പുത്തൻപുരയിൽ മിനി വർഗീസ്, ഉടുമ്പന്നൂർ മുതലക്കുഴിയിൽ മിനി, കുത്തുകുഴി കോട്ടയ്ക്കൽ ആനി ജോസ്, വാഴക്കാല കോപ്രം സജി ജയിംസ്, ആയവന നീറംപുഴ ഷീജ ടിജോ (മൂവരും യുഎസ്), തഴുവകുന്ന് വണ്ടനാക്കര റോബർട്ട്, തൊടുപുഴ റോസ് ഹൗസ് ഷിബി സെബിരാജ് (അയർലൻഡ്).

## ശോശാമ്മ ഏബ്രഹാം

**മല്ലപ്പള്ളി:** പവ്വത്തിക്കുന്നേൽ വടക്കേകര ശോശാമ്മ ഏബ്രഹാം (71) അന്തരിച്ചു. ചാത്തങ്കേരി കണിയാപറമ്പിലായ വലിയപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് വി.എം. ഏബ്രഹാം. മക്കൾ: ലേഖ (യുഎസ്), ലിറ്റി, ലിജോ (യുകെ), പരേതനായ ലിജു. മരുമക്കൾ: റിജോ (യുഎസ്), ജിജോ (മുണ്ടക്കയം), റോയി (യുകെ), ലിജി (റാന്നി).

**പേരൂർ:** കരിയാറ്റുപുഴ ഏലിക്കുട്ടി കുര്യൻ (87) അന്തരിച്ചു.

## കെ.വി. കുര്യാക്കോസ്

**വാകത്താനം:** കോട്ടയം എസ്ബിടി സോണൽ ഓഫീസ് റിട്ട. മാനേജർ നാലുന്നാക്കൽ പിള്ളച്ചിറകാലായിൽ കെ.വി. കുര്യാക്കോസ് (89) അന്തരിച്ചു. ഭാര്യ വടവാതൂർ കാണക്കാലിൽ പരേതയായ ലീലാമ്മ കുര്യാക്കോസ്. മക്കൾ ജോർജ് കുര്യാക്കോസ്, ജിജി മാത്യു (ഇരുവരും യുഎസ്), സജി കുര്യാക്കോസ്. മരുമക്കൾ: ജെസി ജോർജ് പുത്തൻകണ്ടത്തിൽ (തിരുവല്ല), റെജി മാത്യു ചിറക്കരോട്ട് കോട്ടയം (ഇരുവരും യുഎസ്), ഷൈജ തോമസ് പുവത്തുങ്കൽ (മണർകാട്).

**കോട്ടയം:** മൂലവട്ടം മുഞ്ഞനാട്ടുപുള്ളിയിലായ കൈതക്കാട്ട് പരേതനായ അച്ചൻകുഞ്ഞിന്റെ ഭാര്യ തങ്കമ്മ (83) അന്തരിച്ചു.

**ചങ്ങനാശേരി:** നാലുകോടി വെട്ടികാട് പുത്തൻപുരയ്ക്കൽ എസ്ബിഎച്ച്എസ്എസ് റിട്ട. അദ്ധ്യാപകൻ തോമസ് പോത്തന്റെ ഭാര്യ ലീലാമ്മ തോമസ് (79) അന്തരിച്ചു.

## മറിയാമ്മ ഏബ്രഹാം

**മാലം:** കല്ലക്കുളത്തായ (ഒറവയ്ക്കൽ) മുളന്താനത്ത് പരേതനായ എം.എം. ഏബ്രഹാമിന്റെ ഭാര്യ മറിയാമ്മ ഏബ്രഹാം (90) അന്തരിച്ചു. വാകത്താനം മംഗലത്ത് കുടുംബാംഗമാണ്. മക്കൾ: ദീനാമ്മ, ബാബു, ജയ്മോൾ, വർഗീസ് ഏബ്രഹാം, ഫാ. ജയിംസ് ഏബ്രഹാം (മൂവരും യുഎസ്). മരുമക്കൾ: സെൻമോൻ പാമ്പാടി കണ്ടത്തിൽ, ലിസി ചേലമറ്റം തോട്ടക്കാട്, റോയ് നെടിയഴിയത്ത് കുണ്ടറ, അനു തോണിപ്പുരക്കൽ മീനടം, ജിബി മംഗലത്ത് മണർകാട് (മൂവരും യുഎസ്).

**തിരുമൂലപുരം:** ബെംഗ്ലൂർ ഗുഡ്‌വിൽ സ്കൂൾ റിട്ട. അദ്ധ്യാപിക മട്ടക്കൽ പേട്ടയിൽ സൂസൻ ജേക്കബ് (90) അന്തരിച്ചു.

## ചിന്നമ്മ കുര്യൻ

**ഞീഴൂർ:** പെരുമാംതടത്തിൽ ചിന്നമ്മ കുര്യൻ (94) അന്തരിച്ചു. ഭർത്താവ് പരേതനായ പി.ഒ. കുര്യൻ (റിട്ട. അദ്ധ്യാപകൻ). മക്കൾ: ജോസ് കുര്യൻ (റിട്ട. പ്രധാനാദ്ധ്യാപകൻ), മോളി (യുഎസ്), സിറിൾ (റിട്ട. ആർമി യുഎസ്), മേഴ്‌സി (റിട്ട. പ്രഫ. സെ. സ്റ്റീഫൻസ് കോളജ് ഉഴവൂർ), സിസ്റ്റർ സോഫിയ (റിട്ട. പ്രധാനാദ്ധ്യാപിക), ഷാജി (റിട്ട. പ്രധാനാദ്ധ്യാപകൻ). മരുമക്കൾ: മോളി മുടുക്കാംപുറത്ത് (ഓസ്ട്രേലിയ), സൈമൺ പൂതത്തിൽ, ജെസ്സി വരിക്കമാംതൊട്ടിയിൽ (ഇരുവരും യുഎസ്), ഫിലിപ്പ് മണ്ണാത്തുമാക്കിൽ (റിട്ട. അണ്ടർ സെക്രട്ടറി പി.എസ്.സി), ബിബി വട്ടോത്തുപറമ്പിൽ.

**ചിറയിറമ്പ്:** പാലോലിൽ തുണ്ടിയിൽ ആലീസ് വർഗീസ് (86) അന്തരിച്ചു.

**ടിവിപുരം:** വേലിയാത്ത് (വെള്ളംകോട്ട്) വി.ആർ. മനോജ് (56) അന്തരിച്ചു.

## മറിയാമ്മ സക്കറിയ

**ഓച്ചിറ:** വയനകംകുറ്റിയിൽ ഷിബു മാൻഷൻ പരേതനായ കെ.എം. സക്കറിയായിടെ ഭാര്യ മറിയാമ്മ സക്കറിയ (90) ഹൈദരാബാദിൽ അന്തരിച്ചു. മക്കൾ: ഷേർളി സാംജി (യുഎസ്), പരേതനായ ഷിബു തോമസ് സക്കറിയ (ഹൈദരാബാദ്). മരുമക്കൾ: ടി.വി. സാംജി (യുഎസ്), ഷൈനി സാമുവൽ (ഹൈദരാബാദ്).

**മേമ്മുറി:** നൂറോക്കരിയിൽ (തേവരുപറമ്പിൽ) ഔസേപ്പ് ചാക്കോ (കുഞ്ഞ്-90) അന്തരിച്ചു.

## റിട്ട. മജിസ്ട്രേറ്റ് വി.ഇ. വർഗീസ്



**മാഞ്ചസ്റ്റർ:** റിട്ട ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് വി.ഇ. വർഗീസ് (77) മാഞ്ചസ്റ്ററിൽ അന്തരിച്ചു. മാഞ്ചസ്റ്ററിലുള്ള മകളെയും കുടുംബത്തെയും സന്ദർശിക്കാനെത്തിയപ്പോഴാണ് അപ്രതീക്ഷിത മരണം സംഭവിച്ചത്. ഭാര്യ: മേഴ്‌സി വർഗീസ്. മക്കൾ: സുമി, അനി, റെബേക്ക. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ട്രൈബ്യൂണൽ കമ്മിറ്റിയിലും പുനലൂരുള്ള അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് കൗൺസിൽ ഓഫീസിലും അഡ്മിനിസ്ട്രേറ്ററായി പരേതൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**കോട്ടയം:** മാങ്ങാനം മുക്കാട്ട് വാലുപറമ്പിൽ പരേതനായ രാജുവിന്റെയും കുഞ്ഞമ്മയുടെയും മകൻ വി.ആർ രാജേഷ് (സുധീർ-51) അന്തരിച്ചു.

**കുറവിലങ്ങാട്:** താഴത്തേൽ ജോമി ജോർജ് (51) അന്തരിച്ചു.

## വി.വി. ജെയിംസ്

**തായങ്കരി:** റിട്ട. എസ്ഐ (പോലീസ്) വടക്കേടത്ത് വി.വി. ജെയിംസ് (81) അന്തരിച്ചു. ഭാര്യ മുട്ടാർ പുയപ്പള്ളിൽ ലൈസാമ്മ ജെയിംസ്. മക്കൾ: ജൂലി, ജിജി (യുഎസ്), ജൂബിലി ബിനോയി, ജെൽസൺ (സൗദി). മരുമക്കൾ: ജിജി കട്ടത്തറ (യുഎസ്), ബിനോയി വല്യതറ (സൗദി), ജിഷ ജിൽസൺ (ഓസ്ട്രേലിയ), ബബിത ജിൻസൺ.

**ചെങ്ങന്നൂർ:** വിപ്രോ കൊച്ചി ഉദ്യോഗസ്ഥൻ ശങ്കരമംഗലത്ത് തെള്ളിയിൽ സുമോദ് രാജൻ ജോർജ് (45) അന്തരിച്ചു.

**പീച്ചി:** ഓർത്തഡോക്സ് സഭയിലെ മുതിർന്ന വൈദികനും ഒട്ടേറെ പള്ളികളിൽ വികാരിയുമായിരുന്ന ഫാ. ജോർജ് പുത്തേത്തുകുടി (88) അന്തരിച്ചു.

## ശോശാമ്മ വർഗീസ്

**മാങ്ങാനം:** മൈലിയാങ്കലായ കാഞ്ഞിരത്തറ കോതകേരിൽ പരേതനായ കെ.സി. വർഗീസിന്റെ ഭാര്യ ശോശാമ്മ വർഗീസ് (ചിന്നമ്മ-89) അന്തരിച്ചു. കോതല കരിമ്പിച്ചിയിൽ കുടുംബാംഗമാണ്. മക്കൾ: ചെറിയാൻ വർഗീസ് (ദുബായ്), കൊച്ചുമോൾ തോമസ്, ആനി ബെർലി (യുഎസ്). മരുമക്കൾ: മിനി ചെറിയാൻ അമ്പിയിൽ (പന്തളം), തോമസ് കുര്യൻ കുടക്കാട്ടുകടവിൽ (എടത്വ), ബെർലി ജേക്കബ് (യുഎസ്).

**കാഞ്ഞിരപ്പള്ളി:** കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസ് റിട്ട. സ്റ്റേഷൻ ഓഫീസർ പുൽക്കുന്ന് (ഇരുപത്താറാം മൈൽ)അമ്പാട്ട് എ.സി. പൊന്നപ്പൻ പിള്ള (73) അന്തരിച്ചു.

## അന്നമ്മ ജോസഫ്

**വാകത്താനം:** പൊങ്ങന്താനം കരിക്കണ്ടത്തിൽ അന്നമ്മ ജോസഫ് (88) അന്തരിച്ചു. നാലുകോടി മലയിൽകാലായിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ് മാത്യു. മക്കൾ: ലൈസ ജെയിംസ് (യുഎസ്), സിസ്റ്റർ മാഗി, എൽസി ജോളി, ആൻസി ജോസഫ്, സാജൻ ജോസഫ്. മരുമക്കൾ: ജെയിംസ് പെരുമ്പിള്ളിക്കുന്നേൽ (യുഎസ്), ജോളി തോമസ് പുതുപ്പറമ്പിൽ, ജോസഫ് ജോർജ് കളത്തിപ്പറമ്പിൽ, സുനിതആന്റണി മതിച്ചിപ്പറമ്പിൽ.

**ഇടത്തിട്ട:** പ്ലാവിളയിൽ വിളയിൽ പീടികയിൽ റിട്ട. സുബേദാർ പരേതനായ കെ.ജി. കുഞ്ഞുമോന്റെയും റിട്ട. അദ്ധ്യാപിക തങ്കമ്മയുടെയും മകൻ മൃഗസംരക്ഷണവകുപ്പ് റാന്നി ലൈവ്സ്റ്റോക് ഇൻസ്പെക്ടർ പി.കെ. ടിജുമോൻ (മനു-43) അന്തരിച്ചു.

## മോമി ജെയിംസ്

**വൈക്കം:** ആലങ്കര പരേതനായ പ്രഫ. ജെയിംസ് കെ. ആലങ്കരയുടെ ഭാര്യ മോമി ജെയിംസ് (77) ബെന്നാർഘട്ട റോഡിൽ അന്തരിച്ചു. ഇരിങ്ങാലക്കുട പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജോം, ജെയിംസ്, ഡോ. ബ്രിജിറ്റ് ജെയിംസ് (യുഎസ്). മരുമക്കൾ: ആഷ്‌ലി മാണിക്കനാംപറമ്പിൽ (കുറുപ്പന്തറ), അനീഷ് തോമസ് കൊച്ചുചിറയിൽ എറണാകുളം (യുഎസ്).

**ചങ്ങനാശേരി:** ചങ്ങനാശേരി അതിരൂപതാംഗവും എസ്.ബി. കോളജ് മലയാളവിഭാഗം മുൻ അദ്ധ്യാപകനുമായ ഫാ. തോമസ് വയലിൽ (ഫാ. സി.ടി. വയലിൽ-91) അന്തരിച്ചു.,

**കോട്ടയം:** പുല്ലരിക്കുന്ന് പരേതനായ ജോസഫ് കളത്തിലിന്റെ ഭാര്യ കോട്ടയം മെഡിക്കൽ കോളജ് ഫിസിക്കൽ എജ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് റിട്ട. മേധാവി പ്രഫ. ആലീസ് ഈപ്പൻ (80) അന്തരിച്ചു.

**കീഴൂർ:** കെഎസ്ആർടിസി റിട്ട. ഇൻസ്പെക്ടർ വള്ളോംപറമ്പിൽ വി.വി. മാത്യു (80) അന്തരിച്ചു.

## തോമസ് മാത്യു

**വാഴക്കുളം:** കദളിക്കാട് സ്രാമ്പിക്കൽ തോമസ് മാത്യു (95) അന്തരിച്ചു. ഭാര്യ പൈകമലമാക്കൽ പരേതയായ അച്ചാമ്മ. മക്കൾ: തങ്കച്ചൻ, നിർമ്മല (റിട്ട. പ്രഫ. നിർമല കോളജ് മൂവാറ്റുപുഴ), ഷാജി, ബെന്നി, സിബി (മൂവരും യുഎസ്). മരുമക്കൾ: വത്സമ്മ അറയ്ക്കക്കുടിയിൽ, ജോസ് മീനാട്ടൂർ, ജാൻസി വെട്ടിക്കാട്ട്, ഗ്രേസി തേന്മാനാൽ, നൈസി പനച്ചിക്കൽ (നാലുപേരും യുഎസ്).

**പാമ്പാടി-വെള്ളൂർ:** പാടത്തുമാപ്പിള കുടുംബാംഗമായ വെമ്പിലാമറ്റത്തിൽ വി.ടി. കുര്യാക്കോസിന്റെ ഭാര്യ അന്നമ്മ കുര്യാക്കോസ് (82) അന്തരിച്ചു.

**അതിരമ്പുഴ:** ഫെഡറൽ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ ഒരുതായപ്പള്ളി കെ.ജെ. ദേവസ്യ (കുട്ടപ്പൻ-76) അന്തരിച്ചു.

**കൊച്ചി:** കാക്കനാട്ടുകുന്നേലായ ആനിക്കുറ്റിയിൽ പരേതനായ വി.കെ. ജേക്കബിന്റെ ഭാര്യ ശോശാമ്മ ജേക്കബ് (90) അന്തരിച്ചു.

## അക്കാമ്മ വി. ചാക്കോ



**ഡാളസ്:** തിരുവല്ല നിരണം വട്ടമ്മാക്കേൽ വർഗീസ് മാത്തൻ-ഏലിയാമ്മ ദമ്പതികളുടെ മകൾ അക്കാമ്മ വർഗീസ് ചാക്കോ (79) ഡാളസിൽ അന്തരിച്ചു. നിരണം പനമ്പിറ്റേത്ത് ചാക്കോ പി. ചാക്കോയുടെ ഭാര്യയാണ്. പരേത ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ ഹെബ്രോൺ ഡാളസ് സഭാംഗമായിരുന്നു. മക്കൾ: ജൂലി ജാക്സൺ, ജെയ്മി ജോസഫ്. സഹോദരങ്ങൾ: റേച്ചൽ ശാമുവേൽ, സാറാമ്മ തോമസ്, മാത്തുക്കുട്ടി ഗീവർഗീസ്, മറിയാമ്മ ഏബ്രഹാംസൺ, റോസമ്മ പ്രസാദ്.

**കൊച്ചി:** ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകൻ കലൂർ ദേശാഭിമാനി റോഡ് അക്ഷര ലെയ്ൻ പുളിക്കൽകുടിയിൽ അഡ്വ. പി.കെ. ജോസഫ് (86) അന്തരിച്ചു.

**കോട്ടയം:** ബസേലിയോസ് കോളജ് മുൻ ജീവനക്കാരനും വേളൂർ സെന്റ് ഏലിയാസ് സിംഹാസന ചാപ്പൽ ഭരണസമിതി അംഗവുമായ പാലവേലിൽ ഷെവ. ടി.വി. തോംസൺ (സണ്ണി-72) അന്തരിച്ചു.

**ഒളശ്ശ:** ഡിപ്പാർട്ടുമെന്റ് ഓഫ് ഫോറസ്റ്റ് ആൻഡ് വൈൽഡ് ലൈഫ് റിട്ട. അഡ്മിനിസ്ട്രേറ്റീവ് അസി. കണിയാംപറമ്പിൽ കുര്യൻ കെ. ജോർജ് (82) അന്തരിച്ചു.

## പി.ടി. വർഗീസ്

**പയ്യപ്പാടി:** നാഗ്പൂർ കോൾ ഇന്ത്യ ലിമിറ്റഡ് റിട്ട. ഉദ്യോഗസ്ഥൻ കൊച്ചുമറ്റംനല്ലൂക്കുളത്തായ പുതുപ്പറമ്പിൽ പി.ടി. വർഗീസ് (തങ്കച്ചൻ-73) അന്തരിച്ചു. ഭാര്യ ചിങ്ങവനം കൊട്ടുപള്ളിൽ പരേതയായ കുഞ്ഞുമോൾ വർഗീസ്. മക്കൾ: റോബിൻ വർഗീസ് (അബുദാബി), പരേതനായ ബോബൻ വർഗീസ്. മരുമക്കൾ: ഹേമ റോബിൻ മാപ്പട്ടാത്ത് കടപ്ര (അബുദാബി), ബ്ലസി വർഗീസ് അടിമിലി (യുഎസ്).

## എം.കെ. ചാണ്ടി

**മാഞ്ഞൂർ സൗത്ത്:** മണിമല എം.കെ. ചാണ്ടി (90) അന്തരിച്ചു. ഭാര്യ പുന്നത്തുറ പറഞ്ഞാട്ട് പരേതയായ ഏലിയാമ്മ. മക്കൾ: ഏലിയാമ്മ, സിറിയക്, പരേതയായ ഷാനി, ജോസ്, ചാക്കോച്ചൻ (ഇരുവരും യുഎസ്). മരുമക്കൾ: വിൽസൺ തടത്തിൽ, സീമോൾ കുമ്പളാനിക്കൽ (കരിങ്കുന്നം), ജൂബി കുന്നത്തുംപറമ്പിൽ (ഇരവിമംഗലം), സീന ഈഴേറാത്ത് (കല്ലാർ).

**അതിരമ്പുഴ:** വ്യവസായിയും കുന്നേൽ സ്ഥാപനങ്ങളുടെ ഉടമയുമായ കുന്നേൽ കെ.എ. ചാക്കോ (77) അന്തരിച്ചു.

**തിടനാട്:** വെള്ളിയാംതടത്തിൽ പരേതനായ ജോർജിന്റെ ഭാര്യ മേരി ജോർജ് (75) അന്തരിച്ചു.

**തോട്ടയ്ക്കാട്:** താന്നിമൂട്ടിൽ പരേതനായ കുഞ്ഞൂഞ്ഞുട്ടിയുടെ ഭാര്യ മറിയാമ്മ ജോസഫ് (കുഞ്ഞുമോൾ-72) അന്തരിച്ചു.

## ആനി ജോർജ്

**നിരണം:** നിരണം സെ. മേരീസ് എച്ച്.എസ് റിട്ട. അദ്ധ്യാപിക ആനി ജോർജ് (രമണി-75) അന്തരിച്ചു. വളഞ്ഞവട്ടം മാലിയിൽ കുടുംബാംഗമാണ്. ഭർത്താവ് മലങ്കര ഓർത്തഡോക്സ് സഭ മുതിർന്ന വൈദികൻ ഫാ. ജോർജ് പനയ്ക്കാമറ്റം. മക്കൾ: ഫാ. ലാബി ജോർജ് പനയ്ക്കാമറ്റം (യുഎസ്), ദിദി ജോർജ് (ഓസ്ട്രേലിയ), ബെനി ജോർജ് (ബഹറിൻ). മരുമക്കൾ: മെറിൻ (യുഎസ്), രേണു (ഓസ്ട്രേലിയ), അഞ്ജു (ബഹറിൻ).

**കണ്ണൂർ:** പ്രശസ്ത പതോളജിസ്റ്റും സാമൂഹിക പ്രവർത്തകയുമായ പയ്യാമ്പലം ഡോ. ഡെയ്സി ഉമ്മൻ (94) അന്തരിച്ചു.

**മാങ്ങാനം:** തുണ്ടിയിലായ ചാർത്താംപറമ്പിൽ പരേതനായ പാസ്റ്റർ സി.എം. ഡാനിയലിന്റെ ഭാര്യ മാങ്ങാനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിട്ട. ഉദ്യോഗസ്ഥ സാറാമ്മ ഡാനിയൽ (79) അന്തരിച്ചു.

**പൂഞ്ഞാർ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസ് പൂഞ്ഞാർ മഠാംഗം സിസ്റ്റർ കാസ്മീർ അരയത്തിനാൽ (90) അന്തരിച്ചു.

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ shopping centres. Beautiful view of Kochi City. Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**




# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721 or**

**email drmathai123@gmail.com**

# ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

## ഉപകാരസ്മരണ



*Inserted by: Firm Believer, Boston*

## ഉപകാരസ്മരണ



*Inserted by: Firm Believer, Boston*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Florida*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Florida*

**Visit Our Website:** **www.keralaexpress.com for Classified Advt.**






# ആദിവാസി സ്ത്രീയായി സാസ്വിക

തെലുങ്കിൽ ശ്രീറാം വേണു സംവിധാനം ചെയ്ത ഒരു സർവൈവർ ആക്ഷൻ സിനിമയാണ് തമ്മുഡു. അതിൽ ഒരു ആദിവാസി സ്ത്രീയുടെ വേഷമാണു ഞാൻ ചെയ്യുന്നത്. ആന്ധ്രപ്രദേശിൽ അമ്പർഗുഡഗു എന്നൊരു സ്ഥലമുണ്ട്. അവിടെയുള്ള ഒരു ആദിവാസി സ്ത്രീയായിട്ടാണ് അഭിനയിച്ചത്. വളരെ പരമ്പരാഗത രീതിയിൽ ജീവിക്കുന്നവരാണ് അവിടുത്തുകാർ. അതുപോലെതന്നെ അവരുടെ വേഷവിധാനങ്ങളും ആഭരണങ്ങളും പരമ്പരാഗത രീതിയിലുള്ളതാണ്. അത് റഫറൻസ് ആക്കിയാണ് എനിക്ക് മേക്കോവർ നൽകിയത്. അവിടെയുള്ള ആളുകളുടെ പടമൊക്കെ എടുത്ത് അതുപോലെയുള്ള വസ്ത്രവും മേക്കോവറും എല്ലാംചെയ്ത് ആ ഒരു ലുക്കിലേക്ക് എത്തിച്ചു. കുറച്ചേറെ ലുക്ക് ടെസ്റ്റ് ചെയ്തിരുന്നു. ഞാൻ ആ സ്ഥലത്തു പോയി അത്തരം ആളുകളെ കണ്ടിരുന്നു. അവർ എങ്ങനെയാണു ചുരുട്ട് പിടിക്കുന്നത്, എങ്ങനെയാണു ചുരുട്ട് വലിക്കുന്നത് എന്നൊക്കെ കണ്ടുപഠിച്ചു. അമ്പർഗുഡഗു എന്ന സ്ഥലത്തിനടുത്തുള്ള മാരഡമല്ലി, രാമൻഡ്രി എന്നിവിടങ്ങളിലായിരുന്നു ഷൂട്ടിംഗ്. ഷൂട്ടിന് ഒരു ആഴ്ച മുന്നേതന്നെ അവിടെപ്പോയി താമസിച്ച് അവിടത്തെ ആളുകളുടെ ജീവിതരീതിയും മാനറിസവും വേഷവിധാനങ്ങളും ഒക്കെ കണ്ടു പഠിക്കാനുള്ള അവസരം ഒരുക്കിയിരുന്നു. എന്റെ കഥാപാത്രം കുറച്ച് റൗഡിത്തരം ഉള്ള വില്ലത്തിയായിരുന്നു.

# കാസർഗോഡിന്റെ പശ്ചാത്തലത്തിൽ 'വിസ്റ്റാ വില്ലേജ്'

സണ്ണി ലിയോൺ നായികയാവുന്ന ഡബ്ല്യുഎം മൂവീസിന്റെ പാൻ ഇന്ത്യൻ മൂവി വിസ്റ്റാ വില്ലേജ് നാഷണൽ അവാർഡ് ജേതാവ് പാമ്പള്ളി സംവിധാനം ചെയ്യുന്നു. ഡബ്ല്യു.എം. മൂവീസിന്റെ ബാനറിൽ എൻ.കെ. മുഹമ്മദ് നിർമിച്ച സിനിമ വയനാട് വൈത്തിരി വില്ലേജിൽ പ്രൗഢഗംഭീരമായ പൂജാ ചടങ്ങിൽ സിനിമയിലെ നായികയായ സണ്ണിലിയോണും മറ്റു നടീനടന്മാരും ടെക്നീഷ്യന്മാരും പങ്കെടുത്തു. സിനിമയുടെ നിർമാണ നിയന്ത്രണം നിർവഹിച്ചതു റിയാസ് വയനാട് ആണ്.

കാസർഗോഡിന്റെ പശ്ചാത്തലത്തിൽ പറയുന്ന ഒരു കുടുംബ ചിത്രമാണ് വിസ്റ്റാവില്ലേജ്. അനുശ്രീ, ഡോ. റോണിഡേവിഡ്, ശ്രീകാന്ത് മുരളി, അശോകൻ, മണിയൻപിള്ള രാജു, കിച്ചു ടെല്ലസ്, വൃദ്ധിവിശാൽ, രേണു സൗന്ദർ, സ്മിനു സിജോ, രമ്യ സുരേഷ്, രാജേഷ് ശർമ, വിജിലേഷ്, കോഴിക്കോട് സുധീഷ് തുടങ്ങിയ മലയാളത്തിലെ നാല്പതോളം താരങ്ങൾ അണിനിരക്കുന്ന ബഹുഭാഷാ സിനിമ സണ്ണിലിയോണിന്റെ ജീവിതത്തിലെ ഏറ്റവും വ്യത്യസ്തമായ കഥാപാത്രമായിരിക്കുമെന്ന് അണിയറക്കാർ വെളിപ്പെടുത്തി.


രണ്ട് ദേശീയ അവാർഡ് നേടിയ നിഖിൽ എസ്. പ്രവീൺ ആണ് സിനിമയുടെ ഛായാഗ്രാഹണം. ലിജോ പോൾ (എഡിറ്റർ), സതീഷ് രാമചന്ദ്രൻ (സംഗീത സംവിധാനം), റോണി റാഫേൽ (പശ്ചാത്തല സംഗീതം), റിയാസ് വയനാട് (പ്രൊഡക്ഷൻ കൺട്രോളർ), റഷീദ് അഹമ്മദ് (മേക്കപ്പ്), താഗ്യു തവനൂർ (കല), മഞ്ചുഷ രാധാകൃഷ്ണൻ (വസ്ത്രാലങ്കാരം), ബി.കെ. ഹരിനാരായണൻ, ബി.ടി. അനിൽകുമാർ, ബിനോയ് കൃഷ്ണൻ എന്നിവരാണു ഗാനരചന നടത്തിയത്.




ലെബിസൺ ഗോപി (സ്റ്റിൽസ്), പബ്ലിസിറ്റി ഡിസൈൻ (യെല്ലോ ടൂത്ത്). ഷഹബാസ് അമൻ, കപിൽകപിലൻ, ലക്ഷ്മി, ഹരിചരൺ, ചിന്മയി എന്നിവരാണ് ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്.

# 'കളങ്കാവൽ' പുത്തൻ പോസ്റ്റർ പുറത്ത്

മമ്മൂട്ടി, വിനായകൻ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി നവാഗതനായ ജിതിൻ കെ. ജോസ് സംവിധാനം നിർവഹിക്കുന്ന കളങ്കാവൽ എന്ന ത്രില്ലർ ചിത്രത്തിന്റെ പുതിയ പോസ്റ്റർ പുറത്ത്. നിഗൂഢവും വിചിത്രവുമായ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരുന്ന മമ്മൂട്ടിയെയാണ് പോസ്റ്ററിൽ കാണാൻ സാധിക്കുന്നത്. ചിത്രത്തിന്റേതായി ഇതിനുമുമ്പ് പുറത്തുവന്ന സ്റ്റിൽ വലിയ പ്രേക്ഷകശ്രദ്ധ നേടിയിരുന്നു. മമ്മൂട്ടി കമ്പനിയുടെ ബാനറിൽ നിർമിക്കുന്ന ഈ ചിത്രം വേഫറർ ഫിലിംസാണ് കേരളത്തിൽ വിതരണത്തിനെത്തിക്കുന്നത്.




ജിഷ്ണു ശ്രീകുമാറും ജിതിൻ കെ. ജോസും ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ രചിച്ചത്. ദുൽഖർ സൽമാൻ നായകനായെത്തിയ സൂപ്പർഹിറ്റ് ചിത്രം കുറുപ്പിന്റെ കഥ ഒരുക്കി ശ്രദ്ധ നേടിയ ജിതിൻ കെ. ജോസ് ആദ്യമായി സംവിധാനം ചെയ്യുന്ന ഈ ചിത്രം മമ്മൂട്ടി കമ്പനിയുടെ ബാനറിൽ നിർമിക്കുന്ന ഏഴാമത്തെ ചിത്രം കൂടിയാണ്.


എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ജോർജ് സെബാസ്റ്റ്യൻ, ഛായാഗ്രഹണം-ഫൈസൽ അലി, സംഗീതം-മുജീബ് മജീദ്, എഡിറ്റർ-പ്രവീൺ പ്രഭാകർ, ലൈൻ പ്രൊഡ്യൂസർ-സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ-അരോമ മോഹൻ, പ്രൊഡക്ഷൻ ഡിസൈനർ-ഷാജി നടുവിൽ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-ബോസ് വി, മേക്കപ്പ്-അമൽ ചന്ദ്രൻ, ജോർജ് സെബാസ്റ്റ്യൻ, വസ്ത്രാലങ്കാരം-അഭിജിത്ത് സി, സ്റ്റിൽസ്- നിദാദ്, പബ്ലിസിറ്റി ഡിസൈൻസ്-ആന്റണി സ്റ്റീഫൻ, ആഷിഫ് സലിം, ടൈറ്റിൽ ഡിസൈൻ-ആഷിഫ് സലിം, ഡിജിറ്റൽ മാർക്കറ്റിംഗ്-വിഷ്ണു സുഗതൻ, പിആർഒ-വൈശാഖ് സി. വടക്കേവീട്, ജിനു അനിൽകുമാർ, ഓവർസീസ് ഡിസ്ട്രിബ്യൂഷൻ പാർട്ണർ-ട്രൂത് ഗ്ലോബൽ ഫിലിംസ്.

# 'റൺ ബേബി റൺ' നവംബറിൽ വീണ്ടും തീയേറ്ററിലേക്ക്

നരൻ എന്ന ജനപ്രിയ ചിത്രത്തിനു ശേഷം, ജോഷി, മോഹൻലാൽ ടീമിന്റെ ഹിറ്റ് ചിത്രം റൺ ബേബി റൺ നവംബർ ഏഴിനു വീണ്ടും പ്രേക്ഷകരുടെ മുന്നിലെത്തും. ഗാലക്സി ഫിലിംസിനുവേണ്ടി മിലൻ ജലീൽ നിർമിച്ച ഈ ചിത്രം, റോഷിക എന്റർപ്രൈസസാണ് 4K ഡോൾബി അറ്റ്മോസിൽ തിയറ്ററിൽ എത്തിക്കുന്നത്.

റോയിട്ടേഴ്സ് വേണു എന്ന കഥാപാത്രമായി മികച്ച പ്രകടനമാണ് മോഹൻലാൽ നടത്തിയത്. രതീഷ് വേഗ ചിട്ടപ്പെടുത്തിയ സംഗീതത്തിൽ മോഹൻലാൽ ഈ ചിത്രത്തിനു വേണ്ടി പാടിയ, ആറ്റുമണൽപ്പായയിൽ... എന്ന ഗാനവും പ്രേക്ഷകർ ഏറ്റെടുത്തു. ചിത്രത്തിന്റെ വിജയത്തിന് ഇതൊരു ഘടകമായി മാറുകയും ചെയ്തു.

ഒരിക്കൽ പ്രണയിനികളായിരുന്ന കാമറാമാൻ വേണുവും (മോഹൻലാൽ) ന്യൂസ് എഡിറ്ററായിരുന്ന രേണുവും (അമല പോൾ) വിവാഹത്തിന്റെ വക്കിലെത്തിയപ്പോൾ തെറ്റിപ്പിരിഞ്ഞു. വർഷങ്ങൾക്കുശേഷം അവർ ഒന്നിക്കുന്നു. ഭരതൻ പിള്ള എന്ന രാഷ്ട്രീയക്കാരനും (സായികുമാർ) രാജൻ കർത്ത എന്ന വ്യവസായിയും (സിദ്ദിഖ്) അവർക്ക് കുരുക്കുകളുമായി കാത്തിരുന്നു. തുടർന്നുണ്ടാകുന്ന സംഭവ



വികാസങ്ങളിലൂടെ ചിത്രം കടന്നുപോകുന്നു.

റിഷി എന്ന കഥാപാത്രമായി ബിജുമേനോനും ശ്രദ്ധേയനായി. സച്ചിയുടെ മികച്ച തിരക്കഥ ചിത്രത്തെ ശ്രദ്ധേയമാക്കി. കാക്ക കാക്ക എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ ആർ.ഡി. ശേഖറാണ് ചിത്രത്തിന്റെ കാമറാമാൻ.

എഡിറ്റർ ശ്യാം ശശിധരൻ, മോഹൻലാൽ, അമല പോൾ, ബിജു മേനോൻ, സിദ്ദിഖ്, സായികുമാർ, വിജയരാഘവൻ, ഷമ്മി തിലകൻ തുടങ്ങിയ വൻ താരനിര ചിത്രത്തിൽ അഭിനയിക്കുന്നു.




# സത്യൻ അന്തിക്കാടിന്റെ പുതുമയുള്ള കുടുംബകഥ 'ഹൃദയപൂർവ്വം'




ഒരു പതിറ്റാണ്ടിനുശേഷം സത്യൻ അന്തിക്കാടും മോഹൻലാലും ഒരുമിക്കുന്ന ഫാമിലി ഡ്രാമ, ഹൃദയപൂർവം റിലീസിനൊരുങ്ങി. അഖിൽ സത്യന്റെ കഥ. അനൂപ് സത്യന്റെ സംവിധാന സഹകരണം. സോനു ടി.പി. എന്ന പുതുമുഖ തിരക്കഥാകൃത്ത്. അനു മൂത്തേടത്ത് എന്ന പുതിയ കാമറാമാൻ. ജസ്റ്റിൻ പ്രഭാകരൻ എന്ന പുതിയ സംഗീതസംവിധായകൻ. ചെറുപ്പക്കാരുടെ പുത്തൻ ടീമിനൊപ്പം പുനെയുടെ പശ്ചാത്തലത്തിൽ പുതുമയുള്ള ഒരു കുടുംബകഥ പറയുകയാണ് സത്യൻ അന്തിക്കാട്.

'മോഹൻലാൽ കൂടിയുള്ള വളരെ ഹൃദ്യമായ ഒരു കൂട്ടായ്മയുടെ സിനിമയാണിത്. ഷൂട്ടിംഗിനൊടുവിൽ ലാൽ എന്നോടു പറഞ്ഞത് ഈ സിനിമ കഴിഞ്ഞത് താൻ അറിഞ്ഞില്ല എന്നാണ്. എല്ലാവരും അത്രയും ആസ്വദിച്ചു ചെയ്ത സിനിമയാണിത്'- സത്യൻ അന്തിക്കാട് പറഞ്ഞു.

ഞാൻ ജീവിക്കുന്നത് ഈ സമൂഹത്തിൽ തന്നെയാണ്. കുറുക്കന്റെ കല്യാണത്തിൽ തുടങ്ങിയ ഞാനല്ലല്ലോ ഇപ്പോഴുള്ളത്. ന്യൂജെൻ സിനിമയിലെയും നവസിനിമയിലെയും മാറ്റങ്ങൾ ഞാനറിയാതെ എന്നെയും സ്വാധീനിക്കും. എന്റെ സിനിമയിലും അതു പ്രതിഫലിക്കും. നമ്മുടെ സിനിമയുടെ കാരക്ടറിൽനിന്നു നമുക്കു മാറാനാകില്ല. പക്ഷേ അതിന്റെ അവതരണത്തിൽ കുറച്ചു പുതുമയുണ്ട്. അതു സ്വാഭാവികമായി സംഭവിക്കുന്നതാണ്. ഞാൻ പറഞ്ഞിട്ടില്ലാത്ത ഒരു കഥയാണിത്.

ഇരട്ട സഹോദരന്മാരായ അഖിലും അനൂപും പ്ലസ്ടു കഴിഞ്ഞപ്പോൾ സിനിമയിൽ താത്പര്യമറിയിച്ചെങ്കിലും പഠിച്ച് ജോലി നോക്കെന്നാണു ഞാൻ പറഞ്ഞത്. പിജി കഴിഞ്ഞു രണ്ടുവർഷം കംപ്യൂട്ടർ എഞ്ചിനീയർമാരായി ജോലി ചെയ്തശേഷം സ്വതന്ത്രമായി ചിന്തിക്കാവുന്ന സമയത്താണ് അവർ സിനിമയിലേക്കു വന്നത്. അനൂപ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൽ ഫിലിം മേക്കിംഗ് പഠിക്കാൻ പോയി. അഖിൽ എന്റെകൂടെ വന്നു. നല്ല സാലറി വാങ്ങിക്കൊണ്ടിരുന്നവർ പെട്ടെന്നു സിനിമയുടെ അനിശ്ചിതത്വത്തിലേക്കാണോ പോകുന്നത് എന്നൊക്കെ എന്റെ ഭാര്യക്കു സന്ദേഹമായി. പക്ഷേ, ഇപ്പോൾ എനിക്കതു വളരെ സഹായമായി. കാരണം, എന്റെ വീട്ടിൽതന്നെ പുതുതലമുറയിലെ രണ്ടു സംവിധായകർ ഉണ്ടായിരിക്കുന്നു. അവർ കണ്ട സിനിമകൾ, അവരുടെ കാഴ്ചപ്പാടുകൾ... എന്നോടു ചർച്ചചെയ്യുന്നു. തിരിച്ച്, ഞാൻ വായിച്ച പുസ്തകങ്ങൾ, എന്റെ അനുഭവങ്ങൾ അവരുമായി പങ്കുവെക്കുന്നു. ഞാനും ശ്രീനിവാസനുമൊക്കെ സിനിമയുണ്ടാക്കിയിരുന്നത് എങ്ങനെയെന്ന് അവർക്കു മനസിലാകുന്നു. അവർ പുതുതലമുറയുടെ സിനിമകളും കഥകളും കണ്ടെത്തുന്നത് എങ്ങനെയെന്ന് എനിക്കും മനസിലാകുന്നു. പുതിയ സിനിമയ്ക്കു കഥ തേടുന്നതിനിടെ അഖിൽ പറഞ്ഞ ഒരു കഥയുടെ ത്രെഡ് എനിക്ക് ഏറെ ഇഷ്ടമായി. മോഹൻലാലിനു പറ്റുന്നതെന്നും തോന്നി, അഭിനയിപ്പിച്ചു കൊതിതീരാത്ത നടനാണു മോഹൻലാൽ. പക്വമതിയായ, അതേസമയം ഹ്യൂമറുള്ള, എന്റെ സിനിമകളിലെ മോഹൻലാലിന്റെ ചില പെരുമാറ്റങ്ങൾ ആവശ്യപ്പെടുന്ന ഒരു കഥാപാത്രം. ഞങ്ങളുടെ സംസാരത്തിലൂടെ കഥയുടെ ഫ്രെയിം രൂപപ്പെട്ടു. പക്ഷേ, അഖിലും അനൂപും അവരവരുടെ സിനിമകളുടെ തിരക്കുകളിലായി. അഖിൽ എന്ന പുതുതലമുറ ഡയറക്ടർ കണ്ടെത്തിയ പുതുതലമുറയുടെ വിഷയം പുതിയ ഒരാളുമായി സംസാരിച്ചാൽ കൂടുതൽ നന്നാകുമെന്നു തോന്നി. അങ്ങനെ സോനു ടി.പിയിലെത്തി. യുട്യൂബിൽ സോനു ചെയ്ത നെറ്റ്കോൾ എന്ന ഷോർട്ട്ഫിലിം കണ്ട് ഇഷ്ടമായി വിളിച്ച് അഭിനന്ദിച്ചതിന്റെ അടുപ്പമുണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ചിരുന്ന് ഇതിന്റെ ബാക്കി തിരക്കഥ വർക്ക് ചെയ്തു. സംഭാഷണങ്ങൾ എഴുതിയതും സോനുവാണ്.

കൊച്ചിയിലുള്ള ഒരു കഥാപാത്രം ചെന്നെത്തിപ്പെടുന്നതു പൂനയിലാണ്. കഥയുടെ പ്രധാന ഭാഗം സംഭവിക്കുന്നത് അവിടെയാണ്. അധികം മലയാള സിനിമകളിൽ പൂന വന്നിട്ടുമില്ല. പൂനയുടേതായ ഒരു കൾച്ചറുണ്ട്. അവിടത്തെ സർവകലാശാലകളും നിറയെ മരങ്ങളുമുള്ള തെരുവുകളും മറ്റും. ലിറിക്കൽ വീഡിയോയിൽ മോഹൻലാലും മാളവികയും നടന്നുവരുന്ന ഷോട്ട് ഓഷോയുടെ ആശ്രമത്തിനു മുമ്പിലുള്ള സ്ട്രീറ്റിലാണു ഷൂട്ട് ചെയ്തത്. മിലിട്ടറി നഗരം കൂടിയാണു പൂനെ. അവിടത്തെ റൈഫിൾ ക്ലബ്ബിലാണ് മാളവിക തോക്കുചൂണ്ടി നിൽക്കുന്ന സീനെടുത്തത്. നമ്മൾ കണ്ടുമടുക്കാത്ത പുതിയ സ്ഥലങ്ങളിൽ ഷൂട്ട് ചെയ്യാനായി.



പ്രേക്ഷകർക്കു സിനിമ കാണുമ്പോൾ കാമ്പുള്ള ഒരു കഥ കിട്ടണം. കഥ എത്ര സീരിയസാണെങ്കിലും നർമം കലർത്തിയാവും ഞാൻ പറയുക. വരവേല്പ്പ് വളരെ തീവ്രമായ ഒരു വിഷയമാണെങ്കിലും അവതരണം നർമത്തിലാണ്. ഇതും വളരെ ഗൗരവമുള്ള ഒരു വിഷയമാണു പറയുന്നത്. ഉള്ളിന്റെയുള്ളിൽ വളരെ വേദനാപൂർണമായ ഒരു കാമ്പുണ്ട്. പക്ഷേ, നർമത്തിന്റെ പരിവേഷത്തിലാണു കഥ പറച്ചിൽ. അതോടെ മോഹൻലാലിന്റെ കയ്യിലൊതുങ്ങുന്ന നർമവും ചമ്മലും ചിരിയുമൊക്കെ ചേർക്കാവുന്ന ഒരു കഥയായി അതു മാറി. ഒരു ഫെസ്റ്റിവൽ മൂഡ് സിനിമ. കഥാപാത്രത്തിനുവേണ്ടി ഫുൾ താടിയെടുക്കാൻ ലാൽ തയാറായെങ്കിലും കുറ്റിത്താടിയിരുന്നോട്ടെ എന്നു ഞാൻ പറഞ്ഞു.

പ്രേമലു കണ്ടിട്ടു തന്നെയാണു സംഗീതിനെ വിളിച്ചത്. മോഹൻലാൽ-ശ്രീനിവാസൻ, മോഹൻലാൽ-ജഗതി എന്നൊക്കെ പറയുംപോലെ നായകന്റെ കൂടെയുള്ള രസകരമായ ഒരു കഥാപാത്രം. ഇവരുടെ പ്രായവ്യത്യാസം ആ കോമ്പോ രസകരമാക്കി. സന്ദീപ് ബാലകൃഷ്ണൻ എന്ന മോഹൻലാലിന്റെ കഥാപാത്രവും ജെറി എന്ന സംഗീതിന്റെ കഥാപാത്രവും ആത്മസുഹൃത്തുക്കളെപ്പോലെയാണു പെരുമാറുന്നത്. ജയാനൻ വിൻസെന്റിനൊപ്പം കാമറയിൽ വർക്ക് ചെയ്ത പ്രതാപിന്റെ മകനാണു സംഗീത്. പ്രശസ്ത കാമറാമാൻ കെ.യു. മോഹനന്റെ മകളാണ് ഇതിലെ നായിക മാളവിക. കെ.യു. മോഹനൻ, പ്രതാപ് എന്നിവർക്കൊപ്പം വർക്ക് ചെയ്തിട്ടുള്ള ലാൽ അവരുടെ മക്കൾക്കൊപ്പവും ജനറേഷൻ ഗ്യാപ്പില്ലാതെ, സുഹൃത്തുക്കളെപ്പോലെ വർക്ക് ചെയ്തു.

പൂനയിൽ ജനിച്ചുവളർന്ന ഒരു പെൺകുട്ടിയാണ് ഇതിലെ നായിക. അവൾക്കു വിവിധ ഭാഷകൾ സംസാരിക്കാനാവണം. മാളവിക മലയാളവും ഹിന്ദിയും മറാഠിയും ഇംഗ്ലീഷും പറയും. ഇതൊക്കെ അനായാസം കൈകാര്യം ചെയ്യാൻ പറ്റുന്ന, നമ്മൾ അധികം കണ്ടു പരിചയമില്ലാത്ത ഒരു മുഖം.

അരവിന്ദന്റെ വാസ്തുഹാരയ്ക്കു ശേഷം മോഹൻലാൽ അഭിനയിച്ച സിങ്ക്സൗണ്ട് സിനിമയാണിത്. ജീവനുള്ള സംഭാഷണങ്ങൾ. ലൈവ് സൗണ്ടാണ്, ഡബ്ബിംഗ് അല്ല. അഭിനയിച്ചുകൊണ്ടിരിക്കുമ്പോഴുള്ള സംഭാഷണങ്ങൾ തന്നെയാണു സിനിമയിലുള്ളതും. മുക്കലും മൂളലും ശ്വാസംവിടുന്നതുമൊക്കെ കൃത്രിമമായി രണ്ടാമത് ഉണ്ടാക്കേണ്ടി വരുന്നില്ല. അനിൽ രാധാകൃഷ്ണനാണു സിങ്ക് സൗണ്ട് റെക്കോഡിസ്റ്റ്.

സിനിമ ഷൂട്ട് ചെയ്യുമ്പോഴല്ല, ഒരു കഥ ആലോചിക്കുമ്പോൾതൊട്ട് ആ മിസിംഗ് ഫീൽ ചെയ്യും. മഴവിൽക്കാവടിയോ പൊന്മുട്ടയിടുന്ന താറാവോ വരവേൽപോ നാടോടിക്കാറ്റോ ഒക്കെ ചർച്ചചെയ്തപ്പോൾ ഇത് ഇന്നസെന്റ്, ഇത് ലളിതച്ചേച്ചി, ഇത് ഒടുവിൽ ഉണ്ണികൃഷ്ണൻ, ഇത് ശങ്കരാടി എന്നിങ്ങനെ കഥാപാത്രങ്ങളുടെ മുഖം മനസിൽ തെളിഞ്ഞിരുന്നു. ഇപ്പോൾ കഥാപാത്രങ്ങളുണ്ടാകുമ്പോൾ അവരുടെ മുഖങ്ങൾ മനസിൽ തെളിയില്ല. എഴുതിക്കഴിഞ്ഞ് അവയ്ക്കു പറ്റിയ ആർട്ടിസ്റ്റുകളെ കാസ്റ്റ് ചെയ്യുകയാണ്. ഗ്രാമീണ സിനിമയല്ലാത്തതിനാൽ ഇതിൽ അതു കാര്യമായി ബാധിച്ചില്ല. മറിച്ച്, ഞാനൊരു പറമ്പിലും പാടത്തും തോട്ടുവക്കിലും കാമറ വച്ചാൽ നിശ്ചയമായും ഒടുവിലിനെയും ശങ്കരാടിയെയും ഇന്നസെന്റിനെയും മിസ് ചെയ്യും. ഇത്തവണ, ലാലു അലക്സിന്റെയും സിദ്ധിക്കിന്റെയും മുഖങ്ങൾ കഥാപാത്രങ്ങൾ ജനിച്ചപ്പോൾത്തന്നെ മനസിൽ തെളിഞ്ഞിരുന്നു.

വാസ്തവത്തിൽ രണ്ടുപേരാണു നായികമാർ. മാളവികയും സംഗീതയും. വളരെ പ്രധാന വേഷമാണു സംഗീതയുടേതും. കലർപ്പില്ലാത്ത ആർട്ടിസ്റ്റാണ്. മോഹൻലാലുമായുള്ള കോമ്പിനേഷനുകളിലൂടെ രസകരമാണു തുടക്കമെങ്കിലും വേദനനിറഞ്ഞ ഒരു കഥയിലേക്കാണ് സംഗീതയുടെ കഥാപാത്രം കടക്കുന്നത്. ഹാസ്യത്തിനു ഭംഗിയുണ്ടാകുന്നത് അടിയൊഴുക്കായി ഒരു വേദനകൂടിയുണ്ടാകുമ്പോഴാണ്. അപ്പോഴാണ് ആ സിനിമയ്ക്ക് അർത്ഥമുണ്ടാകുന്നത്. ഞാനെപ്പോഴും ആ ജോണറിലാണു സിനിമ ചെയ്യുന്നത്.

ബ്രില്യന്റായ അഭിനേതാക്കളാണ് ഞാൻ സ്ഥിരമായി കാണാറുള്ള അളിയൻസിലും മറിമായത്തിലുമുള്ളത്. അളിയൻസ് ലില്ലി സൗമ്യയെയും മറിമായം പ്യാരിജാതൻ സലിം ഹസനെയും അങ്ങനെ കണ്ടെത്തി. ഇൻസ്റ്റഗ്രാം താരങ്ങളായ ദേവരാജൻ, അമൽതാഹ, അരുൺ പ്രദീപ് തുടങ്ങിയവരെയും സിനിമയിലെടുത്തു. അങ്ങനെ കുറെ പുതുരക്തം ഇതിലുണ്ട്. എനിക്ക് ഈ സിനിമ പുതിയ ഒരനുഭവമാണ്. പുതിയ ആളുകൾക്കൊപ്പം ജോലിചെയ്യാനും അങ്ങനെ ഈ സിനിമയ്ക്കു പുതിയ മുഖം നല്കാനുമായി.

# ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ സാമ്പത്തികശക്തിയാകും

ഇൻഡോർ: ഇന്ത്യ ഉടൻ ലോകത്തെ മൂന്നാമത്തെ വലിയ സാമ്പത്തികശക്തിയാകുമെന്ന് റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു. ഏപ്രിൽ-ജൂൺ പാദത്തിൽ ഇന്ത്യയുടെ ജിഡിപി 7.8 ശതമാനമായി ഉയർന്ന പശ്ചാത്തലത്തിലാണ് പരാമർശം. ഇന്ത്യയുടെ വളർച്ചയ്ക്ക് പ്രധാനമന്ത്രി ജൻധൻ യോജന വലിയ ഉണർവ് നൽകിയതായും സഞ്ജയ് മൽഹോത്ര പറഞ്ഞു. മധ്യപ്രദേശിലെ റംഗ്വാസ ഗ്രാമത്തിൽ സർക്കാർ ബാങ്കുകളുടെ സാമ്പത്തിക ഉൾപ്പെടുത്തൽ പ്രചാരണ പരിപാടിയായ 'സന്തുഷ്ടി ശിബിർ' ഉദ്ഘാടനം ചെയ്യുകയായിരുന്നു.

# യു.എസ്. തീരുവപ്രഹരം മറികടക്കാൻ ബദൽമാർഗം ആവിഷ്കരിച്ച് കേന്ദ്രം

ന്യൂഡൽഹി: അമേരിക്കയുടെ തീരുവപ്രഹരം ഏൽപ്പിച്ചേക്കാവുന്ന ആഘാതം മറികടക്കാൻ ബദൽ മാർഗങ്ങൾതേടി കേന്ദ്രസർക്കാർ. പുതിയ കയറ്റുമതി മേഖലകൾ കണ്ടെത്തിയും പ്രാദേശിക ഉപഭോഗം വർധിപ്പിച്ചും യുഎസിന്റെ 50 ശതമാനം തീരുവപ്രഹരത്തിൽനിന്നു കരകയറാമെന്നു പ്രതീക്ഷ.

പുതിയ വ്യാപാര പങ്കാളികളെ കണ്ടെത്തി കയറ്റുമതി വർധിപ്പിക്കുകയാണ് ബദൽ മാർഗങ്ങളിൽ പ്രധാനം. ഇതിനായി നാൽപ്പതോളം രാജ്യങ്ങളെ ഇന്ത്യ സമീപിച്ചതായാണു വിവരം. യുകെ, ദക്ഷിണ കൊറിയ, ജപ്പാൻ, ഓസ്ട്രേലിയ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവ അവയിൽ ചിലതുമാത്രം.

തീരുവപ്രഹരത്തിൽത്തട്ടി യുഎസിലേക്കുള്ള കയറ്റുമതി കുറയാൻ സാധ്യതയുള്ള ഉത്പന്നങ്ങൾക്ക് പകരം വിപണി കണ്ടെത്തുകയാണ് ലക്ഷ്യം. ഇതിലൂടെ യുഎസിലേക്കുള്ള കയറ്റുമതി കുറയുന്നതിലൂടെ പ്രതീക്ഷിക്കുന്ന 48 ബില്യൺ ഡോളറിന്റെ നഷ്ടം മറികടക്കാമെന്നും കണക്കുകൂട്ടുന്നു.

വസ്ത്രവ്യാപാര, കെമിക്കൽ മേഖലകളെ ട്രംപിന്റെ പിഴച്ചുങ്കം വൻ പ്രതിസന്ധിയിലേക്കു തള്ളിവിടുമെന്ന് ആശങ്കയുണ്ട്. ഇരുനൂറിലധികം രാജ്യങ്ങളിലേക്ക് ഈ ഉത്പന്നങ്ങൾ നിലവിൽ ഇന്ത്യ കയറ്റുമതി ചെയ്യുന്നുണ്ട്. അവയിൽത്തന്നെ വസ്ത്രങ്ങളും മറ്റ് തുണിത്തരങ്ങളും ഉൾപ്പെടെ ആകെ 590 മില്യൺ ഡോളറിന്റെ ഇറക്കുമതിപങ്കാളിത്തമുള്ള 40 രാജ്യങ്ങളിൽ കൂടുതൽ ശ്രദ്ധയൂന്നാനാണ് ലക്ഷ്യം. ഉന്നതനിലവാരമുള്ളതും സുസ്ഥിരവും നൂതനവുമായ ഉത്പന്നങ്ങളുടെ വിതരണക്കാരായി ഈ രാജ്യങ്ങളിലെ വിപണികളുടെ വിശ്വാസം ആർജിക്കാനുള്ള നടപടികൾ ഊർജിതമാക്കി. ആറു ശതമാനത്തിൽത്താഴെയുള്ള രാജ്യാന്തര വിപണി വിഹിതം ആനുപാതികമായി വർധിപ്പിക്കാനുള്ള സാധ്യതയും ഇതിലൂടെ വഴിതുറക്കുമെന്നു പ്രതീക്ഷിക്കുന്നു. ഇതിനൊപ്പം ഇതരമേഖലകളിലേക്കു വിപണിവിപുലീകരണവും ആസൂത്രണം ചെയ്യുന്നുണ്ട്. ചെമ്മീൻ കൃഷി, തുകൽ ഉത്പന്നങ്ങൾ തുടങ്ങിയവയാണ് ഈ ഗണത്തിലുള്ളതെന്നാണു സൂചന.

യൂറോപ്പ്, പശ്ചിമേഷ്യൻ വിപണികൾക്കു പുറമേ ആഫ്രിക്ക, ലാറ്റിനമേരിക്ക തുടങ്ങിയ രാജ്യങ്ങളിലേക്കു കയറ്റുമതി വർധിപ്പിക്കാനുള്ള സാധ്യത കേന്ദ്രസർക്കാർ പരിശോധിക്കുന്നുണ്ട്.

# കശ്മീരിൽ വധിച്ചത് പാക് ഭീകരൻ 'ഹ്യൂമൻ ജിപിഎസ്' ബാഗു ഖാനെ

ന്യൂഡൽഹി: ജമ്മുകശ്മീരിൽ ഇന്ത്യൻ സേന വധിച്ച രണ്ട് പാക് ഭീകരരിലൊരാൾ മനുഷ്യ ജിപിഎസ് (ഹ്യൂമൻ ജിപിഎസ്) എന്നറിയപ്പെടുന്ന ബാഗു ഖാൻ ആണെന്ന് തിരിച്ചറിഞ്ഞു. 1995 മുതൽ നൂറിലധികം നുഴഞ്ഞുകയറ്റ ശ്രമങ്ങളിൽ ഉൾപ്പെട്ട ഭീകരനാണ് ബാഗു ഖാൻ.ഹിസ്ബുൾ മുജാഹിദീൻ എന്ന പാക് ഭീകരസംഘടനയുടെ കമാൻഡറായി പ്രവർത്തിച്ചിരുന്ന 'സമുന്ദർ ചാച്ച' എന്നും അറിയപ്പെട്ടിരുന്ന ബാഗു ഖാന് ഇന്ത്യയിലേക്കുള്ള എല്ലാ നുഴഞ്ഞുകയറ്റ വഴികളും അറിയാമായിരുന്നു. അതിനാലാണ് ഇയാൾ ഹ്യൂമൻ ജിപിഎസ് എന്നറിയപ്പെട്ടത്. ഹിസ്ബുൾ കമാൻഡറായിരുന്നപ്പോൾ നിയന്ത്രണ രേഖയിലൂടെയുള്ള നിരവധി നുഴഞ്ഞുകയറ്റങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ഇയാൾ എല്ലാ ഭീകരസംഘടനകളെയും സഹായിച്ചു.

പാക് അധീന കശ്മീർ ആസ്ഥാനമായി പത്ത് വർഷമായി പ്രവർത്തിച്ചിരുന്ന ഇയാളുടെ കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റ് അടക്കമുള്ള തിരിച്ചറിയൽ കാർഡ് ഇന്ത്യൻ സുരക്ഷാ ഉദ്യോഗസ്ഥർക്ക് കിട്ടി. ഇയാളോടൊപ്പം കൊല്ലപ്പെട്ട പാക്കിസ്ഥാൻ ഭീകരനായ രണ്ടാമത്തെ ഭീകരനെ ഇനിയും തിരിച്ചറിഞ്ഞിട്ടില്ല.

കഴിഞ്ഞ 23-ന് നിയന്ത്രണരേഖയിൽ ജമ്മുകശ്മീരിലെ ബന്ദിപ്പൂര ജില്ലയിലെ ഗുരേസ് സെക്ടറിൽ നുഴഞ്ഞുകയറ്റ ശ്രമത്തിനിടെയാണ് സുരക്ഷാസേന രണ്ട് ഭീകരരെയും വധിച്ചത്. മൂന്നു പതിറ്റാണ്ടോളമായി പിടിക്കപ്പെടാതെ നുഴഞ്ഞുകയറ്റം നടത്തിയിരുന്നയാളാണ് ഒടുവിൽ വെടിയേറ്റ് കൊല്ലപ്പെട്ടത്.ഗുരേസ് പ്രദേശത്തിന്റെ ദുർഘടമായ ഭൂപ്രദേശത്തെക്കുറിച്ചും രഹസ്യവഴികളെക്കുറിച്ചും സൂക്ഷ്മമായ അറിവ് ബാഗുവിനുണ്ടായിരുന്നു. ഇത് എല്ലാ ഭീകരഗ്രൂപ്പുകൾക്കും ഇയാളെ പ്രിയങ്കരനാക്കി. നുഴഞ്ഞുകയറ്റ ശ്രമത്തെക്കുറിച്ച് ജമ്മുകശ്മീർ പോലീസ് നല്കിയ രഹസ്യാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തെരച്ചിലിനിടെയായിരുന്നു ഏറ്റുമുട്ടലുണ്ടായത്. സൈന്യവും ജമ്മുകശ്മീർ പോലീസും സംയുക്തമായാണ് ഗുരേസ് മേഖലയിൽ ഓപ്പറേഷൻ നടത്തിയത്. നുഴഞ്ഞുകയറ്റക്കാരെ സൈന്യം വെല്ലുവിളിച്ചതോടെ ഭീകരർ പ്രകോപനമില്ലാതെ വെടിവെക്കുകയായിരുന്നുവെന്ന് കരസേന വ്യക്തമാക്കി. തുടർന്നുള്ള വെടിവെപ്പിൽ രണ്ട് ഭീകരരെയും നിർവീര്യരാക്കി. ജമ്മുകശ്മീരിലെ നിയന്ത്രണ രേഖയിലൂടെ നുഴഞ്ഞുകയറാൻ ശ്രമിച്ച മറ്റു രണ്ട് ഭീകരരെ കഴിഞ്ഞ 21-ന് സൈന്യം വെടിവെച്ചു കൊലപ്പെടുത്തിയിരുന്നു. രണ്ടുദിവസത്തിനു ശേഷമാണ് വീണ്ടും ഏറ്റുമുട്ടലുണ്ടായത്.

# ജോർജ് സൈമൺ അന്തരിച്ചു



ഇടയാറന്മുള: മലയാള ക്രൈസ്തവസമൂഹം എക്കാലവും ഹൃദയത്തോട് ചേർത്തു പാടുന്ന അനേകം ആത്മീയ ഗാനങ്ങൾ സംഭാവന ചെയ്ത കർത്ത്യദാസൻ കുന്നുംപുറത്ത് മഹാകവി കെ.വി. സൈമൺസാറിന്റെ കൊച്ചുമകനും അബുദാബി ബ്രദറൺ ക്രിസ്ത്യൻ അസംബ്ലി സഭയിലെ മുൻ അംഗവുമായ ജോർജ് സൈമൺ (അനിയൻകുഞ്ഞ്-82) വെല്ലൂരിൽ അന്തരിച്ചു. ഭാര്യ കല്ലിശ്ശേരി പാറയിൽ കുടുംബാംഗം അന്നമ്മ സൈമൺ (അമ്മാൾ). മക്കൾ: ഡോ. എബി സൈമൺ (സിഎംസി വെല്ലൂർ)- ഡോ. ബെറ്റി എബി, ബോബി സൈമൺ-ഷേബ ബോബി (അബുദാബി).

# വന്യജീവി ആക്രമണം: 12 ഭൂഭാഗങ്ങളായി തിരിച്ച് പരിഹാരം: മുഖ്യമന്ത്രി

കോഴിക്കോട്: വന്യജീവി ആക്രമണം നേരിടുന്ന പ്രദേശങ്ങളെ 12 ഭൂവിഭാഗങ്ങളായി വേർതിരിച്ച്, പ്രശ്ന പരിഹാരത്തിനായി ഓരോയിടത്തും വ്യത്യസ്ത പദ്ധതികൾ നടപ്പാക്കുമെന്നും വന്യജീവി-മനുഷ്യ സംഘർഷ ലഘൂകരണത്തിനുള്ള നിയമം കൊണ്ടുവരുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

400 പഞ്ചായത്തുകളിൽ വന്യജീവികളുടെ ശല്യമുണ്ട്. ഇതിൽ 273 പഞ്ചായത്തുകളിൽ സ്ഥിതി രൂക്ഷവും 30 എണ്ണത്തിൽ തീവ്രവുമാണ്.

തീവ്രയജ്ഞത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ മലയോര പഞ്ചായത്തുകളിൽ വനംവകുപ്പിന്റെ സഹായ ഡെസ്കുകൾ തുടങ്ങി പരാതികൾ പരിഹരിക്കാൻ ശ്രമിക്കും.

ജില്ലാ, സംസ്ഥാന തലങ്ങളിലും പരാതികൾ കേൾക്കും. ഇവിടെയും തീരാത്തവ കേന്ദ്രത്തിന്റെ പരിഗണനയ്ക്കു വിടും. ജലാശയങ്ങൾ നവീകരിച്ചും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും വന്യജീവികൾക്ക് വെള്ളവും ഭക്ഷണവും വനത്തിൽ ഉറപ്പാക്കും.

വനത്തിലെ അക്കേഷ്യ, യൂക്കാലി മരങ്ങൾ പൂർണമായും നശിപ്പിച്ച്, സ്വാഭാവിക ആവാസ വ്യവസ്ഥ തിരികെയെത്തിക്കും: മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി എ.കെ. ശശീന്ദ്രൻ അദ്ധ്യക്ഷനായി. സർപ്പ രണ്ടാംഘട്ട ഉദ്ഘാടനം, സർപ്പ പാഠം കൈപ്പുസ്തകത്തിന്റെ പ്രകാശനം, വനാതിർത്തിയിലെ സ്മാർട്ട് ഫെൻസിങ് പദ്ധതി പ്രഖ്യാപനം, ജനവാസ മേഖലകളിൽ കാണപ്പെടുന്ന നാടൻ കുരങ്ങുകളുടെ ശാസ്ത്രീയമായ പുനരധിവാസവും സംഖ്യാ നിയന്ത്രണവും സംബന്ധിച്ച പ്ലാൻ പുറത്തിറക്കൽ എന്നിവ മന്ത്രി നിർവഹിച്ചു.

ഇക്കോ ടൂറിസം മൊബൈൽ ആപ് പ്രകാശനം, ആറളം ശലഭ ഗ്രാമത്തിന്റെ പ്രഖ്യാപനം, ഗോത്രഭേരി രണ്ടാംഘട്ട ഉദ്ഘാടനം, അരണ്യം മാസിക പ്രകാശനം എന്നിവ മന്ത്രി ഒ.ആർ. കേളു നിർവഹിച്ചു.

# എംഎൽഎ പെൻഷന് അപേക്ഷയുമായി ജഗ്ദീപ് ധൻകർ



ന്യൂഡൽഹി: ഉപരാഷ്ട്രപതി പദത്തിൽ നിന്ന് അപ്രതീക്ഷിതമായി രാജിവെച്ച ജഗ്ദീപ് ധൻകർ, എംഎൽഎ പെൻഷന് അപേക്ഷയുമായി രംഗത്ത്. 1993 മുതൽ 1998 വരെ രാജസ്ഥാൻ നിയമസഭയിൽ കോൺഗ്രസ് അംഗമായിരുന്ന കാലയളവിലെ എംഎൽഎ പെൻഷനുവേണ്ടിയാണ് മുൻ ഉപരാഷ്ട്രപതി അപേക്ഷ സമർപ്പിച്ചത്. 2003-ൽ ബിജെപിയിലേക്കു മാറിയ ജഗ്ദീപ് ധൻകർ അജ്മീർ ജില്ലയിലെ കിഷൻഗഡിൽ നിന്നുള്ള കോൺഗ്രസ് നിയമസഭാംഗമായിരുന്നു. 2019-ൽ പശ്ചിമ ബംഗാൾ ഗവർണറായി നിയമിക്കപ്പെടുന്നതുവരെ ഇദ്ദേഹം എംഎൽഎ പെൻഷൻ വാങ്ങിയിരുന്നു. 2022 ജൂലൈ വരെ ഗവർണറായി പ്രവർത്തിച്ച ശേഷമായിരുന്നു എൻഡിഎയുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി രംഗത്തുവന്നത്. കാര്യമായ എതിർപ്പില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ധൻകർ, വെങ്കയ്യ നായിഡുവിന്റെ പിൻഗാമിയായിട്ടാണ് സ്ഥാനമേറ്റത്. എന്നാൽ, കാലാവധി പൂർത്തിയാകും മുമ്പേ കഴിഞ്ഞമാസം 21-ന് പാർലമെന്റ് സമ്മേളനകാലയളവിനിടെ രാജിവെച്ച് ഒഴിയുകയായിരുന്നു. ആരോഗ്യകാരണങ്ങളാൽ രാജിവെക്കുന്നുവെന്ന് അറിയിച്ചാണ് പദവിയൊഴിഞ്ഞത്.

രാജി സംബന്ധിച്ച് ഊഹാപോഹങ്ങൾ ഉയരുകയും പൊതുജനമധ്യത്തിൽ നിന്ന് മാറിനിൽക്കുകയും ചെയ്തത് വിവാദമായി. ഇതിനിടെയാണ് രാജസ്ഥാൻ നിയമസഭാ സെക്രട്ടറിക്ക് മുൻ എംഎൽഎ എന്ന നിലയിലുള്ള പെൻഷന് അപേക്ഷ സമർപ്പിച്ചത്. ഉപരാഷ്ട്രപതി സ്ഥാനം രാജിവെച്ചതു മുതലുള്ള കാലയളവിൽ എംഎൽഎ പെൻഷന് ഇദ്ദേഹം അർഹനായിരിക്കുമെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു.

# ഭീകരതയെ ഒറ്റക്കെട്ടായി നേരിടണം: മോദി

(ഒന്നാം പേജിൽ നിന്നും)

യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് തുറന്ന വ്യാപാര യുദ്ധം പ്രഖ്യാപിച്ചിരിക്കേ, ചൈനയുമായി സാമ്പത്തികമായി കൂടുതലടുക്കാനുള്ള വഴിതുറക്കുന്നതായിരുന്നു പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ചൈനാസന്ദർശനം. ഇരുരാജ്യത്തിനുമിടയിൽ വ്യാപാരവും നിക്ഷേപവും വർധിപ്പിക്കുന്നതിനെക്കുറിച്ച് ചൈനീസ് പ്രസിഡണ്ട് ഷി ജിൻപിങ്ങുമായി മോദി ചർച്ചനടത്തി.

ചൈനീസ് നഗരമായ ടിയാൻജിനിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന (എസ്സിഒ) ഉച്ചകോടിയുടെ ഇടവേളയിലായിരുന്നു കൂടിക്കാഴ്ച. യുഎസിന്റെ തീരുവ ആരോളവിപണിയെ ഉലയ്ക്കുന്ന സാഹചര്യത്തിൽ ലോകത്തെ രണ്ട് പ്രധാന സാമ്പത്തിക ശക്തികളെന്നനിലയിൽ ആരോഗ്യപരമായ സ്ഥിരപ്പെടുത്തുന്നതിനായി ഒരുമിച്ചുപ്രവർത്തിക്കാൻ ഇരുരാജ്യവും തീരുമാനിച്ചു.

ചൈനയുമായുള്ള ഇന്ത്യയുടെ വ്യാപാരക്കമ്മി കുറയ്ക്കുമെന്ന് കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി പറഞ്ഞു. ഭീകരവാദം, നീതിപൂർവമായ വ്യാപാരം തുടങ്ങിയ ആഗോള-പ്രാദേശിക പ്രശ്നങ്ങളെയും വെല്ലുവിളികളെയും ഒരുമിച്ച് നേരിടണമെന്ന് അദ്ദേഹം ഷിയോടാവശ്യപ്പെട്ടു. ഇരുരാജ്യത്തിനുമിടയിലെ പ്രധാന തർക്കവിഷയമായ അതിർത്തിപ്രശ്നം നീതിപൂർവവും ഇരുപക്ഷത്തിനും സ്വീകാര്യവുമാംവിധം പരിഹരിക്കാനുള്ള പ്രതിജ്ഞാബദ്ധത ഇരുനേതാക്കളും പങ്കുവെച്ചു. ശത്രുക്കളല്ല, വികസനപങ്കാളികളാണ് ഇന്ത്യയും ചൈനയുമെന്നും തങ്ങൾക്കിടയിലെ വിയോജിപ്പുകൾ സംഘർഷത്തിലേക്കെത്തിക്കാതെ നോക്കേണ്ടതുണ്ടെന്നും സംയുക്തപ്രസ്താവനയിൽ ഇരുവരും സമ്മതിച്ചു. സുഹൃത്തുക്കളായിരിക്കുക എന്നതാണ് ഇരുരാജ്യത്തെയും സംബന്ധിച്ച് ഉചിതമായ തീരുമാനമെന്ന് ഷി ജിൻപിങ്ങും പറഞ്ഞു. വിജയം ആർക്കൊപ്പമായാലും ആനയും വ്യാളിയും ഒരുമിച്ച് നൃത്തംചെയ്യണം. അമേരിക്കയുടെ വ്യാപാരഭീഷണി ലോകരാജ്യങ്ങളെ ഞെരുക്കവേ ബഹുരാഷ്ട്രവാദം ഉയർത്തിപ്പിടിക്കണമെന്നും അന്താരാഷ്ട്രബന്ധങ്ങൾ കൂടുതൽ ജനാധിപത്യപരമാക്കണമെന്നും ഷി ആവശ്യപ്പെട്ടു. പിഴച്ചുങ്കമുൾപ്പെടെ ഇന്ത്യക്കുള്ള യുഎസിന്റെ 50 ശതമാനം തീരുവ പ്രാബല്യത്തിൽവന്ന് അഞ്ചു ദിവസം പിന്നിടുമ്പോഴാണ് പ്രധാനമന്ത്രിയുടെ നിർണായക ചൈനായാത്ര. ആറുവർഷത്തിനുശേഷമാണ് മോദി ചൈനയിലെത്തുന്നത്.

2026-ൽ ഇന്ത്യയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിലേക്ക് മോദി ഷിയെ ക്ഷണിച്ചു. ഇരുരാജ്യത്തിനുമിടയിൽ നേരിട്ട് വിമാനസർവീസുകൾ പുനരാരംഭിക്കുമെന്നും പറഞ്ഞു.


# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**


FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com






Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**